മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 2 No. 49 | THE ONLINE OFFICIAL NEWS BULLETTIN | 2019 December 7

SEASON OF ANNUNCIATION | അറിയിപ്പുകാലം | ܥܕܢܐ ܕܣܘܒܪܐ

ܚܕܒܫܒܐ SUNDAY	ܬܪܝܢ ܒܫܒܐ MONDAY	ܬܠܬܐ ܒܫܒܐ TUESDAY	ܐܪܒܥܐ ܒܫܒܐ WEDNESDAY	ܚܡܫܐ ܒܫܒܐ THURSDAY	ܥܪܘܒܬܐ FRIDAY	ܫܒܬܐ SATURDAY
8 ♪6 Mawlodeh d-Yuhanon Mamdono Birth of John the Baptist 44th Mem. of H.H. Baselius Augen I (Devalokam Catholicate Chapel)	9 ♪2 7th Mem. of Mathews Mar Barnabas (Valayamchirangara)	10 ♪6 Comme. of Martyrs St. Behnam, his sister Sarah and other Martyrs & Comme of St. Philoxenos of Mabbug	11 ♪2	12 ♪6	13 ♪2 29th Mem. of Daniel Mar Philoxenos (Pathanamthitta Basil Dayara)	14 ♪6 102nd Mem. of Paulose Mar Coorilos (Panampady)



മലങ്കര സഭയുടെ കഴിഞ്ഞ കാലം സഹനത്തിന്റേതും യാതനയുടേതും: പ. കാതോലിക്കാ ബാവാ

കോട്ടയം, ഡിസംബർ 05, 2019: മലങ്കര ഓർത്തഡോക്സ് സഭയുടെ കഴിഞ്ഞ കാലം ഒരുപാട് സഹനങ്ങളുടെയും യാതനകളുടെയും കാലം കൂടി ആയിരുന്നുവെന്ന് പ. കാതോലിക്കാ ബാവാ. മലങ്കര ഓർത്തഡോക്സ് സഭയുടെ വിശ്വാസവും സ്വാതന്ത്ര്യവും സംരക്ഷിക്കുന്നതിനായി രക്തസാക്ഷിത്വം വരിച്ച മലങ്കര ഓർത്തഡോക്സ് സഭയുടെ മുൻ മാനേജിംഗ് കമ്മിറ്റി അംഗവും സഭയുടെ വടക്കൻ മേഖലയിലെ ശക്തമായ സാന്നിദ്ധ്യവുമായിരുന്ന മലങ്കര വർഗീസ് അനുസ്മരണ സമ്മേളനം കോട്ടയത്ത് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മലങ്കര വർഗീസിന്റ രക്തസാക്ഷിത്വത്തെ അനുസ്മരിച്ച കാതോലിക്കാ ബാവ, സഭയ്ക്ക് വേണ്ടി ധനവും സമയവും ആരോഗ്യവും ചിലവഴിച്ച യാളാണ് മലങ്കര വർഗീസെന്നും ഓർമിപ്പിച്ചു.

ഫാ. വർഗീസ് ലാൽ സംവിധാനം നിർവഹിച്ച 'മലങ്കര വർഗീസ്, സത്യവിശ്വാസം നെഞ്ചിലേറ്റിയ അനശ്വര രക്തസാക്ഷി' എന്ന പത്ത് മിനിറ്റ് ദൈർഘ്യമുള്ള ഡോക്യുമെന്ററിയുടെ പ്രദർശനവും സമ്മേള നത്തിൽ നടന്നു. കോട്ടയം മാർ ഏലിയ കത്തീഡ്രലിൽ നടന്ന സമ്മേള നത്തിൽ എപ്പിസ്കോപ്പൽ സുന്നഹദോസ് സെക്രട്ടറി ഡോ. യൂഹാനോൻ മാർ ദിയസ്ക്കോറോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. അസോ സിയേഷൻ സെക്രട്ടറി അഡ്വ ബിജു ഉമ്മൻ, ഫാ. മത്തായി ഇടയനാൽ, മലങ്കര വർഗീസിന്റെ മകൻ റ്റിൽസൻ വർഗീസ്, വെരി. റവ .തോമസ് പോൾ റമ്പാൻ, ഫാ. ഡോ. വർഗീസ് വർഗീസ് മീനടം, ഫാ. പി. കെ കുറിയാക്കോസ് , ഫാ. സി. ഒ ജോർജ്, ഫാ. അലക്സ് ജോൺ എന്നിവർ പ്രസംഗിച്ചു.



സഭാ തർക്കത്തിൽ മധ്യസ്ഥ ചർച്ചകളുടെ ആവശ്യമില്ല: ഓർത്തഡോക്സ് സഭ

കൊച്ചി: ഓർത്തഡോക്സ് സഭ മറ്റു സഭകളുടെ ആഭ്യന്തര കാര്യങ്ങളിൽ ഇടപെടാറില്ലെന്നു പ. കാതോലിക്കാ ബാവാ. സഭാ തർക്കത്തിൽ സുപ്രീം കോടതി വിധിക്കു മുകളിൽ മധ്യസ്ഥ ചർച്ചകളുടെ ആവശ്യമില്ല. കോടതി വിധി അംഗീകരിക്കാത്തവരോടു എന്ത് ചർച്ച ചെയ്യാനാണെന്നും അദ്ദേഹം ചോദിച്ചു. ചർച്ചകൾക്കൊന്നും പ്രസ്ക്തിയില്ലെന്നാണു തങ്ങളുടെ അനുഭവം. ചിലർ മറ്റു സഭകളെ തെറ്റിദ്ധരിപ്പിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. ഓർത്തഡോക്സ് ക്രൈസ്തവ യുവജന പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ നടന്ന സഹന സമരം ഉദ്ഘാടനം ചെയ്യുകയായിരുന്നു ബാവാ.


കോതമംഗലം മാർതോമൻ ചെറിയപള്ളി ജില്ലാ കളക്ടർ ഏറ്റെടുക്കണമെന്നു കേരള ഹൈക്കോടതി

എറണാകുളം: കോതമംഗലം മാർതോമൻ ചെറിയപള്ളി ജില്ലാ കളക്ടർ ഏറ്റെ ടുക്കണമെന്നും, ഓർത്തഡോക്സ് സഭാംഗങ്ങൾക്ക് മതിയായ പോലീസ് സംര ക്ഷണം ഉറപ്പുവരുത്തണമെന്നും .കേരള ഹൈക്കോടതി ഉത്തരാവായിരിക്കുന്നു, മലങ്കര ഓർത്തഡോക്സ് സഭക്കു വേണ്ടി അഡ്വ. എസ്. ശ്രീകുമാർ, അഡ്വ റോഷൻ ഡി അലക്സാണ്ടർ എന്നിവർ ഹാജരായി.

സർക്കാർ നിയമ വാഴ്ച ഉറപ്പാക്കണം. ഭരണഘടന വിഭാവനം ചെയ്തത് നിയമ വാഴ്ചയാണ്.. നിയമ വാഴ്ച അവസാനിക്കുന്നിടത്തു അരാജകത്വം ആരംഭിക്കുന്നു. നിസ്സഹായാവസ്ഥ പറഞ്ഞു കൊണ്ട് കോടതി ഉത്തരവ് നടപ്പാ ക്കാതെ വിലപേശൽ സർക്കാർ നടത്തരുത്.

ആരാധനാ കലണ്ടർ

അത്യുന്നതന്റെ പ്രവാചകൻ പിറക്കുന്നു; മൗനത്തിൽ നിന്നും ശബ്ദം ജനിക്കുന്നു!



ഡോ. ഗീവർഗീസ് മാർ യൂലിയോസ്

വി. യോഹന്നാൻ മാംദാനയുടെ ജനനം ക്രിസ്തുജനനത്തിലേക്ക് നമ്മെ കൂടുതൽ അടുപ്പിക്കുന്നു. കാത്തിരിപ്പും ഗർഭലോകവും കാലത്തികവിലേക്ക് കൺ തുറക്കുന്ന ദിനങ്ങൾ. നക്ഷത്രം കൂടുതൽ ശോഭയോടും കൃത്യതയോടും കിഴക്കുനിന്നും യഹൂദ്യയിലെ ബേത്‌ലഹേമിലേക്ക് സഞ്ചരിക്കുന്നു; വിദ്വാന്മാരും മാലുമികളും നൂറ്റാണ്ടുകളായി കാത്തിരുന്നവരുമെല്ലാം ആ അത്ഭുത ദർശനത്തിനായി ഏറെ ശ്രദ്ധയോടെ ഒരുങ്ങുന്നു. പ. സഭ നോമ്പോടും ഉപവാസത്തോടും കൂടെ അവനെ പരികർമ്മിക്കുവാൻ തയ്യാറെടുക്കുന്നു.

“വരുവാനുള്ളവൻ നീയോ, ഞങ്ങൾ മറ്റൊരുവനെ കാത്തിരിക്കണമൊ” എന്ന യോഹന്നാന്റെ ചോദ്യത്തിന് “കുരുടർ കാണുന്നു; മുടന്തർ നടക്കുന്നു; കുഷ്ഠരോഗികൾ ശുദ്ധരായി തീരുന്നു; ചെകിടർ കേൾക്കുന്നു; മരിച്ചവർ ഉയിർക്കുന്നു; ദരിദ്രരോടു സുവിശേഷം അറിയിക്കുന്നു” എന്ന മറുപടിയാണ് യേശു നൽകുന്നത് (വി. മത്തായി 11:11-19). നേർകാഴ്ച, നേർനടപ്പ്, ശുദ്ധി, കേൾവി, ജീവൻ,



സുവാർത്ത എന്നിവ മശിഹായുടെ ലക്ഷണങ്ങളായി പ്രവാചകശ്രേഷ്ഠർ പ്രവചിച്ചിട്ടുള്ളത് ക്രിസ്തുവിൽ സംഭവിക്കുന്നുവെന്ന് വിവക്ഷ. ക്രിസ്തു യോഹന്നാനെക്കുറിച്ചു നൽകുന്ന സാക്ഷ്യം ഏറെ ശ്രദ്ധേയമാണ്: “നിങ്ങൾ എന്തു കാണ്മാൻ മരുഭൂമിയിൽ പോയി? കാറ്റിനാൽ ഉലയുന്ന ഓടയോ, മാർദ്ദവ വസ്ത്രം ധരിച്ച രാജഗൃഹവാസിയെയോ അല്ല; മറിച്ച് ‘സത്യ’ത്തിന്റെ പ്രവാചകനെയാണ്.” കാറ്റിൽ ഉലയുന്ന ഓടയിൽ നിന്നും അർത്ഥമില്ലാത്ത അപശബ്ദങ്ങൾ ഉണ്ടാകാം. രാജ്യഗൃഹത്തിലെ മൃദുവസ്ത്രം ധരിച്ചെന്നാൽ സ്വന്തം അഭിപ്രായമില്ലാതെ അധികാരവർഗ്ഗത്തിന് മുന്നിൽ ‘റാം’ മൂളുന്ന നപുംസകമാണ്. ഇത്തരക്കാരുടെ ആധിക്യമാണ് ഇന്നത്തെ സമൂഹത്തിന്റെ ഏറ്റവും വലിയ ദുരവസ്ഥ. അവിടെയാണ് ‘ഗളരുധിരത്താൽ ദവളിമയംഗങ്ങൾക്ക്’ (കഴുത്തിലെ രക്തത്താൽ ശരീരത്തെ നിർമ്മലീകരിക്കുന്നവർ) നൽകുന്നവർ വ്യത്യസ്തരാകുന്നത്. ആദ്യ വിഭാഗം കാലത്തിന്റെ ചവറ്റുകുട്ടയിൽ എത്തുമ്പോൾ രണ്ടാം വിഭാഗത്തിന്റെ ജനനംപോലും പ. സഭ പെരുന്നാളായി ആഘോഷിക്കുന്നു! അവൻ മശിഹായ്ക്ക് വഴി ഒരുക്കുന്നവനും, പ്രവാചകന്മാരേക്കാൾ വലിയവനും സ്ത്രീകളിൽ നിന്നും ജനിച്ചവരിൽ ഏറ്റവും ഉന്നതനും ഏലിയാവിന്റെ ആത്മാവുള്ളവനുമെന്ന് ക്രിസ്തു അവനെ സാക്ഷിക്കുന്നു. കഥയില്ലാതെ ആടുകയും പാടുകയും ചെയ്യുന്ന ചന്തസ്ഥലങ്ങളിലെ കുഞ്ഞുങ്ങളാകുന്ന (‘ചന്ത പിള്ളേർ’) ഈ തലമുറയ്ക്ക് യോഹന്നാന്മാരെ മനസ്സിലാക്കുവാൻ പ്രയാസം എന്നും കർത്താവ് പറയുന്നു.

സാക്ഷാൽ സന്തതിയായ യിസ്ഹാക്കിന്റെ ജനനത്തോടെ മരുഭൂവൽകരിക്കപ്പെടുന്ന യിശ്മായേലിന്റെ അവസ്ഥയാണ് ഈ ദിവസത്തെ ആദ്യ പഴയ നിയമ ധ്യാനഭാഗം (ഉല്പ. 21:9-21). ഹാഗാർ ദാസിയായിരുന്നു; യജമാനത്തി പറഞ്ഞതെല്ലാം അനുസരിച്ചവളായിരുന്നു. എന്നിട്ടും നിറവയറോടെ മരുഭൂമിയിലേക്ക് ഓടി പോകേണ്ടി വന്നു. ദൈവനീതിക്കുവേണ്ടി പ്രാർത്ഥനാപൂർവ്വം പാർശ്വവൽക്കരിക്കപ്പെട്ടവരുടെ നിത്യപ്രതീകമാണ് ഹാഗാറും യിശ്മായേലും. ഏതാനും അപ്പകഷണങ്ങളും ഒരു തുരുത്തി വെള്ളവും വിശാലമായ ബേർ-ശേബ മരുഭൂമിയും മാത്രമാണ് മുന്നിലുള്ളത്. ഒടുവിൽ ഹാഗാറിന്റെ കണ്ണുനീർ മരുഭൂമിയിലെ വറ്റാത്ത നീരുറവയായി മാറ്റപ്പെടുന്ന ദൈവനീതി പ്രത്യക്ഷമാകുന്നു. സ്നാപകന്റെ അവസ്ഥയും മറിച്ചല്ല. അവന്റെ വരവ് അതേ മരുഭൂമിയിൽ നിന്നാണ്. ദൈവനീതിയെ പ്രസംഗിച്ചശേഷം അവൻ യഥാർത്ഥ സന്തതിയെ ലോകത്തിന് പരിചയപ്പെടുത്തി സാക്ഷിച്ചശേഷം സ്വയം ഇല്ലാതാകുന്നു; “അവനോ വളരണം; ഞാനോ കുറയണം” എന്നാണല്ലോ അവന്റെ തത്വം!

ഇസ്രായേലിന്റെ എക്കാലത്തെയും വലിയ പ്രവാചകനായ മോശയുടെ ജനനവും ഇന്ന് സ്മരിക്കപ്പെടുന്നു. രാജഗൃഹങ്ങളിലെ സുഖങ്ങളിൽ നിന്നും മരുഭൂമിയിലേക്ക് വലിച്ചെറിയപ്പെട്ട മറ്റൊരു ജീവിതമാണല്ലോ അത്. പിറവിപോലും നിഷേധിക്കപ്പെടുന്ന ഒരു രാഷ്ട്രീയ അടിമത്വത്തിൽ ജനിക്കുകയും നദിയിലേക്ക് വലിച്ചെറിയപ്പെടുകയും ഒടുവിൽ ഒരു ജനതയെ മുഴുവൻ വാഗ്ദത്തനാട്ടിലേക്ക് നയിക്കുകയും ചെയ്യുന്ന മോശ സ്നാപകന്റെ നല്ല മുൻകുറി തന്നെയാണ്.


സീയോനിൽ ദൈവനീതി പ്രസംഗിക്കപ്പെടുമെന്ന യെശയ്യാവിന്റെ പ്രവചനം (യെശയ്യാ 62) യോഹന്നാനിൽ നിറവേറുന്നു. യഹോവയുടെ കൈയിൽ അവൻ ഭംഗിയുള്ള കിരീടവും രാജകീയ മുടിയും ആയിരിക്കും; ദൈവം അവനിൽ സന്തോഷിക്കും. “കടപ്പിൻ; വാതിലുകളിൽ കൂടി കടപ്പിൻ; ജനത്തിനു വഴി ഒഴുക്കുവിൻ; നികത്തുവിൻ പെരുവഴി നികത്തുവിൻ; കല്ലുപെറുക്കി കളവിൻ; ജാതികൾക്കായിട്ടു ഒരു കൊടി ഉയർത്തുവിൻ. ഇതാ നിന്റെ രക്ഷ വന്നിരിക്കുന്നുവെന്ന്” സീയോൻ പുത്രിയോട് ഘോഷിക്കുന്നവന്റെ ശബ്ദമാണ് വി. യൂഹാനോൻ മാംദോനോ.

കള്ള പ്രവാചകന്മാരുടെ കുത്തൊഴുക്കിൽ നിന്നും സ്നേഹഗാഥ പാടുന്ന സത്യത്തിന്റെ പ്രവാചകന്മാരെ കണ്ടെത്തുവാനുള്ള മാർഗ്ഗമാണ് പൊതുവിനുള്ള ഇന്നത്തെ ലേഖനത്തിൽ വി. യോഹന്നാൻ ശ്ലീഹാ നമ്മെ ഉപദേശിക്കുന്നത്. സത്യത്തെ തിരിച്ചറിയുക എന്നത് ക്രിസ്തീയതയുടെ അടിസ്ഥാനപ്രമാണമാണ്.

നിഴലായ ന്യായപ്രമാണത്തിൽ നിന്നും പൊരുളായ ക്രിസ്തുവിലേയ്ക്കുള്ള പാതയാണ് യോഹന്നാൻ നിരപ്പാക്കുന്നത്. ഗലാത്യ ലേഖനത്തിൽ നിന്നുള്ള രണ്ടാം ലേഖനഭാഗത്ത് വി. പൗലൂസ് ശ്ലീഹാ താത്വികമായി തന്നെ ഇക്കാര്യം ഉപന്യസിക്കുന്നു. ന്യായപ്രമാണത്തിന്റെ മകളും ഉടമ്പടിയുടെ പുത്രിയുമായ ഏലിശുബാ ഹാഗാറിനെയും മരുഭൂമിയിലെ ശബ്ദമായ യോഹന്നാൻ മാംദോനോ യിശ്മായേലിനെയും കുറിക്കുന്നു. ഇവിടെ ഹാഗാറും ഏലിശുബായും ദാസിമാരും അവരുടെ മക്കൾ ദാസീപുത്രന്മാരുമാണ്. എന്നാൽ അവർ യഥാക്രമം സാറായിക്കും വി. കന്യകമറിയാമിനുമായി വഴിമാറുകയും അവരെ ഏറെ ബഹുമാനിച്ച് ആദരിക്കുകയും ചെയ്യുന്നതായി കാണുന്നു; യിസഹാക്ക് ക്രിസ്തുവിന്റെ അതിശക്തമായ മുൻകുറിയാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ഭൗമിക യെരുശലേമിന്റെ രാഷ്ട്രീയ അടിമത്വത്തിൽ നിന്നും സ്വർഗ്ഗീയ യെരുശലേമിന്റെ സ്വാതന്ത്ര്യത്തിലേക്കാണ് വാഗ്ദത്തമക്കളായ പ. സഭയെ ക്രിസ്തു നയിക്കുന്നത് എന്നും ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്.

തുടർന്നാണ് വി. യോഹന്നാൻ മാംദോനോയുടെ ജനനം തിരുവെഴുത്തിൽ നിന്നും പ. സഭ വായിച്ച് ധ്യാനിക്കുന്നത് (വി. ലൂക്കോസ് 1:57-80). ലളിതവും സുന്ദരവും ഒപ്പം ആത്മീയ ഉൽകർഷതയും നിറഞ്ഞ പ. ആത്മാവിന്റെ തൂലികയാണ് വി. ലൂക്കോസ് എന്ന് ഓർക്കണം. അതിൽനിന്നും വരുന്ന വാക്കുകൾ ❑

സത്യം വിജയിക്കും, സത്യം മാത്രമേ വിജയിക്കൂ



വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ നാമത്തിലുള്ള ഈ ദേശീയ സഭ എന്നാളും ഇവിടെ നിലനിൽക്കും. സർക്കാരുകൾ അഴിമതിയിൽ മുങ്ങിക്കുളിക്കുകയും, പോലീസും റവന്യൂ അധികാരികളും സർക്കാർ നിലപാടിന് വഴിപ്പെടുകയും ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ, ജുഡീഷ്യറിക്ക് മാത്രമേ നീതി നിർവ്വഹണം നടത്തി തരുവാൻ കഴിയുകയുള്ളൂ എന്ന ഓർമ്മപ്പെടുത്തലാണ് ഭാരതം റിപ്പബ്ലിക്ക് ആയതിന്റെ എഴുപതാം വാർഷികത്തിൽ കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളിയുടെ വിധിയിലൂടെ പ്രകടമാകുന്നത്. അമിതാഹ്ലാദത്തിനു മുതിരാതെ, ദൈവത്തെ മഹത്വപ്പെടുത്താം. യാക്കോബായ സഹോദരങ്ങൾ ഇനിയെങ്കിലും സത്യം മനസ്സിലാക്കി രാജ്യത്തെ നിയമസംഹിതകൾക്ക് വിധേയരായി പ്രവർത്തിക്കുമെന്ന് ആശിക്കാം.

– ഡോ. ഗീവർഗ്ഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്ത



ഇടമറുക് സെന്റ് ജോർജ് ഓർത്തഡോക്പള്ളിയുടെ താക്കോൽ കോടതി ഉത്തരവ് പ്രകാരം ഇടുക്കി ആർ.ഡി.ഒ. യുടെ സാന്നിധ്യത്തിൽ വികാരി ഫാ. ജോമോൻ ചെറിയാന് കൈമാറി.

ബൈബിൾ ക്വിസ്

(ആവർത്തനം 4–10)

ഫാ. റെജു എബ്രഹാം (ജ്യോതിസ് ദയറ)

1. മരുഭൂമിയിൽ രൂബേന്യർക്ക് നിശ്ചയിച്ച സ്ഥലം ഏത്? (4:43)
2. യഹോവയായ ദൈവം യിസ്രായേൽ മക്കളോടു നിയമം ചെയ്തത് എവിടെ വച്ച്? (5:2)
3. ദൈവത്തെ സ്നേഹിച്ച് കല്പനകളെ പ്രമാണിക്കുന്നവർക്ക് എത്ര തലമുറ വരെ ദയ ലഭിക്കും? (5:10)
4. 40 വർഷത്തെ മരുഭൂയാത്രയിൽ ദൈവം യിസ്രായേൽ മക്കളെ എന്തു കൊണ്ടാണ് പോഷിപ്പിച്ചത്? (8:3)
5. നിയമത്തിന്റെ കല്പനകളെ വാങ്ങുവാൻ മോശ പർവ്വതത്തിൽ എത്ര നാൾ താമസിച്ചു? (9:9)
6. ദൈവത്തിന്റെ കല്പനകൾ എഴുതിയ എത്ര കല്പലകകൾ ആണ് ദൈവം മോശയ്ക്കു നൽകിയത്? (9:10)
7. എവിടെവച്ചാണ് അഹറോൻ മരിച്ചത്? (10:6)
8. അഹറോനു പകരം പുരോഹിതനായത് ആരാണ്? (10:6)
9. യഹോവയുടെ നിയമപ്പെട്ടകം ചുമപ്പാൻ തിരഞ്ഞെടുത്ത ഗോത്രം? (10:8)
10. യിസ്രായേൽ മക്കളുടെ പിതാക്കന്മാർ എത്രപേർ ആയിരുന്നു മിസ്രേമിലേക്ക് പോയിരുന്നത്? (10:22)

ഉത്തരങ്ങൾ

1.	ബേസെർ	6.	2
2.	ഹോരേബിൽ വച്ച്	7.	മോസരയിൽ വച്ച്
3.	ആയിരം	8.	എലെയാസാർ
4.	മന്നാ	9.	ലേവി
5.	40 രാവും 40 പകലും	10.	70

കോതമംഗലം ചെറിയപള്ളി കേസിന്റെ വിധി സഭ സ്വാഗതം ചെയ്യുന്നു: പ. കാതോലിക്കാ ബാവാ

കോട്ടയം: കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളി കേസ് സംബന്ധിച്ച് ഹൈക്കോടതിയിൽ നിന്ന് ഉണ്ടായ വിധിയെ മലങ്കര ഓർത്തഡോക്സ് സഭ സ്വാഗതം ചെയ്യുന്നതായി പ. കാതോലിക്കാ ബാവാ. ഇത് സത്യത്തിന്റെയും നീതിയുടെയും വിജയമാണ്. നിയമവാഴ്ച ഇല്ലാത്തിടത്ത് അരാജകത്വം നിലനിൽക്കുമെന്ന് കോടതിയുടെ കണ്ടെത്തൽ ശ്ലാഘനീയമാണ്. നിയമവാഴ്ച ഉറപ്പാക്കുന്നതാണ് ഈ കോടതിവിധി.

കോതമംഗലം മാർത്തോമ്മൻ ചെറിയപള്ളിയിൽ നിന്നും ഇടവകാംഗങ്ങളെ ആരെയും മലങ്കര ഓർത്തഡോക്സ് സഭ പുറത്താക്കില്ല. 1934 ഭരണഘടന അംഗീകരിച്ച് നിയമാനുസൃത വികാരിയുടെ കീഴിൽ നിൽക്കാനാഗ്രഹിക്കുന്ന ഇടവകാംഗങ്ങൾക്ക് അപ്രകാരം തുടരുന്നതിനും യാതൊരു തടസവുമില്ല. ജനാധിപത്യ മൂല്യങ്ങളിൽ അധിഷ്ഠിതമായാണ് 1934 ലെ ഭരണഘടന രചിക്കപ്പെട്ടിട്ടുളളത്. അതിന്റെ അന്തഃസത്ത പൂർണ്ണമായും പാലിക്കുന്നതിന് സഭ പ്രതിജ്ഞാബദ്ധമാണ്. മൃതശരീരങ്ങൾ അടക്കം ചെയ്യുന്നതിനും ഓർത്തഡോക്സ് സഭ എതിരല്ല, സംസ്കാരം തടയുകയുമില്ല. എന്നാൽ അത് നിയമാനുസൃത വികാരിയുടെ കാർമ്മികത്വത്തിൽ മാത്രമാകണമെന്നും പ. കാതോലിക്കാ ബാവാ കൂട്ടിചേർത്തു.



Dr. Geevarghese Mar Yulios with R N Ravi, the Governor of Nagaland, and attended the retreat function of our National-flag at Naga Bhavan, Kohima.



Fr. Dr. Jossi Jacob has assumed charge as the new Principal of STOTS

Fr. Dr. Jossi Jacob has assumed charge as the new Principal of STOTS, Nagpur on Sunday the 1st of Dec 2019. In a small programme following Holy Qurbana, Fr. Dr. Bijesh Philip, former principal STOTS handed over a lighted candle to the new Principal, symbolizing the beginning of a new era in the history of STOTS. Fr. Dr. Johns Abraham Konat, the Principal of OTS, Kottayam graced the occasion. The whole seminary family greeted the new principal.

On this auspicious occasion Rev. Dn. Eldo Kuriakose, who was serving as the finance manager for this jubilee year was honoured for his service in congregating financial support from various parishes and well wishers of the seminary. The whole seminary family acknowledges the efforts of Dn. Eldo.

കാതോലിക്കേറ്റിന്റെ കാവൽഭടൻ

ഫാ. അബ്രഹാം മല്പാൻ കോനാട്ട്



യേശുക്രിസ്തുവിന്റെ പന്ത്രണ്ട് അപ്പസ്തോലന്മാരിൽ ഒരാളായ മാർത്തോമാ ശ്ലീഹായാൽ സ്ഥാപിക്കപ്പെട്ട പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയുടെ പ്രഥമ കേന്ദ്രമായിരുന്ന എഡേസ്സായിൽനിന്നു കാലചക്രഗതിയനുസരിച്ചു പിൽക്കാലത്തു പേർഷ്യാരാജ്യത്തെ സെലൂക്യാ, തെഗ്രീസ്, മൂസൽ തുടങ്ങിയ കേന്ദ്രങ്ങളിലേക്കു മാറ്റപ്പെടുകയും, 19 -ാം നൂറ്റാണ്ടിന്റെ അന്ത്യത്തോടടുത്ത് അവിടെ പിൻതുടർച്ചക്കാരില്ലാതെ അവശേഷിക്കയും ചെയ്ത പൗരസ്ത്യ കാതോലിക്കാ സിംഹാസനം, അതിന്റെ ഭരണപരിധിയിൽതന്നെ ഉൾപ്പെട്ടിരുന്ന മലങ്കരയിലേയ്ക്ക് 1912-ൽ മാറ്റിസ്ഥാപിക്കപ്പെട്ടശേഷം, ആ സിംഹാസനത്തിൽ ആരൂഢനായ നാലാമത്തെ കാതോലിക്കായാണല്ലോ ഭാഗ്യസ്മരണാർഹനായ പ. ഔഗേൻ പ്രഥമൻ ബാവാ തിരുമേനി. മലങ്കരസഭയുടെ പൂർവ്വകാലചരിത്രം വിശകലനം ചെയ്തു പരിശോധിക്കുന്നപക്ഷം, അതതു കാലത്തു മലങ്കര മെത്രാപ്പോലീത്താ എന്ന നിലയിലോ, പൗരസ്ത്യ കാതോലിക്കാ എന്ന നിലയിലോ എല്ലാം ഈ സഭയുടെ നേതൃസ്ഥാനത്തു വരുവാനിടയായിട്ടുള്ള പിതാക്കന്മാരിൽ ഓരോരുത്തർക്കും, തങ്ങളുടെ കാലത്തു ചില പ്രധാന പ്രശ്നങ്ങളെ നേരിട്ട്, ഈ സഭയെ ശരിയായ ക്രിസ്തീയ പാരമ്പര്യത്തിൽ സ്ഥിരപ്പെടുത്തുന്നതിനുള്ള ദൈവനിയോഗമുണ്ടായിരുന്നു എന്നു തോന്നാവുന്നതാണ്.

ഈ പാരമ്പര്യമനുസരിച്ച് പ. ഔഗേൻ പ്രഥമൻ ബാവായ്ക്കു നേരിടേണ്ടിവന്ന പ്രശ്നം, പൗരസ്ത്യ ഓർത്തഡോക്സ് സുറിയാനിസഭയുടെ സ്ഥാപകനും അതിന്റെ പ്രഥമ മഹാപുരോഹിതനുമായിരുന്ന മാർത്തോമാശ്ലീഹായുടെ പൗരോഹിത്യം, സിംഹാസനം, പൗരസ്ത്യ കാതോലിക്കായ്ക്കു തന്റെ ഭരണസീമയിൽ എ. ഡി. 231 -ലെ യറുശലേം സുന്നഹദോസു മുതൽ ക്രൈസ്തവലോകമാകമാനം സമ്മതിച്ചുകൊടുത്തിരുന്ന ആത്മീയവും ലൗകികവുമായ പരമാധികാരം എന്നിവയായിരുന്നു. ബാഹ്യദൃഷ്ടിയിലും സാധാരണ പെരുമാറ്റത്തിലും വളരെയധികം വിനീതനായി കാണപ്പെട്ടിരുന്ന തിരുമേനി, ദൈവനിശ്ചയപ്രകാരം തന്റെ നിയന്ത്രണത്തിൽ വന്നുചേർന്ന സഭയുടെ ക്രിസ്തീയ പാരമ്പര്യമനുസരിച്ചുള്ള സ്വാതന്ത്ര്യം ചോദ്യംചെയ്യപ്പെടുന്ന പ്രശ്നത്തെ അഭിമുഖീകരിക്കേണ്ടിവന്നപ്പോൾ ഏറ്റം പ്രബലനും നിശ്ചയദാർഢ്യമുള്ളവനുമായി കാണപ്പെടുകയാണുണ്ടായത്.

ഒരു വിധത്തിൽ പറഞ്ഞാൽ തിരുമേനിയുടെ പെരുമാറ്റത്തിലും സംസാരത്തിലുമെല്ലാം സർവ്വത്ര മുഴച്ചുനിന്നിരുന്ന അതിരുകവിഞ്ഞ വിനയസ്വഭാവമല്ലേ ഇന്നത്തെ ഈ സഭാപ്രതിസന്ധിക്കു മുൻകൈ എടുക്കുവാൻ ചില നേതാക്കന്മാർക്കു പ്രേരകമായി ഭവിച്ചതെന്നുപോലും ചിലപ്പോൾ എനിക്കു തോന്നാറുണ്ട്. ബാഹ്യമായ പ്രൗഢിയിലും ആഡംബരങ്ങളിലും നിന്നെല്ലാം കഴിയുന്നത്ര ഒഴിഞ്ഞുമാറി, തികച്ചും ലളിതമായ ജീവിതചര്യ സ്വീകരിച്ചിരുന്ന തിരുമേനി, 1962 -ൽ പൗരസ്ത്യ കാതോലിക്കാ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ട സംഭവം, ഈ സഭയിൽ തിരുമേനിയെ അടുത്തറിയാവുന്ന പലർക്കും തികച്ചും അപ്രതീക്ഷിതമായിരുന്നു. ആ കാലത്ത്, തിരുമേനിയുടെ മുൻഗാമിയായിരുന്ന പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ ഒരിക്കൽ അതിനെക്കുറിച്ചു നേരമ്പോക്കായി പറഞ്ഞ ഒരു കാര്യം ഞാൻ ഓർക്കുന്നു. "തിമോത്തിയോസ് മെത്രാച്ചൻ സർവ്വഥാ ഈ സ്ഥാനത്തിനു യോഗ്യനാണ്. എന്നാൽ അദ്ദേഹത്തിനു വിനയം കുറെ കൂടുതലായിപ്പോയി എന്നൊരു ദോഷമേ ഉള്ളു" എന്നായിരുന്നു അത്.

തിരുമേനിയിൽ വിളങ്ങിയിരുന്ന ഈ അതിവിനയം, തങ്ങളുടെ അധികാരമോഹങ്ങൾ ഈ സഭയിൽ അടിച്ചേല്പിക്കുവാൻ കാത്തിരുന്നവർക്ക് ഒരു സന്ദർഭമായി തോന്നിയിരിക്കണം. 1958 -ലെ സഭാ സമാധാനത്തിനുശേഷം അധികകാലം കഴിയുന്നതിനു മുൻപുതന്നെ, പ. ഗീവറുഗീസ് ദ്വിതീയൻ ബാവായ്ക്ക് പ. പാത്രിയർക്കീസ് ബാവാ, മാർതോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ എന്ന വിശേഷണം ഉപയോഗിക്കുക, കാതോലിക്കായെ "പരിശുദ്ധ" - His Holiness- എന്നു വിശേഷിപ്പിക്കുക, ലെറ്റർ പേപ്പറിന്റെ തലക്കെട്ട് ചുവന്ന മഷിയിൽ അച്ചടിക്കുക എന്നീ പതിവുകളെ ചോദ്യം ചെയ്തുകൊണ്ട് ഒരു കല്പന അയയ്ക്കുകയുണ്ടായ വിവരം സുപ്രസിദ്ധമാണല്ലോ. അതിന് ഉടൻതന്നെ ബാവാ തിരുമേനി തക്കതായ ഒരു മറുപടി അയയ്ക്കുകയും, അതോടുകൂടി ആ പ്രശ്നം പിന്നീട് ഉന്നയിക്കപ്പെടാതെ അവസാനിക്കുകയും ചെയ്തിരുന്നതാണ്.



ഓർമ്മ ഡിസംബർ 8-ന് ദേവലോകം അരമനയിൽ

എന്നാൽ പ. ഔഗേൻ ബാവാ തിരുമേനി സിംഹാസനാരൂഢനായപ്പോൾ തിരുമേനിയുടെ അതിവിനയം, ഈദൃശ കാര്യങ്ങളുടെ ഉപയോഗം തന്റെ മുൻഗാമി സ്വീകരിച്ചിരുന്ന പതിവിൽനിന്നു കുറെയെല്ലാം കുറവുചെയ്യാൻ തിരുമേനിയെ പ്രേരിപ്പിച്ചു. മാർത്തോമാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ എന്ന വിശേഷണം, പൗരസ്ത്യ കാതോലിക്കാ എന്ന ഔദ്യോഗികനിലയിൽ പുറപ്പെടുവിക്കുന്ന ചില പൊതുകല്പനകളിൽ മാത്രം ഉപയോഗിക്കുക എന്ന രീതി അവലംബിച്ചു. പാത്രിയർക്കീസ് ബാവായ്ക്ക് വല്ലപ്പോഴും കത്തുകളെഴുതേണ്ടിവന്നാൽ, അച്ചടിച്ച ലെറ്റർപേപ്പർ ഉപയോഗിക്കാതെ സുറിയാനിയിൽ സ്വന്തം കൈപ്പടയിൽ എഴുതും. എഴുത്തിന്റെ അടിയിൽ സ്വന്തം പേരിനോടു ചേർത്ത് "വിനീതദാസൻ" എന്നും മറ്റും എഴുതുകയും ചെയ്യും. 1964 -ൽ പാത്രിയർക്കീസ് ബാവാ ഇവിടെ സന്നിഹിതനായിരുന്ന സന്ദർഭത്തിലും, 1965 -ൽ തിരുമേനി ഡമാസ്കസും മറ്റും സന്ദർശിച്ചപ്പോഴും പാത്രിയർക്കീസ് ബാവായുടെ അടുത്തുള്ള പെരുമാറ്റത്തിൽ, തനിക്കു സ്വാഭാവികമായ ഈ അതിവിനയം കാണിച്ചിരുന്നു. ഇതെല്ലാം കണ്ടപ്പോൾ മുൻപ് ഗീവറുഗീസ് ദ്വിതീയൻ ബാവായുടെ നേരെ ഓങ്ങിയിട്ടും വിലപ്പോകാതിരുന്ന വാൾ, ഇപ്പോൾ ഫലിച്ചേക്കുമെന്നു സംശയം തോന്നിയിരിക്കണം. ഇവിടെ ചിലരുടെയെല്ലാം പ്രേരണയും അതിന്റെ പിന്നിലുണ്ടായിരിക്കാം. അങ്ങനെ രണ്ടാമതും ആ വാൾ പ്രയോഗിക്കപ്പെടുവാനിടയായി. പക്ഷേ ഇത്തവണ മുൻ ആരോപണങ്ങളെ കവിഞ്ഞ

നിലയിൽ, മാർത്തോമാശ്ലീഹായ്ക്കു പൗരോഹിത്യം പോലുമില്ലായിരുന്നു എന്ന തനി വേദവിപരീതത്തോടുകൂടിയാണ് അതു വീശി എറിഞ്ഞത്. എന്നാൽ ഇങ്ങനെ രണ്ടാം പ്രാവശ്യം ചുഴറ്റി എറിയപ്പെട്ട ആ വാൾ, ഉദ്ദേശിച്ചിടത്ത് ഉദ്ദേശിച്ച നിലയിൽ ഏറ്റില്ല എന്നു മാത്രമല്ല, അതയച്ച സ്ഥാനത്തു തിരിഞ്ഞുചെന്നു കൊള്ളുകയും ചെയ്തു. അതിരുകവിഞ്ഞ വിനീതൻ വേണ്ടസമയത്തു പാറ പോലെ ഉറച്ചു നിന്നുകൊണ്ട് ആ വാൾ തിരിയെ പായിക്കുകതന്നെ ചെയ്തു.

ഒരു ക്രിസ്ത്യാനിയുടെ സർവ്വപ്രധാന ആയുധമാകുന്ന ഉപവാസവും പ്രാർത്ഥനയും ഇത്ര നിഷ്ഠയോടുകൂടി അനുഷ്ഠിക്കുന്ന മറ്റൊരു വ്യക്തിയെ എനിക്കു കാണുവാൻ സാധിച്ചിട്ടില്ല. എല്ലാ യാമപ്രാർത്ഥനകളും മിക്കവാറും അതതു സമയത്തുതന്നെ തിരുമേനി വളരെ നിഷ്ഠയായി നടത്തുമായിരുന്നു. നോമ്പുകാലത്ത്, പ്രത്യേകിച്ച് മൂന്നു നോമ്പിലും വലിയ നോമ്പിലും, വിശുദ്ധ സഭയുടെ ശരിയായ നിയമമനുസരിച്ച്, ഒരു നേരം മാത്രമേ അദ്ദേഹം ആഹാരം കഴിച്ചിരുന്നുള്ളു. മൂന്നു മണിയാകുമ്പോൾ ഇരുപത്തിരണ്ടരയുടെ പ്രാർത്ഥന രഹസ്യമായി നടത്തിയശേഷം ചിലപ്പോൾ ഒരു പാത്രം ജീരകവെള്ളം മാത്രം കുടിക്കും. സന്ധ്യാപ്രാർത്ഥനയ്ക്കുശേഷം അല്പം പൊടിയരിക്കഞ്ഞിയും കുടിക്കും. മറ്റു നോമ്പുകളിലും മിക്കവാറും മൂന്നു മണിവരെയും, കുറഞ്ഞപക്ഷം ഉച്ചവരെയെങ്കിലും, ഉപവാസമനുഷ്ഠിക്കും. വി. സഭയിലെ പൊതുവായ അഞ്ചു നോമ്പുകൾക്കു പുറമേ പലപ്പോഴും പ്രത്യേക നോമ്പുകളും അനുഷ്ഠിക്കുമായിരുന്നു. പ്രായാധിക്യം ചെന്നു ശാരീരികമായി വളരെ അവശനാകുന്നതു വരെ ഇവയെല്ലാം വളരെ കൃത്യമായിത്തന്നെ അനുഷ്ഠിച്ചിരുന്നു. നോമ്പില്ലാത്ത കാലങ്ങളിലും തിരുമേനി വളരെ ലഘുവായ പദാർത്ഥങ്ങൾ മാത്രം, അതും വളരെ മിതമായി മാത്രം കഴിക്കുന്ന പ്രകൃതക്കാരനായിരുന്നു. ദീർഘകാലം തിരുമേനിയുടെ കൂടെ വളരെ അടുത്തു പെരുമാറിയിട്ടുള്ള എന്റെ സ്വന്ത ദൃഷ്ടിയിൽ കാണുവാൻ കഴിഞ്ഞിട്ടുള്ളവയാണിതെല്ലാം.

വായനയിലും പഠനത്തിലും, പ്രത്യേകിച്ച് വേദശാസ്ത്രപരമായ വിഷയങ്ങളുടെ പഠനത്തിൽ, തിരുമേനി അതീവതല്പരനും സ്ഥിരോത്സാഹിയുമായിരുന്നു. വളരെ തിരക്കേറിയ പ്രവർത്തനങ്ങൾക്കിടയിൽ പോലും, ലഭ്യമാകുന്ന ഇടവേളകളിൽ, വായനയിൽ മുഴുകിയിരിക്കുന്നതു കാണാം. കേവലം നാലാം ഫോറം വരെ മാത്രമേ തിരുമേനി ഇംഗ്ലീഷ് പഠിച്ചിരുന്നുള്ളു. ഇംഗ്ലീഷിൽ എഴുതുവാനും സംസാരിക്കുവാനും പ്രയാസവുമായിരുന്നു. എങ്കിലും എത്ര ആശയസംപുഷ്ടമായ ഇംഗ്ലീഷ് ഗ്രന്ഥങ്ങളും വായിച്ചു ഗ്രഹിക്കുവാനുള്ള അസാമാന്യ കഴിവുണ്ടായിരുന്നു. സുറിയാനിഭാഷയിൽ അദ്ദേഹത്തിന്റെ ജീവിതകാലത്ത്, ഈ നാട്ടിലും സിറിയാ നാട്ടിൽപോലും, ഇത്ര തികഞ്ഞ പാണ്ഡിത്യമുള്ളവർ വേറെ ഉണ്ടായിരുന്നോ എന്നു സംശയമാണ്. സുറിയാനിഭാഷ ഇത്ര വിദഗ്ദ്ധമായി കൈകാര്യം ചെയ്യുന്ന ഇതര വ്യക്തികളെക്കുറിച്ച് ആധുനികകാലത്ത് എനിക്കറിയുവാൻ കഴിഞ്ഞിട്ടില്ല. മാർ ഗ്രിഗോറിയോസ് ബാർ എബ്രായ ആദിയായ ചില പൂർവ്വപിതാക്കന്മാർ കഴിഞ്ഞാൽ, പിൻതലമുറകളിൽ എഴുന്നേറ്റിട്ടുള്ള അതിവിദഗ്ദ്ധനായ ഒരു സുറിയാനി ഭാഷാപണ്ഡിതനായിരുന്നു തിരുമേനി. ഈ നാട്ടിലും ശീമരാജ്യങ്ങളിലും തന്റെ കാലത്തു ലഭ്യമായിരുന്ന സകല സുറിയാനി വേദശാസ്ത്ര ഗ്രന്ഥങ്ങളും അദ്ദേഹം വായിച്ചു പഠിച്ചിട്ടുണ്ടായിരുന്നു. ഇതിന്റെയെല്ലാം ഫലമായി വിവിധ വിഷയങ്ങളെക്കുറിച്ച് അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളും വിവർത്തന ഗ്രന്ഥങ്ങളും ഇന്ന് സഭയ്ക്ക് ഒരു ശാശ്വത നിധിയാണ്.

പ. ബാവാ തിരുമേനിയുമായുള്ള ബന്ധം എന്റെ ശൈശവകാലം മുതൽതന്നെ ആരംഭിച്ചതാണ്. അന്ന് അദ്ദേഹം ഔഗേൻ റമ്പാനാണ്. എന്നാൽ എന്റെ കുടുംബവുമായുള്ള അദ്ദേഹത്തിന്റെ ബന്ധം അതിനും പല സംവത്സരങ്ങൾ മുൻപേ ആരംഭിച്ചതാണ്. ചെറുപ്പകാലത്തുതന്നെ അദ്ദേഹം വൈദിക വിദ്യാഭ്യാസത്തിനുവേണ്ടി ആദ്യം ശിഷ്യപ്പെട്ടത് എന്റെ വന്ദ്യപിതാവിനായിരുന്നു. വളരെ ചുരുങ്ങിയ കാലഘട്ടംകൊണ്ടു സുറിയാനിഭാഷയിലും പള്ളി ശുശ്രൂഷകളിലും സാമാന്യം നല്ല വ്യുല്പത്തി സമ്പാദിച്ചശേഷം, സുറിയാനി പഠനം തല്ക്കാലം നിറുത്തിവച്ചിട്ട് ഇംഗ്ലീഷ് പഠനത്തിനായി കോട്ടയം എം. ഡി. സെമിനാരിയിൽ ചേർന്നു. നാലാംഫോറം വരെ പഠിച്ചശേഷം അദ്ദേഹത്തിനു സുറിയാനി ഭാഷയോടും ഈ സഭാവിശ്വാസാചാരങ്ങളോടും തോന്നിയിരുന്ന അതിരുകവിഞ്ഞ ആദരവിന്റെ ഫലമായി വിശുദ്ധനാടുകൾ സന്ദർശിക്കണമെന്ന് ആഗ്രഹം തോന്നുകയും, അങ്ങനെ കേവലം ഇരുപതു വയസ്സുമാത്രം പ്രായമുള്ള മത്തായി ശെമ്മാശൻ പലസ്തീൻ നാട്ടിലേയ്ക്കു പുറപ്പെടുകയും ചെയ്തു. കേവലം വിശുദ്ധനാടു സന്ദർശനം മാത്രമായിരുന്നില്ല അദ്ദേഹത്തിന്റെ ലക്ഷ്യം. പല സംവത്സരക്കാലം ആ നാട്ടിലെ പ്രധാനപ്പെട്ട സ്ഥലങ്ങളിലും സ്ഥാപനങ്ങളിലും താമസിക്കുകയും ഇക്കാലമെല്ലാം അവിടെ ലഭ്യമായ പുരാതന വേദശാസ്ത്ര ഗ്ര



ആഡിസ് അബാബയിൽ ഓറിയന്റൽ ഓർത്തഡോക്സ് സഭാനേതാക്കളോടൊപ്പം

ന്ഥങ്ങളും മറ്റും വായിച്ചും, പണ്ഡിതന്മാരായ പല പിതാക്കന്മാർക്കു ശിഷ്യപ്പെട്ടും സുറിയാനിഭാഷയിലും വേദശാസ്ത്രത്തിലും അഗാധമായ പാണ്ഡിത്യം സമ്പാദിക്കുകയും ചെയ്തു. അന്ന് അവിടെ മാർ അബ്ദൽമശിഹാ, മാർ അബ്ദുള്ളാ എന്നീ രണ്ടുപേർ പാത്രിയർക്കാ സിംഹാസനത്തിന് അവകാശികളായിട്ടുണ്ടായിരുന്ന കാലമായിരുന്നു. ഈ രണ്ടു പാത്രിയർക്കീസുമാരുമായും തിരുമേനി പരിചയപ്പെടുകയും, ദീർഘദിവസങ്ങൾ രണ്ടുപേരുടേയും കൂടെ താമസിക്കുകയും, സ്ഥിതിഗതികളുടെ യാഥാർത്ഥ്യം യഥായോഗ്യം ആരാഞ്ഞറിഞ്ഞു വിവരങ്ങൾ മലങ്കരയിലെ പിതാക്കന്മാരെ അറിയിക്കുകയും ചെയ്തുകൊണ്ടിരുന്നു. അക്കാലത്തെ അദ്ദേഹത്തിന്റെ ചില കത്തുകൾ സുപ്രസിദ്ധങ്ങളാണ്. ഈ വിദേശവാസക്കാലത്ത് മാർ ഔഗേൻ എന്ന പരിശുദ്ധന്റെ നാമത്തിൽ തുറബ്ദീൻ പ്രദേശത്തുള്ള പുരാതന ദയറായിൽ കുറേക്കാലം താമസിച്ചിരുന്നപ്പോൾ, ആ പരിശുദ്ധനെക്കുറിച്ച് വിപുലമായ പഠനം നടത്തുകയും അങ്ങനെ ആ പരിശുദ്ധനോടു തോന്നിയ അതിയായ ഭക്തിയുടെ ഫലമായി ആ പിതാവിനെ സ്വന്തം കാവൽപിതാവായി അംഗീകരിച്ചുകൊണ്ട്, മത്തായി എന്ന സ്വന്തം പേരുപേക്ഷിച്ച് ഔഗേൻ എന്ന പേരു സ്വീകരിക്കുകയുമാണുണ്ടായത്. അവിടെവച്ചുതന്നെ ദയറാസ്ഥാനവും സ്വീകരിച്ച്, ഔഗേൻ റമ്പാനായി 1908 –ൽ നാട്ടിൽ മടങ്ങിയെത്തി.

ആരംഭത്തിൽ കുറച്ചുകാലം മാത്രമേ തിരുമേനി എന്റെ പിതാവിനു ശിഷ്യപ്പെട്ടിരുന്നുള്ളുവെങ്കിലും, ശീമയാത്ര കഴിഞ്ഞു മടങ്ങിയെത്തിയശേഷം അദ്ദേഹം എന്റെ പിതാവുമായി വളരെ അടുത്തു നിരന്തര സമ്പർക്കം പുലർത്തിക്കൊണ്ടിരുന്നു. പാമ്പാക്കുട ലൈബ്രറിയിലെ പുരാതന ഗ്രന്ഥങ്ങൾ വായിക്കുക, പല സുറിയാനി പുസ്തകങ്ങളും പകർത്തിയെഴുതുക, സുറിയാനി പുസ്തകങ്ങൾ അച്ചടിക്കുന്നതിനു തയ്യാറാക്കുന്നതിൽ സഹായിക്കുക, എന്റെ പിതാവ് അക്കാലങ്ങളിൽ ശീമ രാജ്യത്തെ പല സഭാനേതാക്കന്മാരുമായി നടത്തിക്കൊണ്ടിരുന്ന കത്തിടപാടുകളിൽ സഹായിക്കുക മുതലായ ആവശ്യങ്ങൾക്കുവേണ്ടി പലപ്പോഴും അദ്ദേഹം പാമ്പാക്കുട പള്ളിമേടയിൽ വന്നു താമസിക്കുമായിരുന്നു. അങ്ങനെ താമസിക്കുന്ന സമയങ്ങളിൽ ഞങ്ങളുടെ വീട്ടിൽ വന്നു ഭക്ഷണം കഴിക്കുകയും ഞങ്ങളുടെ ഭവനത്തിലെ ഒരംഗമെന്നപോലെ കുടുംബാംഗങ്ങളുമായി അടുത്ത സമ്പർക്കം പുലർത്തുകയും ചെയ്തുകൊണ്ടിരുന്നു. അന്ന് ഒരു ചെറിയ പയ്യനായിരുന്ന എന്നെ പലപ്പോഴും വിളിച്ചു കൂട്ടത്തിൽ കൊണ്ടു നടക്കുകയും പല നല്ല ഉപദേശങ്ങളും പറഞ്ഞുതരികയുമെല്ലാം ചെയ്തിരുന്നത് ഞാൻ ഇപ്പോഴും ഭക്തിപൂർവ്വം ഓർമ്മിക്കുന്നു. പല സന്ദർഭങ്ങളിലും തിരുമേനി വരുമ്പോൾ ചില കൗതുകവസ്തുക്കൾ കൊണ്ടുവന്ന് എനിക്കു സമ്മാനിക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ വളരെ ചെറുപ്പം മുതൽതന്നെ പിതൃനിർവ്വിശേഷമായ സ്നേഹാദരവുകൾ എനിക്ക് അദ്ദേഹത്തോട് തോന്നിയിരുന്നു.

എന്റെ പിതാവ് കോര മാത്തൻ മല്പാൻ അക്കാലത്തെ ഒരു മികച്ച സുറിയാനി ഭാഷാപണ്ഡിതനും വേദശാസ്ത്രജ്ഞനുമായിരുന്നെങ്കിലും എനിക്ക് അദ്ദേഹത്തിന്റെ കീഴിൽ കാര്യമായ വൈദിക വിദ്യാഭ്യാസം നടത്തുന്നതിനു സാധിച്ചിരുന്നില്ല. സുറിയാനിഭാഷയുടെ ചില പ്രാരംഭ പഠനങ്ങൾ മാത്രം പഠിക്കുന്ന

തിനേ സാധിച്ചിരുന്നുള്ളു. ഇംഗ്ലീഷ് വിദ്യാഭ്യാസം ചെയ്തുകൊണ്ടിരുന്ന ഞാൻ അത് പൂർത്തിയാക്കി പിതാവിന്റെ അടുക്കൽ സുറിയാനി പഠിക്കുവാൻ ആരംഭിച്ചപ്പോഴേക്ക് നിർഭാഗ്യവശാൽ അദ്ദേഹം നിര്യാതനാകുവാനാണിടയായത്. തന്റെ അന്ത്യരോഗാവസ്ഥയിൽ, തന്റെ ഐഹികജീവിതം ഏതാണ്ട് അവസാനിക്കുവാൻ പോകുന്നു എന്നും എനിക്കാവശ്യമായ വൈദിക വിദ്യാഭ്യാസം നല്കുവാൻ തന്നെക്കൊണ്ടു സാദ്ധ്യമാവുകയില്ലെന്നും തോന്നിത്തുടങ്ങിയപ്പോൾ, തന്റെ നിര്യാണത്തിന് ഏതാനും ദിവസം മുമ്പ് അദ്ദേഹം തന്റെ ശിഷ്യപ്രമുഖനായ ഈ തിരുമേനിയെ – അന്ന് അദ്ദേഹം കണ്ടനാട് ഇടവകയുടെ മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായാണ് – വിളിച്ചുവരുത്തി, എന്റെ വൈദിക വിദ്യാഭ്യാസ ചുമതല തിരുമേനിയെ ഏല്പിക്കുകയാണുണ്ടായത്. എന്നോടു കുടുംബ ചുമതലകളും മറ്റും ഉപേക്ഷിച്ചുപോലും തിരുമേനിയുടെകൂടെ പോയി താമസിച്ചു പഠിച്ചുകൊള്ളണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. അങ്ങനെയാണു ഞാൻ തിരുമേനിയുടെ ശിഷ്യനായിത്തീർന്നത്. പിതാവിന്റെ നിര്യാണാനന്തരം അല്പകാലം കഴിഞ്ഞു ഞാൻ തിരുമേനിയുടെ സന്തത സഹചാരിയായി പല കൊല്ലങ്ങൾ കൂടെ താമസിച്ചു പഠിക്കുകയാണുണ്ടായത്. അങ്ങനെ ഭദ്രാസന ഭരണസംബന്ധമായ വളരെയധികം യാത്രകളും മറ്റു ബദ്ധപ്പാടുകളുമുണ്ടായിരുന്ന തിരുമേനി, അതിനെല്ലാമിടയിൽ ദിവസവും കുറച്ചു സമയമെങ്കിലും എനിക്കുവേണ്ടി ചെലവിടുമായിരുന്നു. പലപ്പോഴും യാത്രാമദ്ധ്യേ വണ്ടിയിലും വള്ളത്തിലുമെല്ലാം വച്ചായിരിക്കും പഠിപ്പിക്കുന്നത്. അങ്ങനെ ഇന്ന് സുറിയാനി ഭാഷാ സംബന്ധമായോ വേദശാസ്ത്രപരമായോ സഭാചരിത്രപരമായോ എല്ലാം പരിമിതമായ തോതിലെങ്കിലും എനിക്കുള്ള പരിജ്ഞാനത്തിനു ഞാൻ പരിപൂർണ്ണമായും തിരുമേനിയോടു കടപ്പെട്ടവനാണെന്നുള്ള വസ്തുത, സ്നേഹനിർഭരമായ ഭക്ത്യാദരവുകളോടെ ഇത്തരുണത്തിൽ അനുസ്മരിക്കുകയാണ്.

തിരുമേനി വിശുദ്ധനാടുകളിലെ സഞ്ചാരവും പഠനവുമെല്ലാം കഴിഞ്ഞ് ഔഗേൻ റമ്പാനായി നാട്ടിൽ മടങ്ങിയെത്തി അധികകാലം കഴിയുന്നതിനു മുമ്പ് മലങ്കരസഭയിൽ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായെ പാത്രിയർക്കീസ് ബാവാ മുടക്കിയതിനെ തുടർന്നുള്ള ഭിന്നതയാരംഭിച്ചു. അവിടം മുതൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്നുകൊണ്ട് 1942 –ൽ മൂവാറ്റുപുഴ വച്ച് പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ പരസ്യമായി സ്വീകരിച്ച സമയംവരെയുള്ള തിരുമേനിയുടെ സഭാസംബന്ധമായ പ്രവർത്തനങ്ങൾ പലപ്പോഴും പൂർവ്വാപരവിരുദ്ധങ്ങളായിരുന്നു എന്നും, സഭാസംബന്ധമായ കാര്യങ്ങളിൽ ഒരു ഉറച്ച നിലപാടില്ലാത്ത ഒരു വിവാദ പുരുഷനായിരുന്നു തിരുമേനിയെന്നും പലരും ആരോപിക്കാറുണ്ട്. കേവലം ബാഹ്യദൃഷ്ടിയിൽ മാത്രം വീക്ഷിക്കുന്നവർക്ക് ഈ ആരോപണത്തിൽ കുറെയെല്ലാം കഴമ്പുള്ളതായി തോന്നാവുന്നതുമാണ്. എന്നാൽ ആരംഭകാലം മുതലുള്ള തിരുമേനിയുടെ സഭാപരമായ പ്രവർത്തനങ്ങളുടെ ഉള്ളിലേയ്ക്ക് അല്പം ചുഴിഞ്ഞിറങ്ങി പരിശോധിക്കുന്നപക്ഷം ആരംഭം മുതൽതന്നെ അവിടുന്നു മലങ്കര സുറിയാനിസഭയുടെ യഥാർത്ഥ ക്രിസ്തീയ പാരമ്പര്യങ്ങൾ യഥായോഗ്യം ഗ്രഹിച്ചു തദനുസരണമായ ഒരു നിലപാട് സ്വീകരിച്ചിരുന്നു എന്നും, ആ നിലപാടിന്റെ വിജയത്തിനുവേണ്ടി ഓരോ സന്ദർഭത്തിലും തന്റെ പ്രധാന ലക്ഷ്യത്തിൽ നിന്നു വ്യതിചലിക്കാതെ, എന്നാൽ സന്ദർഭാനുസരണം ചില നിലപാടുകൾ സ്വീകരിച്ചുകൊണ്ടിരുന്നു എന്നും ബോദ്ധ്യമാകുന്നതാണ്. ഈ വസ്തുതയുടെ യാഥാർത്ഥ്യം യഥായോഗ്യം ഗ്രഹിക്കണമെങ്കിൽ, ഏതാണ്ട് ഒരു നൂറ്റാണ്ടുകാലം മുൻപു മുതൽ ഈ സഭയിലുണ്ടായിട്ടുള്ള ചില സംഭവവികാസങ്ങളിലേക്ക് ഒന്നു തിരിഞ്ഞുനോക്കേണ്ടത് ആവശ്യമാണ്.

ഒരു നൂറ്റാണ്ടു മുൻപ്, അതായത് എ. ഡി. 1876 –ൽ, അന്നത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന പ. പത്രോസ് തൃതീയൻ ബാവാ മലങ്കരസഭ സന്ദർശിക്കുകയും, മുളന്തുരുത്തി സുന്നഹദോസ് വഴിയായും മറ്റും ഈ സഭയിൽ ചില ഭരണക്രമീകരണങ്ങൾക്കു പ്രാരംഭമിടുകയും, അന്ത്യോഖ്യാ സിംഹാസനവുമായുള്ള ഈ സഭയുടെ ബന്ധം കൂടുതൽ ബലവത്താക്കുകയും ചെയ്തശേഷം മടങ്ങുകയുമുണ്ടായി. അന്ന് പൗരസ്ത്യ കാതോലിക്കാ ഇല്ലാത്ത കാലവുമായിരുന്നു. ആ പാത്രിയർക്കീസ് 1894 –ൽ നിര്യാതനായി. തുടർന്ന് അദ്ദേഹത്തിന്റെ പിൻഗാമിയായി ഒരാളെ തിരഞ്ഞെടുത്ത് സ്ഥാനാരോഹണം ചെയ്യിച്ചത് ഏകാഭിപ്രായമായിട്ടായിരുന്നില്ല. മാർ പത്രോസ് പാത്രിയർക്കീസ് നിര്യാതനായപ്പോൾ കൈമൊഖാമായി നിയമിതനായതു മാർ കൂറിലോസ് ഗീവറുഗീസ് എന്നൊരു മെത്രാപ്പോലീത്തായായിരുന്നു. അന്നത്തെ മേല്പട്ടക്കാരിൽ അദ്ദേഹം എല്ലാ നിലയിലും പൊതുജന സമ്മതനായിരുന്നതിനാൽ, തിരഞ്ഞെടുപ്പിനുള്ള സുന്നഹദോസു കൂടിയപ്പോൾ ആദ്യമേ അദ്ദേഹത്തിന്റെ പേരാണു പാത്രിയർക്കാ സ്ഥാനത്തേയ്ക്ക് ഏകാഭിപ്രായമായി നിർദ്ദേശിക്കപ്പെട്ടത്. എന്നാൽ അദ്ദേഹം,



റമ്പാനായിരിക്കുമ്പോൾ പിതാവിനൊപ്പം.

ഈ സമുന്നത പദവിക്കു താൻ അർഹനല്ല എന്നു പറഞ്ഞ് സ്വയം പിന്മാറി. വളരെ ശക്തിപൂർവ്വം നിർബന്ധിച്ചിട്ടും അദ്ദേഹം വഴങ്ങാതിരുന്നതിനാൽ വീണ്ടും മറ്റൊരാളുടെ പേര് നിർദ്ദേശിക്കേണ്ടി വന്നു. അപ്പോൾ സ്ഥാനാർത്ഥികളായി രംഗത്തുവന്നത്, മാർ ദീവന്നാസ്യോസ് അബ്ദൽ മശിഹാ, മാർ ഗ്രിഗോറിയോസ് അബ്ദുള്ളാ, മാർ ദീവന്നാസ്യോസ് ബഹനാം എന്നീ മൂന്നു പേരായിരുന്നു. ഇവരിൽ കുറെക്കാലം മുൻ പാത്രിയർക്കീസിന്റെ സെക്രട്ടറിയായിരിക്കുകയും അദ്ദേഹത്തിന്റെ കൂടെ മലങ്കര സന്ദർശിക്കുകയും മറ്റും ചെയ്ത മാർ അബ്ദുള്ളാ സ്വാഭാവികമായും തിരഞ്ഞെടുക്കപ്പെടുമെന്നു പലരും പ്രതീക്ഷിച്ചിരുന്നെങ്കിലും, തിരഞ്ഞെടുപ്പു നടന്നപ്പോൾ, ചുരുങ്ങിയ ഭൂരിപക്ഷത്തോടുകൂടിയാണെങ്കിലും തിരഞ്ഞെടുക്കപ്പെട്ടത് മാർ അബ്ദൽ മശിഹായായിരുന്നു. മാർ അബ്ദുള്ളായ്ക്കു രണ്ടാം സ്ഥാനവും മാർ ബഹനാമിനു മൂന്നാം സ്ഥാനവുമേ ലഭിച്ചുള്ളു. അതനുസരിച്ച് മാർ അബ്ദൽ മശിഹാ പാത്രിയർക്കീസായി വാഴിക്കപ്പെട്ടു.

തുടർന്ന് സുൽത്താന്റെ അധികാരപത്രമായ ഫർമാനും അദ്ദേഹത്തിനു നല്കപ്പെട്ടു. തുർക്കി രാജ്യത്ത് അക്കാലത്തു സഭാഭരണാധികാരികൾക്ക്, സഭാഭരണസംബന്ധമായ ലൗകികാധികാരങ്ങൾ പ്രയോഗിക്കണമെങ്കിൽ ഈ ഫർമാൻ കൂടാതെ സാദ്ധ്യമല്ലായിരുന്നു. ഈ സംഭവത്തെ തുടർന്ന് പാത്രിയർക്കാ തിരഞ്ഞെടുപ്പിൽ പരാജിതനായ മാർ അബ്ദുള്ളാ മെത്രാപ്പോലീത്താ, ഈ സഭ വിട്ടു റോമൻ കത്തോലിക്കാ സഭയിൽ ചേർന്നു. ഈ സംഭവത്തിന്, അദ്ദേഹം യഥാർത്ഥത്തിൽ റോമാസഭയിൽ ചേർന്നില്ലാ എന്നും, ഏതോ കാരണങ്ങളാൽ തുർക്കി ഗവണ്മെന്റിന്റെ അപ്രീതിക്കു പാത്രമായതിനാൽ ഗവണ്മെന്റിന്റെ പീഡനത്തിൽനിന്നും രക്ഷപ്പെടുവാൻവേണ്ടി അന്നത്തെ ഫ്രഞ്ച് കോൺസലിനെ അഭയം പ്രാപിച്ച്, താൻ റോമൻ കത്തോലിക്കാ സഭാംഗമാണെന്നു ഭാവിച്ചതേയുള്ളു എന്നുമൊരു ഭാഷ്യവുമുണ്ട്. അതിന്റെയെല്ലാം യാഥാർത്ഥ്യങ്ങൾ എങ്ങനെയുമാകട്ടെ. 1905–ൽ മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ തുർക്കി ഗവണ്മെന്റ് പിൻവലിച്ചു. അധിക കാലതാമസമെന്യേ മാർ അബ്ദുള്ളാ മെത്രാപ്പോലീത്താ റോമാ സഭയിൽനിന്നു തിരിച്ചുവന്ന് ഒരു സിറിയൻ ഓർത്തഡോക്സ് പള്ളിയിൽ പരസ്യമായി വി. കുർബാന അർപ്പിച്ചു. മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിന്റെ ഫർമാൻ റദ്ദാക്കിയതുമൂലം അദ്ദേഹത്തിന്റെ ഗവണ്മെന്റംഗീകാരം നഷ്ടപ്പെട്ടതിനാൽ, പൂർണ്ണമായ ഗവണ്മെന്റംഗീകാരത്തോടുകൂടി, സഭാഭരണസംബന്ധമായ ലൗകികാധികാരങ്ങൾകൂടി പ്രയോഗിക്കത്തക്കനിലയിൽ ഒരാൾ ആവശ്യമായതിനാൽ, വീണ്ടും പാത്രിയർക്കാ തിരഞ്ഞെടുപ്പ് നടത്തുവാൻ നിശ്ചയിച്ചു. അതിനുവേണ്ടി സുന്നഹദോസ്കൂടി. ആ സുന്നഹദോസിൽ മാർ അബ്ദുള്ളാ മെത്രാപ്പോലീത്താ ഏകാഭിപ്രായമായി തിരഞ്ഞെടുക്കപ്പെട്ടു. ഉടനെതന്നെ അദ്ദേഹം പാത്രിയർക്കീസായി വാഴിക്കപ്പെടുകയും ചെയ്തു. തുർക്കി ഗവണ്മെന്റിൽനിന്നുള്ള ഫർമാനും നല്കപ്പെട്ടു. ഈ വസ്തുതകൾ ആ കാലത്ത് മലങ്കരസഭയുടെ നാവായി പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന "മലങ്കര ഇടവകപത്രിക" എന്ന മാസികയുടെ ആ കാലത്തെ ലക്കങ്ങളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്.

അങ്ങനെ പാത്രിയർക്കാ സിംഹാസനത്തിനവകാശികളായി ഒരേ സമയത്തു രണ്ടു പേരുണ്ടായി. മാർ അബ്ദൽ മശിഹാ ലൗകികാധികാരങ്ങൾ നഷ്ടപ്പെട്ട പാത്രിയർക്കീസെന്ന നിലയിലും, മാർ അബ്ദുള്ള ഗവണ്മെന്റംഗീകാരത്തോടു കൂടി ലൗകികാധികാരങ്ങൾ കൂടി നടത്തുവാൻ അധികാരമുള്ള പാത്രിയർക്കീസെന്ന നിലയിലും കഴിഞ്ഞുവന്നു. എന്നാൽ മലങ്കരസഭ ധരിച്ചത്, അഥവാ മലങ്കരസഭയെ ധരിപ്പിച്ചത്, മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിനെ മദ്യപാനം, സഭാനിയമങ്ങൾക്കെതിരായ ദുർഭരണം മുതലായ കാരണങ്ങളാൽ നിയമാനുസരണം സുന്നഹദോസ് കൂടി മുടക്കി സ്ഥാനഭ്രഷ്ടനാക്കുകയും അതനുസരിച്ച് തുർക്കി ഗവണ്മെന്റ് ഫർമാൻ പിൻവലിക്കുകയും, വീണ്ടും സുന്നഹദോസ് കൂടി മാർ അബ്ദുള്ളായെ തിരഞ്ഞെടുത്തു വാഴിക്കുകയുമാണുണ്ടായതെന്നും, തന്മൂലം ശരിയായ സ്ഥാനസാധുത്വമുള്ള ഏക പാത്രിയർക്കീസ് അബ്ദുള്ള മാത്രമാണെന്നും മറ്റുമായിരുന്നു. ഏതായാലും മലങ്കരസഭ ആ കാലത്ത് ശരിയായ അന്ത്യോഖ്യാ പാത്രിയർക്കീസായി അംഗീകരിച്ചത് മാർ അബ്ദുള്ളായെയായിരുന്നു. അദ്ദേഹത്തിൽ നിന്നാണല്ലോ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് തിരുമേനിയും കൊച്ചുപറമ്പിൽ മാർ കൂറിലോസ് തിരുമേനിയും സ്ഥാനമേറ്റതും മറ്റും. അധിക കാലതാമസം കൂടാതെ അദ്ദേഹം മലങ്കര സന്ദർശിക്കുകയും, യഥാർത്ഥ പാത്രിയർക്കീസായി ഈ സഭ അദ്ദേഹത്തെ സ്വീകരിച്ചു ബഹുമാനിക്കുകയും ചെയ്തു. കാലതാമസമെന്യേ അദ്ദേഹം വട്ടശ്ശേരിൽ തിരുമേനിയെ മുടക്കി. തുടർന്ന് ഈ സഭയിൽ ഭിന്നതയുമായി.

ഇതിനുപരി അനുസ്മരിച്ചിരിക്കുന്ന പ്രകാരം പ. ഔഗേൻ ബാവാ ശെമ്മാശ്ശനായി ശീമരാജ്യങ്ങൾ സന്ദർശിച്ചതു മേൽപറഞ്ഞ രണ്ടു പാത്രിയർക്കീസന്മാരും അവിടെ ജീവിച്ചിരുന്ന കാലഘട്ടത്തിലായിരുന്നു. അക്കാലത്ത് അദ്ദേഹത്തിന്റെ ആ പ്രദേശങ്ങളിലെ വിപുലമായ സഞ്ചാരവും അന്വേഷണങ്ങളും പഠനവും, ഈ രണ്ടു പാത്രിയർക്കീസന്മാരുമായി നേരിട്ടു പുലർത്തുവാനിടയായ സമ്പർക്കവും മറ്റും വഴിയായി, മാർ അബ്ദൽ മ്ശിഹാ പാത്രിയർക്കീസിനെ സുന്നഹദോസു കൂടി സ്ഥാനഭ്രംശം ചെയ്തു എന്ന ആരോപണം അടിസ്ഥാനരഹിതമാണെന്നും, അദ്ദേഹം ചില കാരണങ്ങളാൽ തുർക്കി ഗവണ്മെന്റിന്റെ അപ്രീതിക്കു പാത്രമായിത്തീർന്നതിനാൽ കേവലം ഫർമാൻ പിൻവലിക്കുക മാത്രമേ ഉണ്ടായിട്ടുള്ളു എന്നും മനസ്സിലാക്കുവാനിടയായി. അദ്ദേഹത്തെ അപ്പോഴും ആത്മീയനിലയിൽ പാത്രിയർക്കീസായി ആ പ്രദേശങ്ങളിൽ എല്ലാവരും പരിഗണിച്ച് ആദരിച്ചിരുന്നു. ആത്മീയമായി പാത്രിയർക്കീസിനടുത്ത പല കാര്യങ്ങളും അദ്ദേഹം നിർവ്വഹിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഈദൃശ വസ്തുതകളെല്ലാം മനസ്സിലാക്കിയ തിരുമേനി, മാർ അബ്ദൽ മശിഹാ ബാവായെ ശരിയായ സ്ഥാന സാധുത്വമുള്ള പാത്രിയർക്കീസായി അക്കാലം മുതൽതന്നെ ആദരിച്ചിരുന്നു. കാനോനികമായും സഭാപാരമ്പര്യമനുസരിച്ചും പൗരസ്ത്യ കാതോലിക്കായുടെ ഭരണപരിധിയിലുൾപ്പെടുന്ന മലങ്കരസഭ, അക്കാലത്തു പേർഷ്യാ രാജ്യത്തു നിലവിലില്ലാതെ അവശേഷിച്ചിരുന്ന കാതോലിക്കാ സിംഹാസനം മലങ്കരയിലേക്കു മാറ്റി സ്ഥാപിച്ചാൽ കൊള്ളാമെന്ന് ആഗ്രഹിച്ചുകൊണ്ടിരുന്ന കാലവുമായിരുന്നു. ഈ വിഷയവും തിരുമേനി രണ്ടു പാത്രിയർക്കീസന്മാരുമായി ചർച്ച ചെയ്തു. മലങ്കരയിലേയ്ക്കു ചില കത്തുകൾ തത്സംബന്ധമായി അയച്ചിരുന്ന കാര്യം പലർക്കും അറിയാവുന്ന വസ്തുതയാണ്. മാർ അബ്ദൽ മശിഹാ പാത്രിയർക്കീസ് മലങ്കരയിലേയ്ക്കു കാതോലിക്കാ സിംഹാസനം മാറ്റി സ്ഥാപിക്കുന്ന വിഷയത്തിൽ അനുകൂലിയും, എന്നാൽ മാർ അബ്ദുള്ള പാത്രിയർക്കീസ് അതിനു പ്രതികൂലിയുമാണെന്നായിരുന്നു തിരുമേനിക്കു മനസ്സിലാക്കുവാൻ സാധിച്ചത്. ഈ പശ്ചാത്തലത്തിലാണു തിരുമേനി പലസ്തീൻനാട് സന്ദർശനം കഴിഞ്ഞ് ഔഗേൻ റമ്പാനായി, 1908-ൽ നാട്ടിൽ മടങ്ങിയെത്തിയത്.

തിരുമേനി നാട്ടിൽ മടങ്ങിയെത്തി അധികകാലം കഴിയുന്നതിനു മുമ്പു മലങ്കരസഭ, പ്രതിസന്ധിയെ അഭിമുഖീകരിക്കുകയായി. 1909 ൽ ജോസഫ് മാർ ദീവന്നാസ്യോസ് കാലംചെയ്തു. തുടർന്ന് മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മലങ്കര മെത്രാപ്പോലീത്താ ആയി. അധികം താമസിയാതെ മാർ അബ്ദുള്ള പാത്രിയർക്കീസ് ഇവിടെയെത്തി. പാത്രിയർക്കീസ് ബാവായും മാർ ദീവന്നാസ്യോസും തമ്മിൽ പല കാര്യങ്ങളാൽ നീരസത്തിലായി. തുടർന്ന് 1911 -ൽ പാത്രിയർക്കീസ്, മെത്രാപ്പോലീത്തായെ മുടക്കിയശേഷം മലങ്കരയിൽനിന്നു മടങ്ങിപ്പോയി.

തന്റെ മുടക്ക് തികച്ചും അകാരണമെന്നു മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായും ഈ സഭയിലെ ഒരു നല്ല പങ്ക് ആളുകളും വിശ്വസിച്ചിരുന്നതിനാൽ, ഇതിനുള്ള പോംവഴിയെക്കുറിച്ച് ചിന്തിച്ചപ്പോഴാണ് മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിനെ അഭയം പ്രാപിക്കാമെന്നൊരാശയം ഉദയം ചെയ്തത്. അതിനുള്ള പരിശ്രമവുമാരംഭിച്ചു. എന്നാൽ അപ്പോഴേയ്ക്കു മലങ്കരസഭ പാത്രിയർക്കീസു കക്ഷിയെന്നും മെത്രാൻ കക്ഷിയെന്നും രണ്ടായി പിളർന്നുകഴിഞ്ഞിരുന്നു. കണ്ടനാട്, അങ്കമാലി, കൊച്ചി എന്നീ വടക്കൻ ഭദ്രാസനങ്ങൾ ഏതാണ്ട് പൂർണ്ണമായും, കോട്ടയം ഭദ്രാസനത്തിലെ അഗണ്യമല്ലാത്ത ഒരു വിഭാഗവും പാത്രിയർക്കീസ് കക്ഷിയിൽ ഉറച്ചു നിലകൊണ്ടു. തെക്കൻ ഭദ്രാസനങ്ങൾ മിക്കവാറും മെത്രാൻ കക്ഷിയിലും ഉറച്ചു നിന്നു. ഈ കക്ഷിതിരിവിൽ, ഒരു വടക്കനായ ഔഗേൻ റമ്പാനും പാത്രിയർക്കീസ് കക്ഷിയായി തന്നെ നിലകൊള്ളേണ്ട സാഹചര്യമാണുണ്ടായിരുന്നത്. ഈ സാഹചര്യത്തിലാണ് 1912 -ൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെയും അനുയായികളുടെയും പരിശ്രമഫലമായി, മാർ അബ്ദൽ മശിഹാ പാത്രിയർക്കീസ് മലങ്കരയിൽ ആഗതനായത്. അദ്ദേഹം സുന്നഹദോസിനാൽ മുടക്കി ബഹിഷ്കരിക്കപ്പെടുകയും, തന്മൂലം ആത്മീയനല്വരം നഷ്ടപ്പെടുകയും ചെയ്ത ആളാണെന്ന് ഈ സഭ നേരത്തെ സ്വീകരിച്ച നിലപാടിൽ ഉറച്ചുനിന്നുകൊണ്ട്, പാത്രിയർക്കീസ് കക്ഷിക്കാർ അദ്ദേഹത്തെ സ്വീകരിച്ചില്ല. എന്നാൽ "വിശ്വാസത്തിൽ ഭിന്നതയി"ല്ലാതിരിക്കെ, സ്വാർത്ഥതയും അധികാരഭ്രമവും മൂലം ഒരു സിംഹാസനത്തിനു രണ്ടു പാത്രിയർക്കീസന്മാരോ മെത്രാപ്പോലീത്തന്മാരോ വാഴിക്കപ്പെടുവാനിടയായാൽ, ആദ്യത്തെയാൾ ഭരണം നടത്തുകയും രണ്ടാമൻ പ്രവൃത്തിരഹിതനായിരിക്കയും ചെയ്യണം (ഹൂദായ 7:1) എന്ന കാനോൻ നിർദ്ദേശത്തെ അവലംബിച്ചുകൊണ്ട്, മെത്രാൻ കക്ഷിക്കാർ കാനോനിക പാത്രിയർക്കീസ് എന്ന നിലയിൽ അദ്ദേഹത്തെ സ്വീകരിച്ചു. അദ്ദേഹം മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ മുടക്കു തീർത്തു.

മാർ ജോസഫ് ദീവന്നാസ്യോസിന്റെ കാലം മുതൽതന്നെ ഇവിടെ ആഗ്രഹിച്ചിരുന്നപ്രകാരം, പേർഷ്യാ രാജ്യത്തു പിൻതുടർച്ചക്കാരില്ലാതെ അവശേഷിച്ചിരുന്ന പൗരസ്ത്യ കാതോലിക്കാ സിംഹാസനം മലങ്കരയിലേയ്ക്കു മാറ്റി സ്ഥാപിക്കുന്നതിൽ സഹകരിക്കുകയും ചെയ്തു. നിരണത്തു വച്ച് മുറിമറ്റത്തിൽ മാർ ഈവാനിയോസ് മെത്രാപ്പോലീത്തായെ പൗരസ്ത്യ കാതോലിക്കായായി വാഴിച്ചു. തന്റെ പലസ്തീൻ നാട് സന്ദർശനകാലത്ത് മാർ അബ്ദൽ മശിഹാ പാത്രിയർക്കീസിനെക്കുറിച്ച് ലഭിച്ചിരുന്ന യഥാർത്ഥ വിവരങ്ങളും അദ്ദേഹത്തോടു തോന്നിയിരുന്ന ഭക്തിയും ആസ്പദമാക്കിയും മലങ്കരയിൽ കാതോലിക്കാ സിംഹാസനം സ്ഥാപിച്ചു കാണണമെന്ന് തനിക്കുണ്ടായിരുന്ന അതിയായ ആഗ്രഹത്തിന്റെ പ്രേരണയാലും, പ്രത്യേകിച്ചു സ്ഥാനമേൽക്കുന്ന ആൾ, സ്വപിതാവിന്റെ ഗുരുവെന്ന നിലയിൽ തനിക്ക് കൂടുതൽ ആദരണീയനായിരുന്നതിനാലും, ഇവിടുത്തെ കക്ഷി ഭിന്നതയും മറ്റും അവഗണിച്ചുകൊണ്ട് ഔഗേൻ റമ്പാൻ നിരണത്തു പോയി ആ സ്ഥാനാരോഹണ ശുശ്രൂഷയിൽ സംബന്ധിച്ചു. വടക്കൻ പ്രദേശത്തെ പാത്രിയർക്കീസ് കക്ഷിയുടെ മദ്ധ്യത്തിൽ തുടർന്നു ജീവിക്കേണ്ടിയിരുന്ന അദ്ദേഹത്തിന്റെ ഈ പ്രവൃത്തി തീർച്ചയായും അല്പം ഒരു കടന്ന കൈയായിരുന്നു. എന്നാൽ തുടർന്നദ്ദേഹം സ്വന്തം നാട്ടിൽ വന്ന് പാത്രിയർക്കീസ് കക്ഷിയായി തന്നെ പ്രവർത്തിക്കുകയാണുണ്ടായത്. അപ്പോഴേക്ക് കണ്ടനാട്, അങ്കമാലി ഭദ്രാസന പ്രദേശങ്ങളിൽ പലവിധ ക്രിസ്തീയ പ്രവർത്തനങ്ങൾ അദ്ദേഹം ആരംഭിക്കുകയും ചെയ്തിരുന്നു.

വടകര കേന്ദ്രമാക്കി അധഃകൃത വർഗ്ഗക്കാരുടെ ഇടയിലുള്ള സുവിശേഷ പ്രവർത്തനമാണ് അദ്ദേഹം ആദ്യമായി ആരംഭിച്ചത്. വളരെ ആളുകളെ അദ്ദേഹം മാമ്മോദീസാ നൽകി സഭയിൽ ചേർത്തു. തുടർന്ന് വടക്കൻ പ്രദേശങ്ങളിൽ വളരെ വിരളമായിരുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുള്ള പരിശ്രമമായി. ഇന്നത്തെ വടകര ഹൈസ്കൂൾ അദ്ദേഹത്തിന്റെ സ്വന്തം പരിശ്രമഫലമാണ്. പിറവം, കോലഞ്ചേരി മുതലായ ഹൈസ്കൂളുകളുടെ സ്ഥാപനത്തിലും ആ കാലത്ത് അദ്ദേഹം ഉത്സാഹിച്ചിരുന്നു. സഭയിലെ അന്നത്തെ കക്ഷി ഭിന്നതയിൽ പാത്രിയർക്കീസ് കക്ഷിയായി ഉറച്ചു നിലകൊണ്ടിരുന്ന ഈ പ്രദേശങ്ങളിൽ, ഈദൃശ പ്രവർത്തനങ്ങളുടെ വിജയത്തിന് ആ കക്ഷിയിൽ തന്നെ ഉറച്ചു പ്രവർത്തിക്കേണ്ടത് ഒരാവശ്യമായി രുന്നതുകൊണ്ടുകൂടിയാണ് അദ്ദേഹം ആ നിലപാട് സ്വീകരിച്ചത്. സ്ലീബാദാസ സമൂഹത്തിന്റെ പ്രാരംഭപ്രവർത്തകനും സ്ഥാപകനും ആയ പത്രോസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായും കുടുംബവും ആരംഭകാലത്ത് മെത്രാൻ കക്ഷിയിൽ ഉറച്ചു നിന്നവരായിരുന്നെങ്കിലും വടക്കൻ ഇടവകകളിലെ സുവിശേഷ പ്രവർത്തനത്തിന്റെ സുഗമമായ നടത്തിപ്പിനുവേണ്ടി അദ്ദേഹം ബാവാ കക്ഷിയിൽ നിന്ന് കശീശാപട്ടം സ്വീകരിച്ച സംഭവം ഇതേനിലയിൽ തന്നെ ഉള്ള ഒന്നാണല്ലോ. അദ്ദേഹം അങ്ങനെ ചെയ്തത് ആരംഭകാലത്ത് സ്ലീബാദാസസമൂഹ പ്രവർത്തനത്തിലും സഹകരണവും പ്രചോദനവും നൽകിയിരുന്ന ഔഗേൻ റമ്പാന്റെ തന്നെ ഉപ

ദേശാനുസരണവുമായിരുന്നു.

ഇങ്ങനെ കാലം മുന്നോട്ടു നീങ്ങവെ 1927 ൽ ഔഗേൻ റമ്പാൻ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് നാമനിർദ്ദേശം ചെയ്യപ്പെടുകയും അതനുസരിച്ച് യറുശലേമിൽ വച്ച് മാർ തിമോത്തിയോസ് എന്ന പേരിൽ മാർ ഏലിയാസ് ത്രിതീയൻ പാത്രിയർക്കീസ് ബാവായിൽ നിന്നും മെത്രാൻ സ്ഥാനം ഏൽക്കുകയും ചെയ്തു. ഇതും അന്ന് പാത്രിയർക്കീസ് കക്ഷിയിൽ ഉറച്ചുനിന്നിരുന്ന കണ്ടനാട് ഭദ്രാസനത്തിന്റെ സുഗമമായ ഭരണനിർവ്വഹണത്തിന് ഒരാവശ്യമായിരുന്നു. തുടർന്ന് പ്രസ്തുത ഭദ്രാസന ഭരണം, പാത്രിയർക്കീസ് ഭാഗത്തെ ഒരു മെത്രാപ്പോലീത്താ എന്ന നിലയിൽ വിജയകരമായി നിർവ്വഹിക്കുകയും ചെയ്തുകൊണ്ടിരുന്നു.

1912 ലെ സഭാ ഭിന്നതയെ തുടർന്ന് ഈ നിലയിലെല്ലാം അദ്ദേഹം പ്രവർത്തിച്ചിരുന്നെങ്കിലും സഭാ ചരിത്രപരമായും വേദശാസ്ത്രപരമായുമുള്ള തന്റെ തികഞ്ഞ വിജ്ഞാനത്തിന്റെയും പ്രത്യേകിച്ച്, പലസ്തീൻ നാട്ടിലെ പര്യടന കാലത്ത് സംഭവങ്ങളുടെ യാഥാർത്ഥ്യങ്ങളെക്കുറിച്ച് തനിക്ക് നേരിട്ടു ലഭിച്ചിരുന്ന അറിവിന്റെയുമെല്ലാം അടിസ്ഥാനത്തിൽ മാർ അബ്ദൽ മശിഹാ ശരിയായ ആത്മീയ നൽവരമുള്ള പാത്രിയർക്കീസ് തന്നെയാണെന്നും, തന്മൂലം അദ്ദേഹത്തിന്റെ സഹകരണത്തോടു കൂടി ഇവിടെ സ്ഥാപിതമായ കാതോലിക്കാ സ്ഥാപനം തികച്ചും അന്യൂനമാണെന്നുമുള്ള ഉൾബോധം എന്നും തിരുമേനിയെ ഭരിച്ചിരുന്നു. ഈ വസ്തുതകൾ കുറേശ്ശെയായി ആളുകളെ ധരിപ്പിച്ച് അവരുടെ കക്ഷി വൈരാഗ്യം ലഘൂപ്പെടുത്തിക്കൊണ്ടുവരുന്നതിനും തിരുമേനി കഴിവുപോലെ പരിശ്രമിച്ചിരുന്നു. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായി ഭരണമേറ്റ ശേഷം തിരുമേനി സർവ്വ പ്രാധാന്യം നൽകി പരിശ്രമിച്ചുകൊണ്ടിരുന്ന ഒരു കാര്യം, മലങ്കരസഭയിലെ കക്ഷി ഭിന്നത എങ്ങനെയും അവസാനിപ്പിച്ച് സമാധാനം സ്ഥാപിക്കുക എന്നതായിരുന്നു. അതിനുവേണ്ടി തിരുമേനി നടത്തിയിട്ടുള്ള നിരവധി കഠിന പരിശ്രമങ്ങളിൽ പലതിനെക്കുറിച്ചും അക്കാലങ്ങളിൽ തിരുമേനിയുടെ സന്തതസഹചാരിയായിരുന്ന എനിക്ക് നേരിട്ടറിവുള്ളതാണ്. അന്നത്തെ പാത്രിയർക്കീസായിരുന്ന മാർ അപ്രേം പ്രഥമൻ ബാവായുമായി തിരുമേനി വളരെയധികം കത്തിടപാടുകളും ഇത് സംബന്ധിച്ചു നടത്തിയിരുന്നു. ഇതിന്റെയെല്ലാം ഫലമായി ഇവിടുത്തെ കാതോലിക്കാ സ്ഥാപനത്തെ താൻ അംഗീകരിക്കാമെന്നും എന്നാൽ അത് ഇവിടെ നൽകുന്നതിന് പ്രധാന കാർമ്മികത്വം വഹിച്ച മാർ അബ്ദൽ മശിഹാ പാത്രിയർക്കീസ് മുടക്കുമൂലം ആത്മീയ നൽവരം നഷ്ടപ്പെട്ട ആളായിരുന്നതിനാൽ ഇപ്പോഴത്തെ കാതോലിക്കാ രണ്ടാമത് കൈവയ്പ്പു സ്വീകരിക്കേണ്ടത് ആവശ്യമാണെന്നുമുള്ള തന്റെ അന്ത്യതീരുമാനം മാർ അപ്രേം പാത്രിയർക്കീസ് ബാവാ അറിയിച്ചു. ഇത് യഥാർത്ഥത്തിൽ തന്റെ സ്വന്തം അഭിപ്രായത്തിന് ചേർന്നതല്ലായിരുന്നെങ്കിലും മറ്റ് മാർഗ്ഗമൊന്നും ഇല്ലെന്നുള്ള നിലയിൽ ഇതെങ്കിലും എങ്ങനെയും സാധിച്ചു സഭയിൽ സമാധാനം സ്ഥാപിക്കണമെന്നുള്ള ദൃഢനിശ്ചയത്തോടുകൂടി തിരുമേനി മുന്നോട്ടുനീങ്ങി.

അന്നത്തെ കാതോലിക്കായായിരുന്ന മാർ ഗീവറുഗീസ് ദ്വിതീയനെ പല പ്രാവശ്യം നേരിട്ടു കണ്ട് ആലോചന നടത്തി. അവസാനം തിരുമേനിയുടെ നിർബന്ധത്തിന്റെയും, എങ്ങനെയും സമാധാനമുണ്ടായിക്കണ്ടാൽ കൊള്ളാമെന്നുള്ള സ്വന്ത അഭിലാഷത്തിന്റെയും ഫലമായി, കാതോലിക്കാ ബാവാ ഏറെക്കുറെ അതിനു സമ്മതിച്ചു. അന്ന് ആ വിശുദ്ധ പിതാവ് കല്പിച്ചു നല്കിയ മറുപടി ഇന്നും എന്റെ ചെവികളിൽ മുഴങ്ങുകയാണ്. "മെത്രാച്ചാ! എന്റെ സ്ഥാനത്തിനു എന്തെങ്കിലും ന്യൂനതയുള്ളതായി എനിക്ക് അശേഷം ബോദ്ധ്യമില്ല. അങ്ങനെ ബോദ്ധ്യമുണ്ടായിരുന്നെങ്കിൽ കേവലം പ്രൗഢിക്കുവേണ്ടി മാത്രം ഈ വേഷം ധരിക്കുന്നവനല്ല ഞാൻ. എന്നാൽ സഭയിലെ സമാധാനത്തിനുവേണ്ടി എന്തു ത്യാഗവും സഹിക്കുവാൻ ഞാൻ സന്നദ്ധനാണ്. നിങ്ങൾക്കൊക്കെ നിർബന്ധമാണെങ്കിൽ, യോഹന്നാൻ സ്നാപകന്റെ മുമ്പിൽ യേശുക്രിസ്തു ചെയ്തതുപോലെ, ഞാൻ ആരുടെ മുമ്പിൽ വേണമെങ്കിലും തല കുനിച്ചുകൊടുക്കാം. സന്നദ്ധതയുള്ളവർ എന്റെ തലയിൽ കൈവയ്ക്കുകയോ എന്തുവേണമെങ്കിലും ചെയ്തുകൊള്ളട്ടെ. അതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ അതിന്റെ പാപം ആ കൈവയ്ക്കുന്നവരുടെ തലയിൽ ഇരിക്കും. എനിക്ക് അതിൽ പങ്കുണ്ടായിരിക്കയില്ല" എന്നായിരുന്നു അത്. ഈ സമ്മതത്തെ തുടർന്നാണ് തിരുമേനി മുൻകൈയെടുത്ത് നടത്തിയ അവസാനത്തേതും ഏറ്റം പ്രധാനപ്പെട്ടതുമായ ആലുവാ വട്ടമേശസമ്മേളനത്തിനുള്ള സജ്ജീകരണങ്ങൾ നടത്തിയത്. അതിന്റെ അന്ത്യത്തിൽ പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവാ തന്റെ വാക്കു പാലിച്ചുകൊണ്ട്, മാർ അത്താനാസ്യോസ് തിരുമേനിയിൽ നിന്നു കൈവയ്പു സ്വീകരിക്കുവാൻ തയ്യാറായി ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ സന്നിഹിതനായതുമാണ്. എന്നാൽ ചില സാങ്കേതിക തടസ്സങ്ങളുടെ പേരിൽ ആ സംഭവം നടക്കാനിടയായില്ല. ഒരുപക്ഷേ അത് അത്ഭുതകരമായ ഒരു ദൈവനിശ്ചയമായിരിക്കാം. എന്തായാലും അതോടുകൂടി തിരുമേനി സമാധാനപരിശ്രമങ്ങളിൽ തികച്ചും നിരാശനായി അതിൽ നിന്നു പിന്മാറി. തുടർന്ന് ആരംഭം മുതലുള്ള തന്റെ മനോബോദ്ധ്യവും ആഗ്രഹവുമനുസരിച്ച് എതിർ കക്ഷിയുമായി, അഥവാ മാർ ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുമായി, കൂടുതൽ തുറന്നും അടുത്തും പെരുമാറിത്തുടങ്ങി.

ഇതിനിടയിൽ തിരുമേനി മെത്രാൻസ്ഥാനമേറ്റ കാലംമുതലുള്ള ഈദൃശമായ പല പ്രവർത്തനങ്ങളും മറ്റും കാരണം പാത്രിയർക്കീസ്കക്ഷി നേതാക്കന്മാരുടേയും, പ്രത്യേകിച്ച് അന്നത്തെ അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ് മെത്രാപ്പോലീത്തായുടേയും, കടുത്ത അപ്രീതി തിരുമേനി സമ്പാദിച്ചുകഴിഞ്ഞിരുന്നു. അവരുടെ പ്രേരണമൂലം പാത്രിയർക്കീസ് ബാവായിൽ നിന്നു വിമർശനപരമായ ചില കല്പനകൾ വന്നുതുടങ്ങി. സുപ്രീംകോടതി വിധിയിൽ അവസാനിച്ച സമുദായക്കേസ് അന്ന് ജില്ലാക്കോടതിയിൽ നടക്കുന്ന കാലമായിരുന്നു. അതിൽ പ്രതിഭാഗം സാക്ഷിപ്പട്ടികയിൽ തിരുമേനിയുടെ പേരും ഉൾപ്പെടുത്തിയിരുന്നു. അതനുസരിച്ച് മൂവാറ്റുപുഴ അരമനയിൽവച്ച് കമ്മീഷൻ മുഖാന്തരം തിരുമേനിയെ ദീർഘമായി വിസ്തരിച്ചു. വിസ്താരമദ്ധ്യേ ഇന്ന കക്ഷി ജയിക്കയോ തോല്ക്കയോ ചെയ്യണമെന്ന ലക്ഷ്യം കൂടാതെ, തനിക്കു സത്യമെന്നു ബോദ്ധ്യമുള്ള വസ്തുതകൾ ആ നിലയിൽ തുറന്നു പറഞ്ഞു മൊഴികൊടുത്തു. പൊതുവേ ആ മൊഴി പാത്രിയർക്കീസ് കക്ഷിക്കു ദോഷകരമായിരുന്നു. അതോടുകൂടി പാത്രിയർക്കീസ് കക്ഷി നേതാക്കന്മാർക്ക് തിരുമേനിയോടുള്ള വൈരാഗ്യം ശതഗുണീഭവിച്ചു. തുടർന്ന് പാത്രിയർക്കീസ് ബാവായെക്കൊണ്ട് തിരുമേനിയെ മുടക്കിക്കുവാനുള്ള പരിശ്രമമായി. ഈ വിഷമസന്ധിയിലാണ് 1942-ൽ തിരുമേനി, പ. ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാ ബാവായെ മൂവാറ്റുപുഴ പള്ളിയിൽ ക്ഷണിച്ചുവരുത്തി പരസ്യമായി സ്വീകരിച്ചു കക്ഷിമാറിയത്. അന്നേദിവസം തിരുമേനി മൂവാറ്റുപുഴ പള്ളിയിൽ വിളിച്ചുകൂട്ടിയ കണ്ടനാട് ഭദ്രാസന പള്ളിപ്രതിപുരുഷയോഗത്തിൽ ബഹുഭൂരിപക്ഷത്തോടുകൂടി പാസ്സാക്കിയ പ്രമേയത്തിന്റെ അടിസ്ഥാനത്തിലായിരുന്നു ആ സ്വീകരണം നടന്നതും. എങ്കിലും ആ ഭൂരിപക്ഷ പിന്തുണ നീണ്ടുനില്ക്കുവാനിടയായില്ല എന്നത് നിർഭാഗ്യകരമായ ഒരു വസ്തുതയാണ്. തുടർന്ന് അധിക കാലതാമസം കൂടാതെ പാത്രിയർക്കീസ് ബാവാ, തിരുമേനിയെ മുടക്കി. എങ്കിലും കണ്ടനാട് ഭദ്രാസനത്തിലെ അഗണ്യമല്ലാത്ത ഒരു വിഭാഗം പട്ടക്കാരുടെയും ജനങ്ങളുടെയും പിൻതുണയോടുകൂടി തിരുമേനി അടിപതറാതെ, കാതോലിക്കാ സിംഹാസനത്തിൻ കീഴിൽ ഉറച്ചുതന്നെ നിലകൊണ്ടു. അവിടം മുതൽ 1958 ലെ സഭാസമാധാനം വരെയുള്ള നീണ്ട പതിനാറു സംവത്സരക്കാലം തിരുമേനി അനുഭവിച്ച പ്രയാസങ്ങൾക്കും യാതനകൾക്കും കണക്കില്ല. ദേഹപീഡനംവരെ സഹിക്കേണ്ടിവന്ന വസ്തുതകൾ സുവിദിതമാണല്ലോ. അവസാനം 1958 -ലെ സുപ്രീംകോടതി വിധിയെ തുടർന്ന് സഭാസമാധാനമുണ്ടായി. അതോടുകൂടി അന്നുവരെ പാത്രിയർക്കീസ് കക്ഷികൾ, കേവലം പട്ടത്വമില്ലാത്ത വൃദ്ധൻ പുന്നൂസാണ്, ശരിയായ നല്വരമുള്ള ഒരു മെത്രാന്റെ കൈയെങ്കിലും തലയിലൊന്നുവയ്ക്കാതെ അദ്ദേഹത്തിനു സ്ഥാനസാധുത്വമുണ്ടാവുകയില്ല എന്നെല്ലാം പറഞ്ഞു പുച്ഛിച്ചുകൊണ്ടിരുന്നവർ, ഒരു നിമിഷംകൊണ്ട് യാതൊരു ന്യൂനതയുമില്ലാത്ത മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ പൗരസ്ത്യ കാതോലിക്കായാണെന്നും സശ്ശിരകമ്പം സമ്മതിക്കേണ്ടിവന്നു. ഇതെല്ലാം കേട്ടും വിശ്വ

കാസർകോട്, കാഞ്ഞങ്ങാട് നടന്ന കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൽ ശാരോൻ റ്റോം തോമസ് (ഫാ. സാബുവിന്റെ മകനാണ്) അറബിക് പദ്യപാരായണം, സംഘഗാനം എന്നിവയ്ക്ക് എ ഗ്രേഡ് നേടി. തുടർച്ചയായ ഏഴാമത്തെ വർഷമാണ് അറബിക് പദ്യത്തിന് സംസ്ഥാന തലത്തിൽ എ ഗ്രേഡ് നേടുന്നത്. പിരളശ്ശേരി സെന്റ്. ജോർജ് ഇടവകാംഗമാണ്.



"വാശിയും വഴക്കും വലിപ്പവും പള്ളിസംബന്ധമായ കാര്യത്തിൽ വിചാരിക്കാതെ അവനവന്റെ താഴ്മയെ ശോഭിപ്പിച്ചും ദൈവത്തിൽ ആശ്രയിച്ചും ബഹുജനങ്ങളെ തൃപ്തിപ്പെടുത്തിയും നടക്കുന്നവർ ഭാഗ്യവാൻമാർ. ദൈവം അവരെ അനുഗ്രഹിക്കട്ടെ. ശത്രുവിനെ സ്നേഹിക്കണം. ബന്ധുക്കളെ ശത്രുക്കൾ ആക്കരുത്."

- പരിശുദ്ധ പരുമല തിരുമേനി

സിച്ചും അതിന്റെ പിന്നിൽ വാശിയോടെ നിലകൊണ്ടിരുന്ന സാധാരണ ജനങ്ങളെല്ലാം അത്ഭുതസ്തബ്ധരായിപ്പോയി. എന്തായാലും അതോടുകൂടി കുറച്ചു കാലത്തേയ്ക്കെങ്കിലും സഭയിൽ പരിപൂർണ്ണ സമാധാനവും ശാന്തതയും കളിയാടി. ഇതിൽ ഏറ്റം കൂടുതൽ സന്തോഷിച്ചത് തീർച്ചയായും ചെറുപ്പകാലം മുതൽതന്നെ തന്നിൽ നിറഞ്ഞുനിന്നിരുന്ന സമാധാന വാഞ്ഛ പ്രായോഗികമായിത്തീർന്നു കണ്ട, മാർ ഔഗേൻ തിമോത്തിയോസ് മെത്രാപ്പോലീത്തായായിരിക്കണം.

ഇങ്ങനെ മലങ്കരസഭയിൽ പരിപൂർണ്ണ സമാധാനം കൈവന്നുവെങ്കിലും തിരുമേനിയെ സംബന്ധിച്ചിടത്തോളം ആ സമാധാനം പൂർണ്ണമായി അനുഭവപ്പെടാൻ കുറെ കാലതാമസം കൂടി വേണ്ടിവന്നു. 1958 –ലെ പരസ്പര സ്വീകരണവും തുടർന്നുനടന്ന പുത്തൻകാവ് അസോസ്യേഷൻ സമ്മേളനവും കഴിഞ്ഞശേഷം, മുൻ പാത്രിയർക്കീസ് കക്ഷിയിൽ നിന്നിരുന്ന മെത്രാപ്പോലീത്തന്മാർക്കും ഭരണത്തിനുള്ള ഭദ്രാസനങ്ങൾ ഏല്പിച്ചുകൊടുക്കുന്ന പ്രശ്നം വന്നപ്പോൾ കണ്ടനാട് ഭദ്രാസനത്തിനു മാത്രം ഔഗേൻ മാർ തിമോത്തിയോസ്, പൗലോസ് മാർ പീലക്സിനോസ് എന്നീ രണ്ടുപേർ അവകാശികളായിട്ടുണ്ടായിരുന്നു. ഇതിനു പല പോംവഴികളെക്കുറിച്ചും പ. എപ്പിസ്കോപ്പൽ സുന്നഹദോസ് ചിന്തിക്കയുണ്ടായെങ്കിലും, അവസാനം രണ്ടു പേരേയുംകൂടി ആ ഭദ്രാസനത്തിന്റെ സഹമെത്രാപ്പോലീത്തന്മാരായി നിയമിക്കയാണുണ്ടായത്. അതായത് ഭദ്രാസന ഭരണസംബന്ധമായ സകല കാര്യങ്ങളും രണ്ടുപേരും യോജിച്ചു കൈകാര്യം ചെയ്യണം. ഈ വ്യവസ്ഥിതി പെട്ടെന്നു തന്നെ അപ്രായോഗികമായി അനുഭവപ്പെട്ടു. രണ്ടു തിരുമേനിമാരും തമ്മിൽ ഭിന്നതയിലായി. പ്രശ്നം എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ പരിഗണനയ്ക്കു വന്നു. അപ്പോഴേയ്ക്കു മാർ പീലക്സിനോസ് മെത്രാപ്പോലീത്താ തെക്കും വടക്കുമുള്ള മുൻ പാത്രിയർക്കീസ് കക്ഷിയിലെ തീവ്രവാദികളായിരുന്ന ഒരു അതൃപ്ത വിഭാഗത്തെ സംഘടിപ്പിച്ച് 1958 ഡിസംബർ 16 നു കോട്ടയം പഴയ സെമിനാരി ചാപ്പലിലെ മദ്ബഹായിൽവച്ചു നടത്തിയ പരസ്പര സ്വീകരണമെന്ന ചടങ്ങ് സഭയിലെ കക്ഷിമത്സരത്തിൽ അടവുമാറ്റുന്നതിന് അവസരം ലഭിക്കുവാൻവേണ്ടി പ്രയോഗിച്ച ഒരു തന്ത്രം മാത്രമായിരുന്നു എന്നു പരസ്യമായി പ്രഖ്യാപിച്ചുകൊണ്ട്, അന്ത്യോഖ്യൻ മൂവ്മെന്റ് എന്നൊരു പ്രസ്ഥാനവുമായി, സഭാസമാധാനത്തിനു വിരുദ്ധമായ ഒരു നിലപാട് സ്വീകരിച്ചുകഴിഞ്ഞിരുന്നു. പാത്രിയർക്കീസ് ബാവായിൽ നിന്ന് അത്ര പ്രത്യക്ഷമായിട്ടല്ലെങ്കിലും, പരോക്ഷമായി ആ വിഭാഗത്തെ പ്രോത്സാഹിപ്പിക്കുന്ന ചില നീക്കങ്ങളും ഉണ്ടാകാതിരുന്നില്ല. എങ്കിലും മുൻ പാത്രിയർക്കീസ് കക്ഷിയിലെ മറ്റു മെത്രാപ്പോലീത്തന്മാരാരും ഇതിനെ അനുകൂലിച്ചില്ല എന്നതു പ്രത്യേകം ശ്രദ്ധേയമാണ്. ഇതിന്റെയെല്ലാം ഫലമായി മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ സസ്പെൻഡു ചെയ്തുകൊണ്ടും, മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായെ പൂർണ്ണമായി ആ ഭദ്രാസന ഭരണം ഏല്പിച്ചുകൊണ്ടും പ. സുന്നഹദോസിന് ഒരു തീരുമാനം ചെയ്യേണ്ടിവന്നു. അങ്ങനെ കണ്ടനാട് ഭദ്രാസനത്തിൽ വീണ്ടും അസ്വസ്ഥതയായി. ഈ കാലഘട്ടത്തിലാണ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ കഠിനമായ എതിർപ്പിനെ അഭിമുഖീകരിച്ചുകൊണ്ട് വളരെ ക്ലേശിച്ചിട്ടാണെങ്കിലും തിരുമേനി, ഇന്നു കാണുന്ന മൂവാറ്റുപുഴ ഭദ്രാസന അരമനക്കെട്ടിടത്തിന്റെ ഒന്നാം നിലയുടെ പണി പൂർത്തിയാക്കിയത്. ഇങ്ങനെ മുന്നോട്ടുപോകവേ 1962 ൽ തിരുമേനി പ. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ കാതോലിക്കാബാവായുടെ പിൻഗാമിയായി തിരഞ്ഞെടുക്കപ്പെട്ടു. എങ്കിലും കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ എന്ന നിലയിൽ മൂവാറ്റുപുഴ അരമനയിൽത്തന്നെ താമസം തുടർന്നു. 1964 –ൽ ഭാഗ്യസ്മരണാർഹനായ പ. ഗീവറുഗീസ് ദ്വിതീയൻ ബാവാ കാലം ചെയ്യുന്നതുവരെ അവിടെത്തന്നെ താമസിച്ചിരുന്നു. ബാവാ കാലം ചെയ്തതോടു കൂടി, നിയമാനുസരണം തിരഞ്ഞെടുക്കപ്പെട്ട പിൻഗാമിയെന്നനിലയിൽ, മലങ്കര മെത്രാപ്പോലീത്തായുടെ ഔദ്യോഗിക ചുമതലകൾ ഏറ്റെടുത്തുകൊണ്ട് കോട്ടയം കാതോലിക്കേറ്റ് അരമനയിലേയ്ക്ക് താമസം മാറ്റി. അധികകാലതാമസം കൂടാതെ, മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ ക്ഷണം സ്വീകരിച്ച്, തിരുമേനിയെ കാതോലിക്കായായി വാഴിക്കുവാൻവേണ്ടി, പ. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഇവിടെ സന്നിഹിതനായി. അന്നത്തെ വിഘടിതർ പാത്രിയർക്കീസ് ബാവായെ വശീകരിച്ചു കുഴപ്പം സൃഷ്ടിക്കുവാൻ ചില പരിശ്രമങ്ങൾ നടത്തി നോക്കിയെങ്കിലും, അദ്ദേഹം അതിനൊന്നും വഴങ്ങാതെ, 1958–ലെ പരസ്പര ധാരണകൾക്കും വി. സഭയുടെ പാരമ്പര്യങ്ങൾക്കും തികച്ചും അനുയോജ്യമായി ധൈര്യപൂർവ്വം നിലകൊണ്ടതിനാൽ, മാർ പീലക്സിനോസ് മെത്രാപ്പോലീത്തായ്ക്കും തന്റെ എതിർപ്രവർത്തനങ്ങൾ ഉപേക്ഷിച്ചു പാത്രിയർക്കീസ് ബാവായുമായി സഹകരിക്കാതെ നിർവ്വാഹമില്ലാത്ത പതനത്തിലായി. അങ്ങനെ 1964 മെയ് മാസം 22 –നു കോട്ടയം മാർ ഏലിയാ



കത്തീഡ്രലിൽ വച്ച്, മലങ്കരസഭയാൽ ഭരണഘടനയ്ക്കു വിധേയമായി അംഗീകരിക്കപ്പെട്ട അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പ്രധാന കാർമ്മികത്വത്തിൽ കക്ഷി ഭേദമെന്യേ ഈ സഭയിലെ സകല മേല്പട്ടക്കാരുടേയും സഹകരണത്തോടുകൂടി, തിരുമേനി പൗരസ്ത്യ കാതോലിക്കായായി സ്ഥാനാരോഹണം ചെയ്യപ്പെട്ടു. പൗരസ്ത്യ കാതോലിക്കാ സിംഹാസനം പേർഷ്യയിൽ നിന്നു മലങ്കരയിലേയ്ക്കു മാറ്റി സ്ഥാപിക്കപ്പെട്ടശേഷം വാഴിക്കപ്പെട്ട നാലാമത്തെ കാതോലിക്കായാണു തിരുമേനിയെങ്കിലും, മലങ്കരസഭയിൽ പരിപൂർണ്ണ ഐക്യവും സമാധാനവും വിളങ്ങിനിന്ന ഒരന്തരീക്ഷത്തിൽ വാഴിക്കപ്പെടുവാനിടയായ പ്രഥമ പൗരസ്ത്യ കാതോലിക്കായായിരുന്നു തിരുമേനിയെന്നുള്ളത് അതീവ ശ്രദ്ധേയമായ വസ്തുതയാണ്. തിരുമേനിയുടെ പൂർവ്വകാല ചരിത്രവും പ്രവർത്തനങ്ങളുമെല്ലാം സൂക്ഷ്മനിരീക്ഷണത്തിനു വിധേയമാക്കുന്നപക്ഷം തീർച്ചയായും തിരുമേനി യഥാർത്ഥത്തിൽ അർഹിക്കുന്ന ഒരസുലഭ ബഹുമതിയായിരുന്നു ഇതെന്നു ബോദ്ധ്യപ്പെടുന്നതാണ്.

ഈ സമാധാനം തിരുമേനിയുടെ അന്ത്യകാലം വരെ നിലനിന്നു കാണുവാൻ ഭാഗ്യമുണ്ടായില്ല എന്നതു തികച്ചും ഖേദകരമായ മറ്റൊരു വസ്തുതയാണ്. ഇന്ന് ഈ സഭയിൽ അനുഭവപ്പെടുന്ന ഭിന്നതയ്ക്കു തിരുമേനിയോ തിരുമേനിയുടെ നിയന്ത്രണത്തിലുള്ള സഭയിലെ ഭരണസമിതികളോ യാതൊരു കാരണവും ഉണ്ടാക്കിയിട്ടുമില്ല. ഇതിനുപരി അനുസ്മരിപ്പിച്ചിരിക്കുന്നവിധത്തിൽ തന്റെ മുൻഗാമിയേക്കാൾ കൂടുതൽ ആദരവോടും സൗഹാർദ്ദത്തോടുംകൂടിയാണ് പ. പാത്രിയർക്കീസ് ബാവായുമായി തിരുമേനി ഇടപെട്ടുകൊണ്ടിരുന്നത്. ഇങ്ങനെ വളരെ സൗഹാർദ്ദമായും, 1958 –ലെയും 1964 –ലെയും പരസ്പര ധാരണകൾക്ക് അനുയോജ്യമല്ലാത്ത യാതൊന്നും പ്രവർത്തിക്കാതെയും കഴിഞ്ഞിരുന്ന സമയത്താണ്, തികച്ചും അകാരണമായിത്തന്നെ കുപ്രസിദ്ധമായ നമ്പർ 203/1960 കല്പന പാത്രിയർക്കീസ് ബാവായിൽനിന്നു വരുവാനിടയായത്. മാർ തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ എന്ന വിശേഷണം ഉപയോഗിക്കുന്നതിനെ ചോദ്യം ചെയ്തുകൊണ്ടുള്ള ആ കല്പനയിൽ, മാർ തോമ്മാ ശ്ലീഹായ്ക്കു പൗരോഹിത്യം ലഭിച്ചിരുന്നില്ല, തന്മൂലം അദ്ദേഹത്തിനു സിംഹാസനവുമില്ല, എന്നതു മാത്രമാണല്ലോ എതിരായി ഉന്നയിച്ചിരിക്കുന്ന ഏക ആരോപണം. ഈ ആരോപണത്തെ അടിസ്ഥാനപ്പെടുത്തി താൻ ആ വിശേഷണം ഉപേക്ഷിക്കുന്ന പക്ഷം, മാർതോമ്മാ ശ്ലീഹായ്ക്ക് പൗരോഹിത്യമില്ലായിരുന്നു എന്ന കടുത്ത വേദവിപരീതത്തെ താനും പിൻതാങ്ങിയതായി വരുമല്ലോ എന്ന ചിന്ത, തിരുമേനിയെ വളരെയധികം ക്ലേശിപ്പിച്ചു. പല സുഹൃത്തുക്കളും സമുദായ നേതാക്കന്മാരും സഭാസമാധാനത്തെ പ്രതി ഇങ്ങനെയൊരു താല്ക്കാലിക വിട്ടുവീഴ്ചയ്ക്കു തിരുമേനിയെ പ്രേരിപ്പിച്ചു നോക്കിയെങ്കിലും, ഈ സഭയുടെ സ്ഥാപകനായ മാർതോമ്മാ ശ്ലീഹായെ തരംതാഴ്ത്തിയിട്ട്, അങ്ങനെയുള്ള ഒരു സഭയുടെ നേതൃത്വം തനിക്കാവശ്യമില്ല എന്ന നിലപാടിൽ തിരുമേനി പരമാവധി വിശ്വാസദാർഢ്യം പ്രകടമാക്കുകയാണുണ്ടായത്. 203 –ാം നമ്പർ കല്പനയുടെ യഥാർത്ഥലക്ഷ്യം ഈ വിശേഷണമുപയോഗിക്കുന്നതു തടയുക മാത്രമായിരുന്നില്ലെന്നു തുടർന്നുള്ള സംഭവവികാസങ്ങളിൽ നിന്നു പകൽ പോലെ വ്യക്തമായിരിക്കുന്ന ഈ സന്ദർഭത്തിൽ, അഭിവന്ദ്യ തിരുമേനി ദൈവാശ്രയത്തോടുകൂടി അന്നു സ്വീകരിച്ച നിലപാട് എത്രയോ ശരിയായിരുന്നു എന്ന് ആദരപൂർവ്വം ഞാൻ ഓർത്തുപോവുകയാണ്. ഇതിന്റെയെല്ലാം ഫലമായി അല്പം മനഃക്ലേശത്തോടു കൂടിയാണ് തിരുമേനി ഈ ലോകത്തിൽനിന്നു യാത്രയാകുവാനിടയായതെങ്കിലും, മാർ തോമ്മാ ശ്ലീഹായുടെ മക്കളായ മലങ്കരസഭാ സന്താനങ്ങളുടെ ദൃഷ്ടിയിൽ തിരുമേനി പൂർവ്വാധികം ആദരണീയനായി ഭവിക്കുകയാണുണ്ടായത്. അങ്ങനെ ആ പാവന നാമം മലങ്കര സുറിയാനി സഭാചരിത്രത്തിൽ സുവർണ്ണലിപികളിൽത്തന്നെ രേഖപ്പെടുത്തുകയും ചെയ്തു കഴിഞ്ഞിരിക്കുന്നു. ❑

സഭാപിതാക്കന്മാർ


ദാനിയേൽ മാർ പീലക്സിനോസ്

ഫാ. ടൈറ്റസ് ജോർജ്

മലങ്കര ഓർത്തഡോക്സ് സഭയുടെ തുമ്പമൺ ഭദ്രാസനം ഉൾപ്പെട്ടു നിൽക്കുന്ന പ്രദേശത്ത് ക്രിസ്തു മതം ആവിർഭവിച്ചത്, ഭാരതത്തിന്റെ അപ്പസ്തോലനായ പരി. മാർത്തോമാശ്ലീഹായുടെ സുവിശേഷ പ്രവർത്തനം മൂലമാണെന്ന് അനുമാനിക്കാൻ ധാരാളം തെളിവുകളുണ്ട്. ഒന്നാം നൂറ്റാണ്ടിൽ അദ്ദേഹം സ്ഥാപിച്ച നിലയ്ക്കൽ പള്ളി ഉൾപ്പെട്ടു നിൽക്കുന്ന സ്ഥലം 13-ാം നൂറ്റാണ്ടു വരെ ഒരു പ്രബല ക്രിസ്തീയ കേന്ദ്രമായിരുന്നു. അക്കാലത്ത് ഉണ്ടയ പറപ്പറ്റകളുടെ ഉപദ്രവത്താൽ ഒരു വിഭാഗം വിശ്വാസികൾ പടിഞ്ഞാറൻ പ്രദേശങ്ങളായ കടമ്പനാട്, തുമ്പമൺ, വെണ്മണി, പത്തനംതിട്ട, ഓമല്ലൂർ എന്നിവടങ്ങളിലേയ്ക്കും ഒരു വിഭാഗം കാഞ്ഞിരപ്പള്ളി, പാലാ പ്രദേശങ്ങളിലേയ്ക്കും കുടിയേറി പാർത്തു. ഇതിൽ രണ്ടാമത്തെ വിഭാഗം പിന്നീട് കത്തോലിക്കാ സഭയെ പുണർന്നു. പടിഞ്ഞാറൻ പ്രദേശത്തേയ്ക്ക് കുടിയേറിയവരുടെ ആദ്യ ദേവാലയം കടമ്പനാട് ആയിരുന്നു.. അവിടെ നിന്നും തുമ്പമൺ, വെണ്മണി, ഓമല്ലൂർ പള്ളികളും തുമ്പമൺ ഭദ്രാസനത്തിലെ വിവിധ ദേവാലയങ്ങളും ഉണ്ടായി. 1875 ൽ മുളന്തുരുത്തിയിൽ കൂടിയ സൂന്നഹദോസാണ് തുമ്പമൺ ഭദ്രാസനത്തിന് രൂപം കൊടുത്തത്. ഭദ്രാസനത്തിന്റെ ആദ്യ മെത്രാപ്പോലീത്തായായി നിയമിതനായ കോനാട്ട് ഗീവറുഗീസ് മാർ യൂലിയോസ് തിരുമേനി 1876 മുതൽ 1884 വരെ ഭദ്രാസന ഭരണം നടത്തി. തുടർന്ന്, പരിശുദ്ധ ഗീവറുഗീസ് മാർ ഗ്രിഗോറിയോസ് പരുമല (1884-1902), പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്ന്യാസ്യോസ് (1902-1909), വട്ടശ്ശേരിൽ ഗീവറുഗീസ് മാർ ദിവന്ന്യാസ്യോസ് (1909-1913), യൂയാക്കീം മാർ ഈവാനിയോസ് (1913-1925), ഗീവറുീസ് മാർ ഗ്രീഗോറിയോസ് (1925-1930), ഗീവറുഗീസ് മാർ പീലക്സിനോസ് (1930-1951), ഔഗേൻ മാർ തീമോത്തിയോസ് (1951-1953), ദാനിയേൽ മാർ പീലക്സിനോസ് 1950-1990 എന്നീ പിതാക്കന്മാർ നമ്മുടെ ഭദ്രാസനത്തിന്റെ സർവ്വോന്മുകമായ വളർച്ചയ്ക്ക് നേതൃത്വം നൽകി.

ഭാഗ്യ സ്മരണാർഹനായ അഭി. ദാനിയേൽ മാർ പീല്ക്സിനോസ് തിരുമനസ്സിനെ അനുസ്മരിച്ച് കൊണ്ട് ഏതാനും കാര്യങ്ങൾ കുറിക്കുന്നതിന് എനിക്ക് അനല്പമായ സന്തോഷമുണ്ട്. ആ പരിശുദ്ധ പിതാവിനോടൊപ്പം പത്ത് വർഷത്തോളം ചെലവഴിക്കുന്നതിനും ആ പുണ്യാത്മാവിന്റെ വ്യക്തി മാഹാത്മ്യത്തെപ്പറ്റി കുറെ കാര്യങ്ങൾ മനസ്സിലാക്കുന്നതിനും സാധിച്ചു വെന്നത് ഒരു മഹാ ഭാഗ്യമയായി ഞാൻ കരുതുന്നു. അദ്ദേഹത്തിന്റെ ജീവചരിത്രം പ്രവർത്തന മേഖലകൾ വ്യക്തി ജീവിതത്തിലെ അനുകരണീയമായ വസ്തുതകൾ ഇവയെക്കുറിച്ച് ചുരുക്കമായി ഈ ലേഖനത്തിൽ പ്രദിപാദിക്കുവാൻ ആഗ്രഹിക്കുന്നു.

സത്യ ക്രിസ്ത്യാനികളുടെ അജയ്യ ദുർഗ്ഗമായ ഓമല്ലൂരിൽ, പൗരോഹിത്യപാരമ്പര്യമുള്ള, വടുതല കുടുംബത്തിൽ ഭദ്രാസനത്തിലെ പല കിഴക്കൻ ഇടവകകളുടെയും സ്ഥാപകനായ ഈശോ കത്തനാരുടെ പുത്രനായി 1910 മെയ് 10-ന് പി. ഇ. ദാനിയേൽ എന്ന പീലക്സിനോസ് തിരുമേനി ഭൂജാതം ചെയ്തു. കൈപ്പട്ടൂർ ഗവൺമെന്റ് സ്കൂളിലൂടെ അക്ഷരലോകത്തേക്ക് പിച്ച വച്ച ദാനിയേൽ, കോട്ടയം എം.ഡി. സെമിനാരിയിൽ നിന്നാണ് സ്കൂൾ ഫൈനൽ പാസ്സായത്. രാേ കോളേജിൽ നിന്നും ഇന്റർമീഡിയേറ്റും തിരുവനന്തപുരം മഹാരാജാസ് സയൻസ് കോളേജിൽ നിന്നും ഫിസിക്സിൽ ബി.എ. ബിരുദവും നേടി. 1936 ഡെറാമ്പൂർ യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ദൈവശാസ്ത്രത്തിൽ ഉന്നതമായ രീതിയിൽ ബിരുദവും നേടി, തന്റെ ദൈത്യ നിർവ്വഹണത്തിന് തികച്ചും സജ്ജനായി.



ഓർമ്മ ഡിസംബർ 13-ന് പത്തനംതിട്ട ബേസിൽ ദയറായിൽ

ബാല്യം മുതൽക്കെ അദ്ദേഹത്തിൽ വിളങ്ങിയിരുന്ന അനന്ന്യ സാധാരണമായ ഭക്തിയും സേവന സന്നദ്ധതയും വിശ്വാസ സ്ഥിരതയും നിഷ്കളങ്കതയും സമത്വ ചിന്തയും കണ്ട്, മലങ്കര സഭാ ഭാസുരൻ വട്ടശ്ശേരിൽ മാർ ദിവന്നാന്യോസ് തിരുമേനി, 1921 ജനുവരിയിൽ കോറൂയോ സ്ഥാനം നൽകി അദ്ദേഹത്തെ അനുഗ്രഹിച്ചു. പിന്നീട് അദ്ദേഹം, ത്യാഗ സമ്പന്നനും ആദ്ധ്യാത്മീയതേജ്വലനുമായിരുന്ന പരി. ബസ്സേലിയോസ് ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനിയിൽ നിന്നും പൂർണ്ണ ശെമ്മാശപട്ടവും (1944 June 9 പഴയസെമിനാരി) റമ്പാൻ സ്ഥാനവും (1951 സെപ്തംബർ 21 ന് പഴയസെമിനാരി) എപ്പിസ്കോപ്പാസ്ഥാനവും (1953 മെയ് 15 ന് ഏലിയാചാപ്പലിൽ) മെത്രാപ്പോലീത്താസ്ഥാനവും (1959 July 12 പഴയ സെമിനാരി) സ്വീകരിച്ചു.

ഹൈസ്കൂൾ വിദ്യാഭ്യാസ കാലത്ത് ഖദർ വസ്ത്രധാരിയായി സ്വാതന്ത്ര്യ സമരത്തിൽ അദ്ദേഹം വീറോടെ പ്രവർത്തിച്ചു. കായിക പ്രേമിയായിരുന്ന അദ്ദേഹം ഒരു മികച്ച ഫുട്ബോളറായിരുന്ന അദ്ദേഹത്തിന്റെ ദാർഢ്യമുള്ള ശരീര പ്രകൃതി കണ്ട് ഹെർക്കുലീസ് എന്ന പേര് സഹപാഠികൾ നൽകുകയുണ്ടായി. മെത്രാൻ സ്ഥാനം സ്വീകരിച്ചതിനുശേഷം

ഫീൽഡിൽ ഇറങ്ങാൻ കഴിഞ്ഞില്ലെങ്കിലും അത് കാണുന്നതിനും കളിക്കാരെ പ്രോൽസാഹിപ്പിക്കുന്നതിനും സമയം കണ്ടെത്തി.


തുമ്പമൺ ഭദ്രാസന സെക്രട്ടറി (1942–1953) പുത്തൻ കാവിൽ കൊച്ചു തിരുമേനിയുടെ സെക്രട്ടറി, ഭദ്രാസന മെത്രാപ്പോലീത്ത (1953–1990), പരി. എപ്പിസ്കോപ്പൽ സൂന്നഹദോസിന്റെ പ്രവർത്തനങ്ങൾ ക്രമീകരിച്ച സെക്രട്ടറി, M. G. O. C. S. M. പ്രസിഡന്റ്, ഓർത്തഡോക്സ് യുവജന പ്രസ്ഥാനം പ്രസിഡന്റ്, ഇന്റർ ചർച്ച് റിലേഷൻസ് കമ്മറ്റി പ്രസിഡന്റ്, ബസ്സേലിയോസ് ഗീവറുഗാസ് ദ്വിതിയൻ തിരുമനസ്സിലെ അസിസ്റ്റന്റ്, റൂർഡ് കമ്മററി ചെയർമാൻ, ബേസിൽ ദയറാ സുപ്പീരിയർ, മലങ്കര സഭയുടെ സ്കൂളുകളെ ഒരു കോർപ്പറേറ്റിന്റ് കീഴിൽ കൊണ്ടു വന്ന മാനേജർ, ാ. ീ. ര കോളേജുകളുടെ മാനേജർ, കാതോലിക്കേറ്റ് കോളേജ് ലോക്കൽ മാനേജർ, ബാലിക മഠം സ്കൂൾ മാനേജർ, കാതോലിക്കറ്റ് കോളേജിന്റെ പ്രഥമ പ്രിൻസിപ്പൾ, പത്തനംതിട്ട ജില്ല രൂപീകരണ കമ്മറ്റി രക്ഷാധികാരി, എന്നീ നിലകളിൽ അദ്ദേഹം സഭയ്ക്കും സമൂഹത്തിനും നൽകിയ സേവനങ്ങൾ ചരിത്രത്തിന്റെ ഏടുകളിൽ തങ്ക ലിപികളിൽ രേഖപ്പെടുത്തുമെന്നതിന് സംശയമില്ല. സഭയെ പ്രതിനിധാനം ചെയ്ത് അനേകം കോൺഫറൻസുകളിൽ സംബന്ധിച്ചിട്ടുള്ള അദ്ദേഹത്തിന്റെ അദ്ധ്യാപക വൃത്തിയിലുള്ള പ്രാവീണ്യം പ്രത്യേകം എടുത്തു പറയുവാൻ പര്യപ്താമാണ്. ജീവിതത്തിന്റെ ഉന്നത് ശ്രേണികളിൽ എത്തിയി ട്ടുള്ള, അദ്ദേഹത്തിന്റെ ശിഷ്യന്മാരുടെ സ്മരണയിൽ അദ്ദേഹം എന്നും നിറഞ്ഞു നില്ക്കും.

ആരാധനയിൽ അടിസ്ഥാനമാക്കിയ ഒരി വിശ്വാസമാണ് ഓർത്തഡോക്സ് സഭയ്ക്കുള്ള മുഖ്യ കൈമുതൽ എന്ന് വിശ്വസിച്ച അദ്ദേഹം ആരാധനയ്ക്കും പ്രാർത്ഥനയ്ക്കും ഉപവാസനത്തിനും നോമ്പിനും വലിയ പ്രാധാന്യം കൊടുത്തിരുന്നു. അനുകരണ യോഗ്യമായ അദ്ദേഹത്തിന്റെ പ്രാർത്ഥനാ ജീവിതം നമുക്ക് മാതൃകയാവട്ടെ. ഭക്തി നടിക്കുന്നതിൽ താല്പര്യമില്ലാതിരുന്ന അദ്ദേഹത്തിന്റെ തപസ്യയുടെ ഫലമാണ് Good Shepherd എന്ന വൈദിക പ്രാർത്ഥനാ സഹായി.

മലങ്കര സഭയുടെ ഒരു സംരക്ഷകനായിരുന്നു അഭി. തിരുമേനി. സ്വതന്ത്ര ഭാരതത്തിൽ സ്വതന്ത്രമായ ഒരു സഭ എന്ന ചിന്ത അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്നു. ഒന്നാം സ്ഥാനം ദൈവത്തിനും രണ്ടാം സ്ഥാനം സഭയ്ക്കും നൽകിയ അദ്ദേഹം സഭയുടെ സ്വയ ശിർഷകത്തിനും ഭരണ ഘടനയുടെ നിലനിൽപ്പിനും വേണ്ടി ആയുഷ്പര്യന്തം പ്രവർത്തിച്ചു. സ്ഥാനമാനങ്ങളെക്കാൾ ഉപരി സഭയെ സ്നേഹിച്ച അദ്ദേഹം വിശ്വാസ കാര്യങ്ങളിലും ഭരണപരമായ കാര്യങ്ങളിലും വിട്ടു വീഴ്ചയില്ലാത്ത നിലപാടാണ് സ്വാകരിച്ചിരുന്നത്. പണ്ഡിതനായ തിരമേനി ഒരു നല്ല പ്രസംഗകനായിരുന്നു. മിതഭാഷിയായിരുന്ന അദ്ദേഹത്തിന്റെ പ്രസംഗകൾ അർത്ഥ സംമ്പുഷ്ടങ്ങളായിരുന്നു. അതിലെ ആശയങ്ങൾ കേട്ടിട്ട് പുത്തൻ കാവിൽ കൊച്ചു തിരുമേനി ഇപ്രകാരം പറയുമായിരുന്നു; ‘തന്റെ ഒരു പ്രസംഗത്തിൽ എനിക്ക് നാല് പ്രസംഗകൾ നടത്താനുള്ള കാര്യങ്ങൾ ഉണ്ട്’ മാക്കാം കുന്ന് കൺവൻഷനിൽ, ഒരു വർഷത്തെ പ്രസംഗകൾ ക്രോഡീകരിച്ച് അദ്ദേഹം നടത്തിയിരുന്ന സമാപന സന്ദേശം വളരെ പ്രസിദ്ധമായിരുന്നു.

അഭി. തിരുമേനി ഒരു നല്ല സംഘാടകനായിരുന്നു. താൻ മുൻ കൈ എടുത്ത് നടത്തിയിട്ടുള്ള എല്ലാ പരിപാടികളും വിജയത്തിൽ എത്തിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. 1965 ലെ അന്ത്യോക്യാ പാത്രയർക്കീസിന്റെ മലങ്കര സന്ദർശനം, മാക്കാംകുന്നു കൺവൻഷൻ സപ്തതി, പത്തനംതിട്ടയിൽ നടന്ന മലങ്കര അസോസിയേഷൻ യോഗം, ഗീവറുഗീസ് ദ്വിതിയൻ ബാവാ തിരുമനസ്സിലെ ചരമ രജത ജൂബിലി ഇവ ഏതാനും ഉദാഹരണങ്ങൾ മാത്രം. അദ്ദേഹത്തിന്റെ സമയ നിഷ്ട, കൃത്യ നിഷ്ട, ഇവ അനുകരണീയങ്ങളാണ്.

ക്രാന്ത ദർശിയായ പുത്തൻകാവിൽ കൊച്ചു തിിരുമേനി തന്റെ സെക്രട്ടറിയായ, ഡാനിയേൽ ക്രേറിയിൽ തന്റെ പിൻഗാമിയെ ദർശിച്ചിരുന്നു.



പ. ഗീവർഗീസ് രണ്ടാമൻ കാതോലിക്കാ ബാവാ, മന്നത്ത് പത്മനാഭൻ എന്നിവർക്കൊപ്പം ദാനിയേൽ മാർ പീലക്സീനോസ് മെത്രാപ്പോലീത്താ.

“You have to Conoslidate, What I Conquer” ഞാൻ കീഴടക്കുന്നതെല്ലാം താൻ ക്രമീകൃതമാക്കണമെന്നു’ പുത്തൻകാവിൽ തിരുമേനിയെ ആഗ്രഹം അദ്ദേഹം സാധിച്ചു. തുമ്പമൺ ഭദ്രാസനം എല്ലാ രംഗങ്ങളിലും മലങ്കര സഭയിലെ മാതൃകാ ഭദ്രാസനമായിത്തീർന്നു. മനോഹരമായ ആരാധന സ്ഥലങ്ങൾ നമുക്ക് ഉണ്ടായിക്കഴിഞ്ഞു. വൈദീകരുടെ ഏകീകരണ ശമ്പള പരിഷ്ക്കരണ പദ്ധതി ആദ്യമായി നടപ്പിലാക്കിയത് തുമ്പമൺ ഭദ്രാസനത്തിലാണ്. ഇപ്പോൾ സഭ ആകമാനം അത് നടപ്പിലാക്കിക്കഴിഞ്ഞു. ആത്മീയ സംഘടനകളുടെ ഈറ്റില്ലമാണ് നമ്മുടെ ഭദ്രാസനം. സംഘടനാ പ്രവർത്തനങ്ങൾ കൃമീകൃതമായത് അഭി. തിരുമേനിയുടെ കാലത്താണ്. നമ്മുടെ ഇടവക ജനങ്ങൾ ഏതെങ്കിലും ഒരു സംഘടനയിൽ സജ്ജീവമായി പ്രവർത്തിക്കുക വഴി അദ്ദേഹത്തിന്റെ ആഗ്രഹം സാധിക്കുകയാണ് ചെയ്യുന്നത്. കേരളത്തിനകത്തും പുറത്തും പ്രവർത്തിക്കുന്ന അനേകം വൈദികരെ പ്രദാനം ചെയ്യുവാൻ നമുക്ക് കഴിയുന്നുണ്ട് എന്നുള്ളത് നമുക്ക് അഭിമാനിക്കാവുന്ന കാര്യമാണ്, നമ്മുടെ ആത്മീയ ചൈതന്യത്തിന്റെ നിദാനവും.

1990 ഡിസംബർ മാസം 13–ാം തീയതി അദ്ദേഹം കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. അദ്ദേഹത്തിന്റെ കിടയ്ക്കരുകിൽ നിന്നിരുന്ന ഈ ലേഖകൻ, അദ്ദേഹം ചുണ്ടുകൾ അനക്കി ദൈവത്തോടും, പരി. മാതാവിനോടും, പരിശുദ്ധന്മാരോടും പ്രാർത്ഥിക്കുന്നത് മനസ്സിലാക്കിയ ആളാണ്. പരി. ഗീവറുഗീസ് ദ്വതിയൻ ബാവാ ഉൾപ്പെടെയുള്ള പരിശുദ്ധന്മാരെ അദ്ദേഹം തന്റെ കിടയ്ക്കരുകിൽ ദർശിച്ചു. അഭി. തിരുമേനിയുടെ പാവന സ്മരണ നിലനിർത്തുന്നതിനായി പത്തനംതിട്ട ടൗണിൽ ഒരു ബഹു നില മന്ദിരം നിർമ്മിച്ചിട്ടുണ്ട്. അവിടെ ഒരു കൗൺസിലിംഗ് സെന്റർ, ബുക്ക് സ്റ്റാൾ, ആശുപത്രി ഇവ പ്രവർത്തിക്കുന്നു. മന്ദബുദ്ധികളായ കുട്ടികൾക്കുള്ള ഒരു സ്കൂൾ ആരംഭിക്കുവാനുള്ള ക്രമീകരണങ്ങൾ നടന്നു വരുന്നു.

അദ്ദേഹത്തിന്റെ പിൻഗാമിയായി, പുതിയ നൂറ്റാണ്ടിന്റെ ദർശനം ഉൾക്കൊണ്ടു കൊണ്ട്, അഭി. കുറിയാക്കോസ് മാർ ക്ലിമ്മീസ് തിരുമേനി ഭദ്രാസനത്തെ ശ്രേഷ്ടമായി നയിച്ചുകൊണ്ടിരിക്കുന്നു. പ്രവർത്തന നിരതരായ വൈദികരും സഭാ സ്നേഹം രക്തത്തിൽ അലിയിച്ചു ചേർത്ത വിശ്വാസികളും അദ്ദേഹത്തിന്റെ പ്രവർത്തനങ്ങൾക്ക് പിന്തുണയേകുന്നു. നമ്മുടെ ഭദ്രാസനത്തെ നയിച്ച എല്ലാ ആത്മീയ പിതാക്കന്മാരുടെയും പാവന സ്മരണയ്ക്ക് മുമ്പിൽ ആദരാജ്ഞലികൾ അർപ്പിച്ചുകൊണ്ട് നിർത്തുന്നു.

●

ഉണ്മയിൽ നന്മയുടെ പ്രകാശം


പ. ബസേലിയോസ് മാർത്തോമ്മാ പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവാ

കാലം ചെയ്ത അഭിവന്ദ്യ മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ ശിഷ്യഗണത്തിൽപെട്ട ഒരാളാണ് ഞാനും. ഒത്തിരിയൊത്തിരി ഓർമ്മകൾ ഇപ്പോൾ ഞങ്ങളുടെ എല്ലാവരുടെയും മനസ്സുകളിലൂടെ ഒരു പ്രവാഹംപോലെ ഒഴുകിവരുന്നുണ്ട്. ഉണ്മയിൽ തന്നെ നന്മ ഉണ്ടായിരുന്ന ഒരു പിതാവാണ് കടന്നുപോയത്. തിരുമേനിയുടെ ഉണ്മയിലുള്ള പ്രകാശം വിദ്യാർത്ഥികൾ തിരിച്ചറിഞ്ഞിട്ടുണ്ട്. തിരുമേനിയുടെ പ്രത്യേകതകളെക്കുറിച്ച് പല ചിന്തകൾ പലർക്കുമുണ്ടാകാം. പക്ഷേ, ആ വ്യക്തിത്വത്തിൽ കാണുന്നത് നന്മ നിറഞ്ഞ പ്രകാശമാണ്.

ഞങ്ങൾ സെമിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന കാലഘട്ടത്തിൽ അന്നത്തെ പ്രിൻസിപ്പാൾ പോൾ വർഗീസ് അച്ചനാണ് (പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനി). അദ്ദേഹത്തോട് ഞങ്ങൾക്ക് ഒന്ന് സംസാരിക്കണമെങ്കിൽ, ചിലപ്പോൾ ദിവസങ്ങൾ, ആഴ്ചകൾ കാത്തിരിക്കണം. എങ്കിൽ മാത്രമേ ഒരു വാചകമോ രണ്ടു വാചകമോ തിരുമേനിയുടെ അടുത്ത് ചെന്നു പറയാനുള്ള അവസരം വിദ്യാർത്ഥികളായ ഞങ്ങൾക്കു ലഭിക്കുകയുള്ളു. ഞങ്ങൾ തിരുമേനിയെ ഒരു അമാനുഷിക വ്യക്തിത്വമായിട്ട് കണ്ടിരുന്ന ഒരു കാലഘട്ടം. സെമിനാരിയിൽ ബർണബാസ് തിരുമേനി അന്ന് വാർഡനായിരുന്നു. സന്ധ്യാനമസ്കാരം കഴിഞ്ഞ് 7 മണി ആകുമ്പോൾ വിദ്യാർത്ഥികൾക്കെല്ലാം തന്നെ സ്റ്റഡി ടൈം ഉണ്ട്. ഈ സ്റ്റഡി ടൈം തുടങ്ങിയാൽ എല്ലാവരും അവരവരുടെ മുറികളിൽ ഇരുന്ന് ശാന്തമായി പഠിക്കുന്ന രീതിയാണുള്ളത്. പ്രിൻസിപ്പലച്ചൻ അഥവാ പോൾ വർഗീസച്ചൻ ഒരു ദിവസം, പൗരസ്ത്യ ഓർത്തഡോക്സ് സഭകളുടെ ആരാധനയിലുള്ള സംഗീതം (ഗ്രിഗോറിയൻ ചാന്റ്) കേട്ട് ആസ്വദിക്കുകയായിരുന്നു. ഏഴു മണി കഴിഞ്ഞിട്ടും സംഗീതം നിലയ്ക്കുന്നില്ല. ആ സമയത്ത് അതാ അതിശക്തമായി ഫാ. കെ. കെ. മാത്യൂസച്ചൻ, പോൾ വർഗീസച്ചന്റെ വാതിലിൽ മുട്ടുന്നു. വാതിൽ തുറന്നു. വാർഡനച്ചൻ പ്രിൻസിപ്പലച്ചനോടു പറയുകയാണ്, "കൊള്ളാം. നല്ല പാട്ട്. പക്ഷേ, സ്റ്റഡി ടൈം തുടങ്ങി. സംഗീതം നിർത്തണം" എന്ന്. സൗമ്യമായ ഭാഷയിലുള്ള ആ വാക്കുകൾ കേട്ട് ഗ്രീഗോറിയോസ് തിരുമേനി ശിരസ്സു കുനിച്ചുകൊണ്ട് "ഞാൻ അനുസരിക്കുന്നു" എന്ന് പറഞ്ഞ് സംഗീതം നിർത്തിയത് ഞാൻ ദൂരെ നിന്നു കണ്ടിട്ടുണ്ട്. നിഷ്കളങ്കമായി ആരുടെ അടുത്തും തന്റെ മനസ്സിലുള്ളത് വെട്ടിത്തുറന്നു പറയാനുള്ള നിർഭയത്വം അദ്ദേഹത്തിനുണ്ടായിരുന്നു.

അഭി. ബർണബാസ് തിരുമേനി പാമ്പാടി ദയറായിലേയ്ക്ക് കൊണ്ടുവരപ്പെട്ടു എന്നുള്ളത്, ഒരുപക്ഷേ ദൈവത്തിന്റെ ഹിതമാണ്. അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനി ഈ കാര്യത്തിൽ എടുത്ത തീരുമാനവും ദൈവനിയോഗമായിട്ടു മാത്രമേ കാണുവാൻ സാധിക്കുകയുള്ളു. വാർദ്ധക്യത്തിൽ, രോഗാവസ്ഥയിൽ, ഒരാളെ പരിചരിക്കുകയും ശുശ്രൂഷിക്കുകയും ചെയ്യുക ഒരു പുണ്യമാണ്. തിരുമേനിയെ ഏറ്റവും കൂടുതലായി പരിചരിച്ചിട്ടുള്ള മൂന്നു കുഞ്ഞുങ്ങൾ ഉണ്ട്: കുറിയാക്കോസും ഫീലിപ്പോസും ഫിലിപ്പും (ബിബിനും ലിബിനും റിറ്റുവും). അവർ സ്വന്തം അപ്പനെ ശുശ്രൂഷിക്കുന്നതിനേക്കാൾ അധികമായി ശുശ്രൂഷിച്ചു. തിരുമേനി എന്തു പറയുമ്പോഴും രാത്രിയെന്നോ പകലെന്നോ കണക്കിലെടുക്കാതെ ഈ പിതാവിനെ ശുശ്രൂഷിച്ച് പുണ്യം സ്വീകരിച്ചിട്ടുള്ള മൂന്ന് കുഞ്ഞുങ്ങൾ ആണ്. അഭിവന്ദ്യ ഈവാനിയോസ് തിരുമേനി ആ കുട്ടികളെ ഈ പരിചരണകാര്യങ്ങളിൽ നിയോഗിക്കുകയും, കുഞ്ഞുങ്ങൾ അത് കൃത്യമായി നിറവേറ്റുകയും ചെയ്തു. അവരോട് മലങ്കരസഭയ്ക്കുള്ള കടപ്പാട്, വ്യക്തിപരമായിട്ടുള്ള കടപ്പാട് ഏറെയുണ്ട്. അതുപോലെതന്നെ പാമ്പാടി ദയറായുടെ ചുമതലക്കാരായ മാത്തുക്കുട്ടി അച്ചൻ, വർഗീസച്ചൻ, മറ്റു ചുമതലക്കാർ ഒക്കെ ഏറെ പ്രശംസ അർഹിക്കുന്നു.

അഭിവന്ദ്യ ഈവാനിയോസ് തിരുമേനി ഇവിടെ ഇടയ്ക്കിടയ്ക്കു വരികയും കാര്യങ്ങൾ അന്വേഷിക്കുകയും ചെയ്തുകൊണ്ടിരുന്നു. വാർദ്ധക്യ കാലഘട്ടത്തിൽ അവരുടെ മനസ്സിനിണങ്ങുന്നവിധത്തിൽ ഒരു പരിചരണം നൽകാൻ നമുക്ക് സാധിക്കുന്നുവെങ്കിൽ അത് ദൈവത്തിന്റെ വലിയ അനുഗ്രഹമാണ്. പ്രായമുള്ളവരോട് അവഗണന കാണിക്കുന്ന ഒരു കാലഘട്ടത്തിലാണ് നമ്മൾ



ഓർമ്മ ഡിസംബർ 9-ന് വളയഞ്ചിറങ്ങര പള്ളിയിൽ

ഇന്ന് ജീവിക്കുന്നത്. നമ്മുടെ മാതാപിതാക്കൾ നമുക്കുവേണ്ടി ഏറെ കഷ്ടപ്പെടുകയും സമ്പാദിക്കുകയും വളർത്തുകയും ചെയ്തിട്ടുപോലും, ആ മാതാപിതാക്കളുടെ കാര്യത്തിൽ വേണ്ടതുപോലെ വർത്തമാന കാലഘട്ടത്തിലെ സമൂഹം പരിഗണിക്കുന്നില്ല എന്നുള്ളത് ഒരു ആഗോളവ്യാപകമായ മുറവിളിയാണെന്ന് നമുക്കറിയാം. എന്നാൽ ഈ പാമ്പാടി ദയറായിൽ, ബർണബാസ് തിരുമേനി വിശ്രമിക്കുകയും തന്റെ അവസാന കാലഘട്ടത്തിലെ രോഗാവസ്ഥയിലും വളരെ സന്തോഷത്തോടെ, ഒരു പഴയകാല ഓർമ്മ പുതുക്കത്തക്കവണ്ണമുള്ള നിലയിൽ ജീവിതം നയിക്കുവാൻ ഇടയാകുകയും ചെയ്തു. അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയുടെ ഈ വലിയ മനസ്സിന്റെ മുമ്പിൽ മലങ്കരസഭയ്ക്ക് ഏറെ കടപ്പാടുണ്ട്; അതുപോലെ ഇവിടെ താമസിച്ച് ഇതിന്റെയെല്ലാം ചുമതലകൾ നിർവഹിക്കുന്ന ബഹുമാനപ്പെട്ട അച്ചന്മാരോടും ത്യാഗപൂർണ്ണമായി, വാടാത്ത മുഖത്തോടുകൂടി ബർണബാസ് തിരുമേനി എന്ത് ആഗ്രഹിക്കുമ്പോഴും അതൊക്കെ നിർവഹിച്ചുകൊടുത്തവരോടും സഭ കടപ്പെട്ടിരിക്കുന്നു.

കഴിഞ്ഞ പ. സുന്നഹദോസിൽ അഭിവന്ദ്യ ബർണബാസ് തിരുമേനി കടന്നുവന്നു. അന്ന് അദ്ദേഹത്തിന്റെ 88-ാം ജന്മദിനവും കൂടി ആയിരുന്നു. അവിടെ വന്ന് നാലഞ്ചു വാചകം പറഞ്ഞു. ഞങ്ങളൊക്കെ വളരെ ആദരവോടെയാണ് തിരുമേനിയോട് ഇടപെടുന്നത്. തിരുമേനിയുടെ മുമ്പിൽ ശിരസ്സു നമിക്കുന്ന ഒരു പ്രതീതിയാണ് എല്ലാ സഹോദര മെത്രാപ്പോലീത്തന്മാർക്കും ഉള്ളത്. അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽപെട്ട ധാരാളം പിതാക്കന്മാരും ഇന്ന് പ. സുന്നഹദോസിൽ ഉണ്ട്. പ്രത്യേകിച്ച് ആ തിരുമേനിയുടെ ജീവിതത്തിന്റെ മാതൃക അന്യംനിന്നു പോകാതിരിക്കട്ടെ എന്ന് വീണ്ടും വീണ്ടും ഞാനും ഓർമ്മിപ്പിക്കു

ന്നു. അഭിവന്ദ്യ ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയോടും ഇവിടെ ബർണബാസ് തിരുമേനിയുടെ പരിചരണം ഏറ്റെടുത്ത് ഈ പാമ്പാടി ദയറായിൽ തിരുമേനിക്ക് അവസാന കാലഘട്ടത്തിൽ വളരെ സമാധാനത്തോടും സന്തുഷ്ടിയോടും കൂടി ജീവിക്കാൻ തക്കവണ്ണം എല്ലാ ക്രമീകരണങ്ങളും ചെയ്ത ഏവരോടും മലങ്കരസഭയുടെ സ്നേഹവും കടപ്പാടും നന്ദിയും അറിയിക്കുന്നു.

* * * * * *

ദൈവസന്നിധിയിലേക്ക് വിളിച്ചു ചേർക്കപ്പെട്ട അഭി. മാത്യൂസ് മാർ ബർണബാസ് തിരുമേനിയുടെ സ്വർഗ്ഗസന്നിധിയിലേക്കുള്ള മടക്കയാത്രയിൽ, യാത്രാമംഗളം നേർന്നുകൊണ്ട് ആ പിതാവിനെ പ്രത്യാശയോടും സമാധാനത്തോടും കൂടെ യാത്രയയയ്ക്കുന്ന സംസ്കാര ശുശ്രൂഷയിൽ നമ്മളിപ്പോൾ പങ്കെടുത്തുകൊണ്ടിരിക്കുകയാണ്. ഒരുപാട് ഓർമ്മകൾ ഈ വന്ദ്യ പിതാവിനെക്കുറിച്ച് നമ്മൾ ഓരോരുത്തരുടെയും മനസ്സിലൂടെ കയറിയിറങ്ങിപ്പോകുന്ന സന്ദർഭമാണിത്. ഈ പിതാവ് ശുശ്രൂഷിച്ചിട്ടുള്ളതും സേവിച്ചിട്ടുള്ളതും പഠിപ്പിച്ചിട്ടുള്ളതുമായ ഒത്തിരിയൊത്തിരി ചിന്തകൾ, മാതൃകകൾ, നമ്മളുടെ ഹൃദയത്തെ പിടിച്ചു മുറുക്കത്തക്കവണ്ണമുള്ള അനേക സന്ദേശങ്ങൾ നമുക്ക് നൽകിയിട്ടാണ് പോകുന്നത്.

1969-ലാണ് വൈദികസെമിനാരിയിലേക്ക് ഞാൻ പഠിക്കുവാൻ എത്തുന്നത്. ആ സമയത്ത് ഈ പിതാവ് - ബഹുമാനപ്പെട്ട കെ. കെ. മാത്യൂസച്ചൻ -അന്നവിടെ അദ്ധ്യാപകനും വാർഡനുമാണ്. ഞങ്ങളെ ഏതുസമയത്തും ദിശാബോധം തെറ്റാതെ നയിക്കുന്ന ഒരു പിതാവും ആയിരുന്നു. ബർണബാസ് തിരുമേനിയുമായി ബന്ധപ്പെടുകയും തിരുമേനിയെ കാണുകയും സംസാരിക്കയുമൊക്കെ ചെയ്യുമ്പോൾ തിരുമേനിയുടെ വ്യക്തിത്വത്തിന്റെ ഒരു മുദ്ര നമ്മളുടെ ഹൃദയത്തിൽ പതിക്കും. അങ്ങനെയുള്ള ഒരു സ്വഭാവവൈശിഷ്ട്യം ഈ പിതാവിൽ പരിചയപ്പെട്ടവർക്കും ബന്ധപ്പെട്ടവർക്കുമൊക്കെ ബോധ്യപ്പെട്ടിട്ടുള്ള ഒരു വസ്തുതയാണ്. രണ്ടു മൂന്നു പ്രധാന പ്രത്യേകതകൾ ഈ പിതാവിന്റെ ജീവിതത്തിൽ നിന്നുള്ളത് എന്നെ ആകർഷിച്ചിട്ടുണ്ട്. അതിൽ ഒന്നാമത്തെ പ്രത്യേകത, തിരുമേനിയുടെ ലാളിത്യമാണ്. ലാളിത്യം പ്രസംഗത്തിൽ അവതരിപ്പിക്കുവാനുള്ളതല്ല, ലാളിത്യം ജീവിതത്തിൽ നിലനിർത്തുകയും പകർത്തുകയും ചെയ്യുകയാണ്. ലാളിത്യമുണ്ട് എന്ന് തിരുമേനി ഒരുപക്ഷേ അവകാശപ്പെടുകയില്ല. കാഴ്ചക്കാരായ നമുക്ക് ബോധ്യപ്പെടുകയാണ്, ലാളിത്യത്തിന്റെ ആൾരൂപമാണ് ഈ പിതാവ് എന്നുള്ളത്. അദ്ദേഹത്തിന്റെ വസ്ത്രധാരണം, യാത്രാശൈലി, ഭക്ഷണകാര്യങ്ങൾ, ഏതു വിഷയം എടുത്താലും ഈ പിതാവ് ലാളിത്യത്തിന്റെ ആൾരൂപമാണ്. ഇത് ഏവർക്കും എന്നും എപ്പോഴും ബോധ്യമാണ്. ഇടുക്കിയിൽ നിന്നും ന്യൂയോർക്കിലേക്കാണ് അദ്ദേഹം യാത്ര പോയത്. അങ്ങനെയൊരു തീരുമാനം പ. സുന്നഹദോസ് എടുക്കുമ്പോൾ ചിലരൊക്കെ നെറ്റി ചുളിച്ചിരുന്നു. ന്യൂയോർക്കിൽ ചെന്നാൽ, തിരുമേനി എങ്ങനെയായിരിക്കും അവിടെ ഇടപെടുന്നത്, ഒരു പ്രത്യേക സാഹചര്യത്തിൽ അമേരിക്കൻ ഭദ്രാസനത്തിന്റെ ചുമതല ഈ വന്ദ്യ പിതാവിൽ പ. സുന്നഹദോസ് ഏല്പിക്കുകയായിരുന്നു. കോട്ടയം മുതൽ ഇടുക്കിയിലെ ചക്കുപള്ളം വരെ തിരക്കുള്ള ബസ്സിൽ കയറി കമ്പിയിൽ കൈ പിടിച്ച് യാത്ര ചെയ്യുന്ന ഒരു മേല്പട്ടസ്ഥാനി. അദ്ദേഹം ന്യൂയോർക്കിൽ ചെല്ലുമ്പോൾ എന്തായിരിക്കും സ്ഥിതി? പക്ഷേ ആർക്കും ചെയ്യാൻ സാധിക്കാത്തതും, ആരും ഒരിക്കലും പ്രതീക്ഷിക്കാത്തതുമായ ഒത്തിരിയൊത്തിരി നേട്ടങ്ങൾ അമേരിക്കൻ ഭദ്രാസനത്തിനായി ഈ പിതാവിന് ചെയ്യാൻ സാധിച്ചു. ദൈവം ഈ പിതാവിനോടൊപ്പം ഉണ്ടായിരുന്നു എന്ന് നമുക്ക് ബോധ്യപ്പെട്ടു.

2012 ഡിസംബർ 9-ന് ഞായറാഴ്ച വെളുപ്പിനാണ് തിരുമേനി കാലം ചെയ്ത വാർത്ത കേൾക്കുന്നത്. പത്തു മിനിട്ടിനകം അഭിവന്ദ്യ സഖറിയാ മാർ നിക്കോളവാസ് തിരുമേനി എന്നെ വിളിച്ചു. തിരുമേനി ആദ്യം പറഞ്ഞത്, എന്നാണ് കബറടക്ക ശുശ്രൂഷ നടത്തുവാനായിട്ട് ഉദ്ദേശിക്കുന്നത്, ഒന്നോ രണ്ടോ മൂന്നോ ദിവസം ഞങ്ങൾക്കുവേണ്ടി കാത്തിരിക്കണമെന്നാണ് തിരുമേനി ആദ്യം പറഞ്ഞത്. അമേരിക്കയിൽ നിന്നുള്ള ആ ശബ്ദത്തിനു മുമ്പിൽ മലങ്കരസഭയ്ക്ക് അനുസരിക്കുകയല്ലാതെ മറ്റു വഴികളൊന്നുമില്ല. അല്ലെന്നുണ്ടെങ്കിൽ ഇന്നലെയോ മിനിഞ്ഞാന്നോ ഈ പിതാവിന്റെ കബറടക്കശുശ്രൂഷ നടത്താമായിരുന്നു. പക്ഷേ, ലോകത്തിന്റെ മുഴുവനും ഭൗതിക ശക്തികേന്ദ്രമെന്ന് വിശ്വസിക്കപ്പെടാവുന്ന അമേരിക്കയിൽ നിന്നുള്ള ഒരാവശ്യമാണ്, ആ പിതാവിന്റെ കബറടക്ക ശുശ്രൂഷയിൽ ഞങ്ങൾക്കും വന്നു പങ്കുചേരണം എന്നുള്ളത്. ഒരുപക്ഷേ



ഞങ്ങൾക്കെല്ലാവർക്കും ഒരുമിച്ച് ടിക്കറ്റ് ക്രമപ്പെടുത്താൻ സാധിക്കുകയില്ല. ബുധനാഴ്ച ഉച്ചവരെയെങ്കിലും ഈ പിതാവിന്റെ കബറടക്കം ദീർഘിപ്പിക്കുകയും ആ പിതാവിന്റെ സന്നിധിയിൽ അന്ത്യോപചാരം അർപ്പിക്കുവാനുള്ള സൗകര്യം ഞങ്ങൾക്കും വേണമെന്ന് ആ ഭദ്രാസനത്തിൽ നിന്ന് ഒരു വലിയ ശബ്ദം ഉണ്ടായി. അതിന് ഒത്തിരി സന്ദേശമുണ്ടെന്നാണ് എന്റെ വിചാരം.

അമേരിക്കയിൽ നിന്നു ബർണബാസ് തിരുമേനിക്ക് വിടവാങ്ങൽ നൽകിയപ്പോൾ എനിക്കും പങ്കെടുക്കുവാൻ അവസരം ഉണ്ടായി. വിടവാങ്ങൽ ചടങ്ങിലെ പ്രസംഗങ്ങളിങ്ങനെ നടക്കുകയാണ്. അതോടൊപ്പം തിരുമേനിയെയും എന്നെയും നിർത്തി ഫോട്ടോയ്ക്ക് പോസിംഗ് തുടങ്ങി. മൂന്നു മണിക്കൂറോളം എനിക്കു നിൽക്കേണ്ടി വന്നു. അപ്പോഴേക്കും തിരുമേനി അസ്വസ്ഥനായി. നിക്കോളവോസ് തിരുമേനി എന്റെ കൈയ്ക്കു പിടിച്ച് ഏതോ ഒരു മറുവഴിയിലൂടെ എന്നെ അവിടെ നിന്നു രക്ഷപെടുത്തി. ഞാൻ ഇത് പറഞ്ഞത്, ജനങ്ങളുടെ ഭാഗം, ജനങ്ങളുടെ ആഗ്രഹം എത്രമാത്രമാണെന്ന് കാണിക്കുവാനാണ്. ഈ തിരുമേനിയെ ഒന്നു തൊടണമെന്ന് ആഗ്രഹിക്കുന്ന ഒരു ചെറുപ്പക്കാരനെ എനിക്ക് അമേരിക്കയിൽ കണ്ടുകിട്ടി. 'ബർണബാസ് തിരുമേനിയെ ഒന്നു തൊടണം'; അതാണ് ആ ചെറുപ്പക്കാരന്റെ ആഗ്രഹം. പ്രിയപ്പെട്ടവരേ, ഇത് ബർണബാസ് തിരുമേനിക്കു മാത്രം നേടിയെടുക്കാവുന്ന ചില ചിന്തകളും ചില മുദ്രകളും ആണ്. അതുകൊണ്ട് ഈ വന്ദ്യ പിതാവിനെക്കുറിച്ച് എനിക്ക് ഓർപ്പിക്കാനുള്ളത് അദ്ദേഹത്തിന്റെ ജീവിതലാളിത്യത്തെക്കുറിച്ചാണ്. അത് പ്രസംഗമല്ല, അദ്ദേഹം അതിന്റെയൊരു ആൾരൂപമാണ്; മൂർത്തീഭാവമാണ്. ഇത് ഞങ്ങൾക്കൊന്നുമില്ലാത്തതാണത്. ഈ ലാളിത്യം നമുക്ക് ഒത്തിരി സന്ദേശം നൽകുന്നുണ്ട്.

രണ്ടാമതായി, ബർണബാസ് തിരുമേനിയിൽ ഒരു നിഷ്കളങ്കതാ ഭാവമുണ്ട്. തിരുമേനി ആരോട് എന്ത് സംസാരിക്കുമ്പോഴും ചിലർക്ക് ആ സംസാരം അപ്രിയ സത്യങ്ങളായിരിക്കും. നമ്മൾ മറ്റുള്ളവരോട് സംസാരിക്കുമ്പോൾ ആ വാക്കുകളൊന്നു മിനുക്കിയെടുത്ത് കേൾവിക്കാരന് യാതൊരു അസ്വസ്ഥതയും ഉണ്ടാകാത്തവിധത്തിൽ വാക്കുകൾക്ക് ആവശ്യമുള്ള മേമ്പൊടിയിട്ടായിരിക്കും സംസാരിക്കുന്നത്. കാരണം, കേൾവിക്കാരന്റെ അനിഷ്ടം പറയുന്നവന് ഉണ്ടാകരുതെന്നുള്ളതാണ് അതിന്റെ പ്രധാന ചിന്ത. അഭി. ബർണബാസ് തിരുമേനി അങ്ങനെ വാക്കുകൾക്ക് മേമ്പൊടി കൊടുക്കാനോ അത് അപ്രിയ സത്യമോ പ്രിയ സത്യമോ എന്നുള്ളത് അന്വേഷിക്കാനോ മിനക്കെടാതെ കുട്ടികളുടെ മനസ്സിന്റെ ഒരു ഭാവം പോലെ തിരുമേനി സംസാരിക്കും. ചിലപ്പോൾ കേൾവിക്കാരന് അപ്രിയ സത്യമായിരിക്കും. തിരുമേനിക്കത് വിഷയമൊന്നുമല്ല. പക്ഷേ, ഇതൊക്കെ പറയുന്ന അല്പസമയത്തേക്കു മാത്രമേ കാണുകയുള്ളൂ. പറഞ്ഞു കഴിയുമ്പോൾ എല്ലാം കഴിഞ്ഞു.

ബർണബാസ് തിരുമേനിയുടെ ജീവിതം ഒരു ആദ്ധ്യാത്മികമായ ഭാവത്തിന്റെ ബഹിർസ്ഫുരണമെന്നാണ് എനിക്കു തോന്നിയിട്ടുള്ളത്. നമുക്കാർക്കും പറയാനൊക്കാത്ത കാര്യങ്ങൾ, അത് ചിലപ്പോൾ സഭയിലെ ഉന്നതവ്യക്തിയെക്കു

റിച്ചായിരിക്കും. ലോകപ്രകാരം അതി ശക്തന്മാരെന്നു വിളിക്കപ്പെടുന്നവരുടെ മുമ്പിലും തിരുമേനിയുടെ ഉള്ളിലെ ഭാവം വാക്കുകളിലൂടെ പുറപ്പെടുവിക്കുവാൻ തിരുമേനിക്ക് മാത്രമേ സാധിക്കുകയുള്ളു. അത് തന്നെയാണ് തിരുമേനിയുടെ നിഷ്കളങ്കതയുടെ ഭാവത്തിൽ അതിനെ കാണാനായിട്ട് നമുക്ക് സാധിക്കുന്നത്. ആധുനികതയുടെ മനുഷ്യമുഖം ഒരിക്കലും തിരുമേനിയിൽ ഉണ്ടായിരുന്നില്ല. ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയൊക്കെ ബർണബാസ് തിരുമേനിയുടെ മുമ്പിൽ വിനയാന്വിതനായി സംസാരിക്കുന്നത് ഞാൻ കണ്ടിട്ടുണ്ട്. പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിക്ക് ഇഷ്ടമില്ലാത്ത കാര്യങ്ങൾ ഉച്ചരിക്കുന്നത് ഞാൻ കേട്ടിട്ടുണ്ട്. പ. വട്ടക്കുന്നേൽ ബാവാ തിരുമേനിയുടെ മുന്നിൽ തിരുമേനിക്ക് താൽപര്യമില്ലാത്ത വാക്കുകൾ ബർണബാസ് തിരുമേനി ഉച്ചരിക്കുന്നത് ഇവിടെയിരിക്കുന്ന പല പിതാക്കന്മാരും വൈദികരും നേരിട്ടു കേട്ടിട്ടുണ്ട്. പക്ഷേ, ആർക്കും തിരുമേനിയോട് ഒരു അസ്വസ്ഥതയോ ഏതെങ്കിലും ഈർഷ്യയോ ഒന്നും തോന്നുകയില്ല. തോന്നിയിട്ടുണ്ടാവാൻ വഴിയില്ല. തീർച്ചയായും അങ്ങനെയുള്ള ഒരു വ്യതിരിക്തത നിറഞ്ഞ വ്യക്തിത്വത്തിന്റെ ഭാവം തിരുമേനിയിൽ ഏറെ ഏറെ ഉണ്ടായിട്ടുണ്ട്.

അമേരിക്കൻ ഭദ്രാസനത്തിൽ നിന്ന് അനേകം വൈദികരുടെ സാന്നിദ്ധ്യമിവിടെയുണ്ട്. വിശ്വാസികളായ പലരും ഇവിടെ വന്നിട്ടുണ്ട്. എന്തുകൊണ്ടാണ് അവർ കടന്നുവന്നിട്ടുള്ളത്? തിരുമേനിയുടെ അന്ത്യനിമിഷങ്ങൾ കാണണമെന്നുള്ള ഒരു വലിയ ആഗ്രഹം കൊണ്ടായിരിക്കാം. മലങ്കരസഭയെ സംബന്ധിച്ചിടത്തോളം, തിരുമേനി നമുക്ക് നൽകുന്ന ചില സന്ദേശങ്ങൾ അന്യംനിന്നു പോകരുത്. ഓരോ പിതാക്കന്മാരും നമ്മിൽനിന്നു കടന്നുപോകുമ്പോൾ, അപ്രത്യക്ഷമാകുമ്പോൾ, നമുക്ക് നഷ്ടമാകുന്നത് അവരുടെ ചില കാലടികൾ, അവരുടെ ചില മാതൃകകൾ, അവർ വെച്ചേച്ചുപോയ ചില സന്ദേശങ്ങൾ അല്ലെങ്കിൽ ചുവടുകൾ നമുക്ക് അന്യംനിന്നു പോകുന്നുണ്ടോ എന്നുള്ളത് ചിലപ്പോഴൊക്കെ എന്നെ ചിന്തിപ്പിച്ചിട്ടുണ്ട്.

അതുകൊണ്ട് ഈ പിതാവ്, നമുക്ക് നൽകിയിട്ടുള്ള കാൽചുവടുകൾ അത് ഒത്തിരിയൊത്തിരി ആദ്ധ്യാത്മികമായ നിലവാരത്തിലും ഒരു സഭയുടെ ദിശാബോധത്തിന്റെ കാഴ്ചപ്പാടിലുമൊക്കെ നോക്കുമ്പോൾ അത് നമുക്ക് ഏറെ സമ്പത്താണ്. ഈ സമ്പത്ത് സഭയിൽ നഷ്ടപ്പെടാതിരിക്കട്ടെ.

അഭി. ബർണബാസ് തിരുമേനി ഒരു പ്രത്യേക സന്ദർഭത്തിൽ അമേരിക്കൻ ഭദ്രാസന ഭരണചുമതലയിൽ നിന്ന് പിൻവാങ്ങിക്കൊണ്ട് വളരെ സന്തോഷത്തോടെ എല്ലാവരെയും കണ്ട് നാട്ടിലേക്കു തിരിച്ചുപോകാനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു. സഭയുടെ പ്രധാന വ്യക്തികളുടെയൊക്കെ മനസ്സിൽ, തിരുമേനി തിരിച്ചുവന്ന് എവിടെയാണ് വിശ്രമിക്കേണ്ടത് എന്നുള്ളത് ഒരു ചിന്തയായിരുന്നു. തിരുമേനിയുടെ വിശ്രമം എവിടെ? ആ വിശ്രമത്തിന് അനുയോജ്യമായി കണ്ടെത്തിയത് കോലഞ്ചേരി മെഡിക്കൽ കോളജ് ആശുപത്രിയോടനുബന്ധിച്ചുള്ള ഒരു സ്യൂട്ട് ആയിരുന്നു. ആശുപത്രിയുടെ മാനേജ്മെന്റ് വളരെ സന്തോഷത്തോടെ അത് സ്വീകരിക്കുകയും തിരുമേനിയുടെ മനസ്സിനിണങ്ങുന്നവിധത്തിൽ അവിടെ അല്പം ചികിത്സയും അതോടൊപ്പം തന്നെ സന്തോഷവും സമാധാനവുമുള്ള അന്തരീക്ഷത്തിൽ കഴിച്ചുകൂട്ടുവാനുള്ള എല്ലാ ക്രമീകരണങ്ങളും ചെയ്തു എന്നുള്ളത് മലങ്കരസഭ സന്തോഷത്തോടെ ഓർക്കുകയാണ്. ആ സമയത്തും തിരുമേനിയെ ശുശ്രൂഷിക്കുന്നത് എവിടെ, ആര് എന്നുള്ളത് ഒരു പ്രധാനപ്പെട്ട ഒരു ചിന്തയായിരുന്നു. നമ്മുടെ പിതാക്കന്മാരെയൊക്കെ ശുശ്രൂഷിപ്പാൻ തക്കവണ്ണമുള്ള, നമ്മുടെ സംസ്കാരത്തിനൊത്തവണ്ണമുള്ള ക്രമീകരണങ്ങൾ എവിടെയെന്ന ചിന്ത. അപ്പോഴാണ് കോട്ടയം ഭദ്രാസനത്തിന്റെ അഭി. ഗീവറുഗീസ് മാർ ഈവാനിയോസ് തിരുമേനി, ആ ഒരു വലിയ ചുമതല സന്തോഷത്തോടെ സ്വയം സ്വീകരിക്കുകയും ഏറ്റെടുക്കുകയും ചെയ്തത്. തിരുമേനിയുടെ ദയറായിൽ നിന്നു കുട്ടികളെ വിട്ടുകൊടുത്ത് അഭി. ബർണബാസ് തിരുമേനിയെ പരിചരിക്കുവാൻ നിയമിച്ചാക്കി. ആ കുട്ടികളുടെ സാന്നിധ്യം ഇപ്പോഴുമിവിടെ ഉണ്ട്. അതുകഴിഞ്ഞ് ഒരു പ്രത്യേക സാഹചര്യത്തിൽ ആശുപത്രിയിൽ നിന്ന് തിരുമേനിയെ മറ്റൊരിടത്തേക്ക് മാറ്റി പരിചരിക്കണമെന്ന സാഹചര്യമുണ്ടായപ്പോൾ അഭി. ഈവാനിയോസ് തിരുമേനി ആ കാര്യത്തിൽ, അദ്ദേഹത്തോട് നിർബന്ധിച്ചതല്ല, ചോദിച്ചതല്ല, അദ്ദേഹമിങ്ങോട്ട് എന്നോടു പറഞ്ഞതാണ്. ബർണബാസ് തിരുമേനിയെ പരിചരിക്കുവാനും എല്ലാ വിധത്തിലും തിരുമേനിയുടെ മനസ്സിന് സന്തോഷപ്രദമായ ഒരു ജീവിതം നയിക്കാനുള്ള ക്രമീകരണങ്ങൾ ക്രമപ്പെടുത്തുവാൻ ഞാൻ സന്നദ്ധമാണ് എന്ന്. വളരെ ആദരവോടുകൂടി മാത്രമേ എനിക്ക് ആ വാക്കുകളെ ഉൾക്കൊള്ളുവാനായിട്ട് സാധിച്ചുള്ളു. പിന്നീട് പാമ്പാടി ദയറായിൽ ബർണബാസ് തിരുമേനി താമസിച്ചു.



തിരുമേനിയുടെ ഇഷ്ടങ്ങൾ എന്തൊക്കെയാണോ അതൊക്കെ അവിടെ നിറവേറ്റത്തക്കവണ്ണമുള്ള ക്രമീകരണങ്ങൾ ചെയ്തു. പാമ്പാടി ദയറായിൽ തിരുമേനി താമസിക്കുമ്പോഴും ഓരോ ഞായറാഴ്ചയും തിരുമേനി (മരുന്നും ചികിത്സയുമൊക്കെ അല്പമൊന്നു കുറഞ്ഞ് തിരുമേനി ഊർജ്ജസ്വലനായിട്ട്, പഴയ ബർണബാസ് മെത്രാച്ചനെപ്പോലെ) ഇന്ന പള്ളിയിൽ പോകണം, ഇന്നയിടത്തേക്ക് പോകണം, ഇന്നയിടത്ത് പ്രസംഗിക്കണം എന്നു പറയത്തക്കവണ്ണമുള്ള ബർണബാസ് തിരുമേനിയുടെ മനസ്സിന്റെ ഒരു വലിയ സന്തോഷകരമായ ഒരു അവസ്ഥാവിശേഷം ഈ അവസാനനാളുകളിൽ ഉണ്ടായി എന്നുള്ളത് വളരെ സന്തോഷകരമാണ്. തീർച്ചയായും അഭി. ഗീവർഗീസ് മാർ ഈവാനിയോസ് തിരുമേനിയോടും, തിരുമേനിയുടെ ദയറായിലെ കുഞ്ഞുങ്ങളോടും, ബർണബാസ് തിരുമേനിയെ പരിചരിച്ച വൈദികശ്രേഷ്ഠരോടും ഒക്കെയുള്ള സ്നേഹം, ആദരവ്, നന്ദി എന്നിവ ഈ സഭയുടെ ഒരു പ്രധാന മേലദ്ധ്യക്ഷൻ എന്ന നിലയിൽ അറിയിക്കുവാൻ എനിക്ക് വളരെ സന്തോഷമുണ്ട്.

വാർദ്ധക്യം നമ്മൾ ഉദ്ദേശിക്കുന്നതുപോലെ സന്തോഷകരമാകണമെന്നില്ല. കാലഘട്ടത്തിന്റെ വെല്ലുവിളി എന്താണെന്നു ചോദിച്ചാൽ വാർദ്ധക്യത്തിലുള്ളവരെ വേണ്ടതുപോലെ പരിചരിക്കുവാൻ മടി കാണിക്കുന്ന ഒരു തലമുറയുടെ മദ്ധ്യേയാണ് ഇന്നു നാം കഴിയുന്നത്. ഏറ്റവും ശ്രേഷ്ഠതയോടെ ആ പിതാവിന്റെ ഇഷ്ടാനിഷ്ടങ്ങൾക്ക് വിധേയമായി പരിചരിച്ച് തിരുമേനിയെ വളരെ സന്തോഷത്തോടെ, സംതൃപ്തിയോടെ, കനാൻനാട്ടിലേക്ക് അഥവാ സ്വർഗ്ഗസന്നിധിയിലേക്കുള്ള മടക്കയാത്രയ്ക്ക് ഒരുക്കിയ ഈവാനിയോസ് തിരുമേനിയോടും, ബർണബാസ് തിരുമേനിയെ ശുശ്രൂഷിച്ച വൈദികരോടും, കുഞ്ഞുങ്ങളോടുമൊക്കെയുള്ള സ്നേഹം പ്രത്യേകമായിട്ട് ഞാൻ അറിയിക്കുകയാണ്.

അതുപോലെതന്നെ തിരുമേനിയുടെ ഒരു അന്ത്യാഭിലാഷമായിരുന്നു തന്റെ ഇടവക ദേവാലയത്തിൽ തന്നെ തനിക്ക് അന്ത്യവിശ്രമം കൊള്ളണം എന്നുള്ളത്. അത് സഭയ്ക്ക് നിറവേറ്റാതിരിക്കാൻ നിവൃത്തിയില്ല. കാരണം, ഒരു അന്ത്യാഭിലാഷംപോലെ അത് പറയുമ്പോൾ സഭയ്ക്ക് അത് കേട്ടില്ലെന്ന് നടിക്കാനാവില്ല. സാധാരണഗതിയിൽ അങ്ങനെ ഇപ്പോഴൊന്നും ഉണ്ടാകാറില്ല. കാരണം സഭയുടെ ഒരു പൊതുവായ സ്ഥാപനത്തിലോ ഏതെങ്കിലും അരമനകളിലോ ഒക്കെ ആയിരിക്കും മരണാനന്തര ശുശ്രൂഷകളും കർമ്മങ്ങളുമൊക്കെ നടത്തുവാൻ ഇടയാകുന്നത്. ഈ പിതാവിന്റെ താൽപര്യം ഇതായിരുന്നുവെന്നുള്ളതുകൊണ്ട് സഭ സ്നേഹത്തോടെ തന്നെ അത് അംഗീകരിക്കുകയായിരുന്നു. കർത്തൃസന്നിധിയിൽ ഈ പിതാവ് നമുക്കുവേണ്ടി തീർച്ചയായും പ്രാർത്ഥിക്കും. ആ പ്രാർത്ഥന നമുക്കൊരു പുണ്യമാണ്, ബലമാണ്. ഇതാണ് മലങ്കരസഭയുടെ ഏറ്റവും വലിയ സ്വത്ത്. അതല്ലാത്ത സ്വത്തുക്കളൊക്കെ നമുക്ക് എത്രയുണ്ടാകുന്നതുകൊണ്ടും വലിയ വിശേഷമൊന്നുമുണ്ടെന്ന് എനിക്ക് വിചാരവുമില്ല. ദൈവസന്നിധിയിലേക്ക് യാത്രയായിക്കൊണ്ടിരിക്കുന്ന ബർണബാസ് തിരുമേനിയുടെ പ്രാർത്ഥനയും മദ്ധ്യസ്ഥതയും നമുക്ക് കോട്ടയായിരിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. നമുക്കും തിരുമേനിക്കുവേണ്ടി പ്രാർത്ഥിക്കാം. ആ വിധത്തിലുള്ള ഒരു ആദ്ധ്യാത്മികമായ ബന്ധം നമുക്ക് പുലർത്താൻ ഇടയാകട്ടെ.

(മാത്യൂസ് മാർ ബർണബാസ് തിരുമേനിയെക്കുറിച്ച് പാമ്പാടി ദയറായിലും വളയൻചിറങ്ങരയും പ. പിതാവ് നടത്തിയ അനുസ്മരണങ്ങൾസമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്).

❑

വചനതീർത്ഥം



സമർപ്പണ ജീവിതത്തിന് ഒരാമുഖം

(സ്നാപക യോഹന്നാന്റെ ജനനം)

(വി. ലൂക്കോസ് 1:57–80)

ഫാ. യോഹന്നാൻ കെ.
(സെന്റ് തോമസ് ഓർത്തഡോക്സ് സെമിനാരി, നാഗ്പ്പൂർ)

ഈ ഭൂമിയിലേക്ക് പിറന്നുവീഴുന്ന ഓരോ ശിശുവും ദൈവകരുണയുടെ വെളിപ്പാടലുകൾ ആകുന്നു. ദൈവം തന്റെ സൃഷ്ടിയെ സ്നേഹിക്കുകയും, കരുതുകയും ചെയ്യുന്നു എന്നുള്ളതിന്റേയും കൂടി അടയാളമാണ് ഓരോ പൈതലിന്റെയും ജനനത്തിൽ കൂടി നാം മനസ്സിലാക്കേണ്ടത്. ഏവർക്കും ആദരണീയരായ, പുരോഹിതനായ സഖറിയായും ഭാര്യയായ എലിസബത്തും, അവരുടെ കുഞ്ഞിന്റെ ജനനത്തിലൂടെ കൂടുതൽ ബഹുമാനിക്കപ്പെടുന്നു. ക്രിസ്തുവിന്റെ മുന്നോടിയായി, രക്ഷകന് വഴിയൊരുക്കാൻ ഈ ലോകത്തിലേക്ക് പിറന്നുവീണ ദൈവകരുണയുടെ സ്പർശമായ സ്നാപക യോഹന്നാന്റെ ജനനവും, തുടർന്നുണ്ടാകുന്ന സംഭവവികാസങ്ങളുമാണ് ഇന്നത്തെ സുവിശേഷം.



1. കുഞ്ഞുങ്ങൾ ദൈവത്തിന്റെ ദാനങ്ങൾ

'മക്കൾ യഹോവയുടെ പ്രതിഫലമാണ്' എന്നുള്ള ശലോമോന്റെ ആരോഹണഗീതം യിസ്രായേൽ മക്കളുടെയിടയിൽ പാടിപ്പഴകിയ ഒരു സങ്കീർത്തനമാണ്. അതുകൊണ്ടുതന്നെ യോഹന്നാന്റെ ജനനം മാതാപിതാക്കൾക്കും അയൽക്കാർക്കും സന്തോഷമുളവാക്കുന്നു. മനുഷ്യരുടെ കഴിവുകൾക്കോ, സാദ്ധ്യതകൾക്കോ അപ്രാപ്യമായിരുന്ന ഒന്ന് ഇന്ന് വെളിപ്പെട്ടിരിക്കുന്നു. ഇന്നത്തെ പഴയനിയമ വായനയിലും ഈ സത്യം വെളിപ്പെടുന്നുണ്ട്. യിശ്മായേൽ, മോശ, ഒബേദ് എന്നീ പൈതങ്ങളുടെ ജനനത്തെപ്പറ്റി നാം വായിക്കുന്നു.

തന്റെ ഭാര്യയായ സാറയുടെ ദാസിയായ ഹാഗാറിൽ വിശ്വാസികളുടെ പിതാവായ അബ്രഹാമിന് ഉണ്ടായ മകനാണ് യിശ്മായേൽ. പരീക്ഷണഘട്ടങ്ങളുടെ ഒരു വേളയിൽ അബ്രഹാമിന് ഹാഗാറിനേയും കുഞ്ഞിനേയും ഉപേക്ഷിക്കേണ്ടതായി വരുന്നു. മരുഭൂമിയിൽ അല്പ ജലം പോലും കിട്ടാതെ തന്റെ കുഞ്ഞ് മരിക്കേണ്ടി വരുന്നത് കാണാൻ കെൽപില്ലാതെ കണ്ണുപൂട്ടിക്കരയുന്ന ഹാഗാറിന്റെയടുത്ത് ദാഹജലം നൽകി ദൈവം അനുഗ്രഹിക്കുന്നു. യിശ്മായേലിനെ ഒരു വംശത്തിന്റെ (ഏദോം) പിതാവാക്കുന്നു.

ജനിച്ചുവീഴുന്ന എല്ലാ ആൺപൈതങ്ങളേയും കൊല്ലാൻ കല്പിച്ച ഒരു രാജാവിന്റെ കൈയിൽ നിന്ന് അത്ഭുതകരമായി മോശ എന്ന പൈതൽ രക്ഷപെടുന്നു. പിന്നീട് ആ ബാലനാണ് യിസ്രായേലിന്റെ സംരക്ഷകനായി തീരുന്നത്.

തലമുറകളെ കാണാതെ ഒടുങ്ങുമായിരുന്ന നവോമി എന്ന സ്ത്രീയുടെ ജീവിതത്തിലേക്ക് വളരെ നാടകീയമായി ഓബേദ് എന്ന പൈതൽ കടന്നുവരുന്നു. ആ പൈതലാണ് യിസ്രായേലിന്റെ എക്കാലത്തേയും മഹത്വമുള്ള രാജാവായ ദാവീദിന്റെ പിതാമഹനായിത്തീർന്നത്.

ഈ പൈതങ്ങളുടെ ജീവിതം നമ്മെ കാണിക്കുന്നത്, ദൈവ കരുണയുടെ വെളിപ്പാടലുകളാണ്. വിശപ്പു സഹിക്കാതെ, മണ്ണു തിന്നു വളരുന്ന തിരുവനന്തപുരം സെക്രട്ടേറിയറ്റിനടുത്തുള്ള ഉപ്പിടാംമൂട് പാലത്തിനടുത്ത് താമസിക്കുന്ന കുഞ്ഞുങ്ങൾ വരെ ഇതിനുദാഹരണം.

അതെ, ഓരോ കുഞ്ഞുങ്ങളും ദൈവദാനങ്ങളാണ്. അവരെ സംരക്ഷിക്കുകയും, സഹായിക്കുകയും ചെയ്യേണ്ടത് നമ്മുടെ കടമയും. അവർ നാളെയുടെ ഭാവി വാഗ്ദാനങ്ങളായി വളരട്ടെ.

2. ദൈവസമർപ്പണത്തിൽ കുഞ്ഞുങ്ങൾ വളരുക

ശിശു ജനിച്ച് 8-ാം ദിവസം പരിഛേദന കഴിക്കണം എന്നാണ് യഹൂദ നിയമം (ഉൽപത്തി 17:12, 21:4, ലേവ്യ പുസ്തകം 12:3). പൈതലിനെ ദൈവ സമർപ്പണത്തിൽ വളർത്തുക എന്നതാണ് അതുകൊണ്ട് അർത്ഥമാക്കുന്നത്. പേരിടൽ നടത്തിയിരുന്നത് ജനനസമയത്തും ആയിരുന്നു (ഉൽപത്തി 21:3, 25:25–26). പിന്നീടാണ് പേരിടലും, പരിഛേദനയും ഒരേ ദിവസം തന്നെ നടത്തിയിരുന്നത്. സംസാരശേഷിയില്ലാതിരുന്ന സഖറിയയുടെ മനസ്സറിഞ്ഞു തന്നെയാണ് എലിസബത്ത് തന്റെ കുടുംബത്തിൽത്തന്നെ ഇല്ലാത്ത 'യോഹന്നാൻ' എന്ന പേര് നിർദ്ദേശിക്കുന്നത്. മൗനത്തിലും തന്റെ സഖിയുടെ മനസ്സ് അറിയുന്നയാൾ. ഇത് ഒരു ഉത്തമ കുടുംബജീവിതത്തിന്റെ മാതൃകയാണ്. ഇന്ന് വാക്കുകൾകൊണ്ട് നാം വാചാലരാകുമ്പോൾ മനസ്സുകൊണ്ട് മൗനത്തിലാകുന്നു.

ശിശുവിന്റെ ജനനത്തോടുകൂടി സഖറിയയ്ക്ക് സംസാരശേഷി വീണു കിട്ടുന്നു. പരിശുദ്ധാത്മാവിന്റെ ആവാസം സഖറിയായ്ക്കു ലഭിക്കുന്നു. യിസ്രായേലിന്റെ ദൈവമായ കർത്താവ് അനുഗ്രഹിക്കപ്പെട്ടവൻ എന്നുള്ള വളരെ പ്രശസ്തമായ സങ്കീർത്തനഗാനമാണ് (1 ശമു. 25:32, 1 രാജാ. 1:48, 8:15, സങ്കീ. 40:13, 71:18, 105:48, 1, 1 ദിന. 16:36) സഖറിയ പാടുന്നത്. അയൽക്കാർ സന്തോഷിക്കുന്നു. എലിസബത്തിന് തനിക്കുണ്ടായ നിന്ദയ്ക്ക് അറുതി വന്നിരിക്കുന്നു. 'അവൻ തന്റെ ജനത്തെ സന്ദർശിച്ചു' എന്നുള്ള സഖറിയയുടെ വചനം ദൈവത്തിന്റെ ഈ മഹാകരുണയെ ആണ് കാണിക്കുന്നത്.

ജനിച്ചുവീണ പൈതലിനേപ്പറ്റിയും സഖറിയ പാടുന്നുണ്ട്. അത്യുന്നതനായ ദൈവത്തിനു വഴിയൊരുക്കുവാൻ വിളിക്കപ്പെട്ടവനാണ് യോഹന്നാൻ. ക്രിസ്തുവിന്റെ രക്ഷാപദ്ധതിയിലെ ആദ്യ കണ്ണിയാവുകയാണ് യോഹന്നാൻ. അതിനാലാണ് പൈതലിന്റെ വളർച്ചയിൽ ദൈവാത്മാവിന്റെ സാന്നിദ്ധ്യം ഉണ്ടാകുന്നത്. മരുഭൂമി എന്നത് ദൈവസംസർഗ്ഗത്തിന്റെയും കരുതലിന്റെയും ഇടം കൂടിയാണ്. ലൗകികമായ സാഹചര്യങ്ങളല്ല, ആത്മികമായ വളർച്ചയ്ക്ക് നിദാനം എന്നുള്ളത് യോഹന്നാന്റെ വളർച്ചയെപ്പറ്റിയുള്ള പ്രതിപാദനത്തിൽ കൂടി നാം മനസ്സിലാക്കുന്നു.

ദൈവസമർപ്പണത്തിലും ദൈവാശ്രയബോധത്തിലും നമ്മുടെ കുഞ്ഞുങ്ങൾ വളരുവാനുള്ള സാഹചര്യം നാം ഒരുക്കുക. ലോകപ്രകാരമുള്ള മോഹങ്ങൾക്കൊണ്ട് സഞ്ചരിക്കാതിരിക്കാൻ അവരെ ശീലിപ്പിക്കുക. ഓരോ കുഞ്ഞിനും ദൈവത്തിന്റെ ഹിതം നിറവേറ്റുവാനുള്ള കടമയുണ്ട് എന്ന് ചെറുതിലേ തന്നെ ബോധിപ്പിക്കുക. അങ്ങനെ ക്രിസ്തുവിന്റെ രക്ഷാപദ്ധതിയിലെ കണ്ണികളാകുവാൻ ഓരോ ജീവനും കഴിയട്ടെ.

❑

മുളന്തുരുത്തി പള്ളി പോലീസ് പ്രൊട്ടക്ഷൻ കേസ് ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു

എറണാകുളം: മുളന്തുരുത്തി മാർത്തോമൻ പള്ളിയെ സംബന്ധിച്ച ഓർത്തഡോക്സ് വിഭാഗം നൽകിയ പോലീസ് പ്രൊട്ടക്ഷൻ കേസ് ഹൈക്കോടതി ഫയലിൽ സ്വീകരിച്ചു. സർക്കാരിനുവേണ്ടി ഗവ. പ്ലീഡർ കോടതിയിൽ ഹാജരായി. സർക്കാരിന്റെ മറുപടി എഴുതി സമർപ്പിക്കുവാൻ കോടതി ആവശ്യപ്പെടുകയും, എതിർകക്ഷികളായ മെത്രാപ്പോലീത്താ ഉൾപ്പെടെയുള്ളവർക്ക് പ്രത്യേക ദൂതൻ വശം അതിവേഗ നോട്ടീസ് അയക്കുവാനും ഉത്തരവായി.



Graduation ceremony -St: gregorios College of Nursing

ഹോളി ഇന്നസെന്റ്സ് അവാർഡ് ഫാ. ഡേവിസ് ചിറമേലിന്

ചെങ്ങന്നൂർ: മെഴുവേലി ഹോളി ഇന്നസെന്റ്സ് വലിയപള്ളി തീർത്ഥാടന കേന്ദ്രത്തിന്റെ പെരുന്നാളിനോട് അനുബന്ധിച്ചു നൽകുന്ന പ്രഥമ ഹോളി ഇന്നസ്ന്റ്സ് അവാർഡിന് ഫാ. ഡേവിസ് ചിറമേൽ അർഹനായി. സാമൂഹ്യ-ജീവകാരുണ്യ-പരിസ്ഥിതി സംരക്ഷണ മേഖലകളിൽ ഉള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളെ മുൻനിർത്തിയാണ് അവാർഡ്. ഡിസം. 26-ന് ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ് അവാർഡ് നൽകി ആദരിക്കും.





മദ്രാസ് ഭദ്രാസനത്തിന്റെ മിഷൻ സെന്ററായ ദിണ്ടിഗൽ മാർ അൽവാറീസ് യൂലിയോസ് സെന്ററിൽ പുതിയതായി നിർമിക്കുന്ന റിട്രീറ്റ് സെന്ററിന്റെ കല്ലിടീൽ കർമ്മം മദ്രാസ് ഭദ്രാസനാധിപൻ ഡോ.യൂഹാനോൻ മാർ ദീയസ്കോറോസ് നിർവ്വഹിച്ചു.

പുരസ്കാരം ലഭിച്ചു

ന്യൂഡൽഹി: ഭിന്നശേഷിക്കാരുടെ ശാക്തീകരണത്തിനുള്ള കേന്ദ്ര സാമൂഹിക നീതി മന്ത്രാലയത്തിന്റെ പുരസ്കാരം ഡിസംബർ 3-ന് ഡൽഹി വിജ്ഞാൻ ഭവനിൽ നടന്ന ചടങ്ങിൽ ഉപരാഷ്ട്രപതി എം.വെങ്കയ്യ നായിഡുവിൽ നിന്ന് ടി. ജെ. മാത്യു സ്വീകരിച്ചു. ചെങ്ങന്നൂർ പിരളശേരി സ്വദേശിയായ മാത്യു ചെന്നൈ ആവഡി എച്ച്.വി.എഫ് സെൻറ് ജോർജ് ഇടവകാംഗമാണ്. മദ്രാസ് ഭദ്രാസനാധിപൻ ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്ത പുരസ്കാര ജേതാവായ മാത്യുവിന് ആശംസാസന്ദേശം അയക്കുകയും ആദരവ് അറിയിക്കുകയും ചെയ്തു.



തിരുവനന്തപുരം ഭദ്രാസനത്തിന്റെ ക്രിസ്മസ് സംഗമം ഉദ്ഘാടനം.

വിഘടിത വിഭാഗം വൈദികർക്ക് നിരോധനം

എറണാകുളം: അങ്കമാലി ഭദ്രാസനത്തിലെ പീച്ചാനിക്കാട് താബോർ പള്ളിയിൽ വിഘടിത വിഭാഗം വൈദികർക്ക് നിരോധനം ഏർപ്പെടുത്തി ഹൈക്കോടതി ഉത്തരവായി. മലങ്കര ഓർത്തഡോക്സ് സഭക്കു വേണ്ടി അഡ്വ. ശ്രീകുമാർ, റോഷൻ ഡി. അലക്സാണ്ടർ എന്നിവർ ഹാജരായി.



ഫാ. മത്തായി നൂറനാലിന്റെ സ്മരണാർത്ഥം ബത്തേരി സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ ഏർപ്പെടുത്തിയ അഞ്ചാമത് ഫാ. മത്തായി നൂറനാൽ അവാർഡ് ഫാ. ജോബി ജോർജ് സ്വീകരിക്കുന്നു.



പ. ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവയുടെ നാൽപ്പത്തിനാലാം ഓർമ്മ പെരുന്നാളിനോട് മുന്നോടിയായി ദേവലോകം അരമനയിൽ ദേവലോകം അരമന മാനേജർ ഫാ. എം. കെ. കുര്യൻ കൊടിയേറ്റുന്നു. ഓർമ്മ പെരുന്നാൾ ഡിസംബർ 7, 8 തീയതികളിൽ ദേവലോകം അരമനയിൽ കൊണ്ടാടും.

കട്ടച്ചിറ പള്ളിയിൽ അനധികൃതമായി മൃതദേഹം സംസ്കരിച്ചു, സംഭവത്തിൽ 56 പേർക്കെതിരെ കേസ്

ആലപ്പുഴ: കായംകുളം കട്ടച്ചിറ പള്ളിയിൽ സഭാതർക്കത്തെ തുടർന്ന് സെമിത്തേരിയിൽ സംസ്കരിക്കാനാകാതെ വീടിന് മുന്നിൽ പേടകത്തിൽ സൂക്ഷിച്ചിരുന്ന 91 കാരിയുടെ മൃതദേഹം സംസ്കരിച്ചു. പൊലീസ് കാവൽ മറികടന്നാണ് യാക്കോബായ വിഭാഗക്കാർ പള്ളിയിൽ പ്രവേശിച്ചത്. സംഭവത്തിൽ കണ്ടാലറിയാവുന്ന 56 യാക്കോബായ വിഭാഗക്കാർക്കെതിരെ പൊലീസ് കേസെടുത്തു.

പുലർച്ചെ അഞ്ചരയോടെയാണ് പൊലീസ് കാവൽ മറികടന്ന് യാക്കോബായ വിഭാഗക്കാർ മൃതദേഹവുമായി പള്ളിയിൽ കയറി സംസ്കാരം നടത്തിയത്. കഴിഞ്ഞ ഒക്ടോബർ 28-നാണ് യാക്കോബായ വിഭാഗക്കാരിയായ മറിയാമ്മ രാജൻ മരിച്ചത്. യാക്കോബായ വിഭാഗത്തിന്റെ പിടിവാശി കാരണം സംസ്കാരം നടത്താനാകാതെ മൃതശരീരം പ്രത്യേക പേടകത്തിൽ വീടിനു മുന്നിൽ സൂക്ഷിച്ചിരിക്കുകയായിരുന്നു. ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ സുപ്രീം കോടതി വിധി, നടപ്പാക്കിയ പള്ളിയാണ് കട്ടച്ചിറയിലേത്. സംസ്കാര ചടങ്ങുകൾക്ക് ഇപ്പോഴത്തെ പള്ളി വികാരി തന്നെ കാർമികത്വം വഹിക്കണമെന്ന് ഓർത്തഡോക്സ് സഭയും, ഇത് അംഗീകരിക്കാനാവില്ലെന്ന് യാക്കോബായ വിഭാഗവും നിലപാടെടുത്തു. ഇതോടെയാണ് 91 കാരിയുടെ സംസ്കാരം 38 ദിവസം വൈകിയത്.

തർക്കങ്ങളും സംഘർഷങ്ങളും കാരണം മേഖലയിൽ പൊലീസ് പ്രഖ്യാപിച്ച നിരോധനാജ്ഞ നിലവിലുണ്ട്. പള്ളിയിൽ അതിക്രമിച്ചു കയറൽ, കലാപം ഉണ്ടാക്കാൻ ശ്രമം, പൊലീസിൻറെ ജോലി തടസ്സപ്പെടുത്തൽ എന്നീ വകുപ്പുകൾ ചുമത്തി 56 യാക്കോബായ വിഭാഗക്കാർക്ക് എതിരെ കുറത്തികാട് പൊലീസ് കേസെടുത്തു.

മൃതദേഹം ആരുടേത് എന്ന് ഉറപ്പുവരുത്തണം: ഓർത്തഡോക്സ് സഭ

മാവേലിക്കര: കട്ടച്ചിറ സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളിയിൽ ഡിസംബർ 6-ന് പുലർച്ചെ നടന്ന സംഭവം അതി ഗുരുതരമെന്ന് ഓർത്തഡോക്സ് സഭ. സംഭവത്തിൽ അടിയന്തിര അന്വേഷണം നടത്താൻ പോലീസ് തയ്യാറാകണമെന്നും ഓർത്തഡോക്സ് സഭ ആവശ്യപ്പെട്ടു.

'ദേവാലയത്തിൽ സ്ഥാപിച്ചിട്ടുള്ള സി സി ടി വി ക്യാമറയിൽ നിന്നും വ്യക്തമാകുന്നത് പ്രകാരം ഡിസംബർ 6, വെള്ളിയാഴ്ച പുലർച്ചെ 5.30 ഓടു കൂടി ഒരു സംഘം ആളുകൾ പള്ളി സെമിത്തേരിയുടെ ഗേറ്റ് തകർത്ത് അകത്തു പ്രവേശിക്കുകയും ആരുടെയോ ഒരു മൃതദേഹം പള്ളി സെമിത്തേരിയിൽ അടക്കം ചെയ്യുന്നതുമാണ്. മൃതദേഹം ആരുടേത് എന്ന് വ്യക്തമല്ല. അജ്ഞാതമായ ഒരു മൃതദേഹം ഇരുട്ടിന്റെ മറവിൽ സംസ്കരിക്കുന്നത് അതി ഗുരുതരമായ ക്രിമിനൽ കുറ്റമാണ്. സംഭവത്തെ പറ്റി പോലിസ് അടിയന്തിരമായി അന്വേഷണം നടത്തണം. മൃതദേഹം ആരുടേത് എന്ന് ഉറപ്പുവരുത്തണം. ഇല്ലാത്ത പക്ഷം അജ്ഞാത മൃതദേഹങ്ങൾ ഇത്തരത്തിൽ ആളുകൾ യാതൊരു തെളിവുകളും കൂടാതെ പള്ളി സെമിത്തേരികളിൽ മറവ് ചെയ്യുന്ന സാഹചര്യം സൃഷ്ടിക്കപ്പെടും. ഇത് ഗുരുതര ക്രിമിനൽ കുറ്റമാണ്. പള്ളി സെമിത്തേരികളിൽ സംസ്കരിക്കുന്ന മൃതദേഹങ്ങൾ സംബന്ധിച്ച കൃത്യമായ വിവരങ്ങൾ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കേണ്ടത് അതാതു പള്ളി വികാരിമാരുടെ ഉത്തരവാദിത്തമാണെന്നിരിക്കെ ഇരുട്ടിന്റെ മറവിൽ അജ്ഞാത മൃതദേഹങ്ങൾ സംസ്കരിക്കുന്നത് തെളിവുകൾ ഇല്ലാതാക്കും.' കട്ടച്ചിറ സെന്റ് മേരീസ് പള്ളി വികാരി ഫാ. ജോൺസ് ഈപ്പൻ വ്യക്തമാക്കി.

'സംസ്കാരം നടത്തുന്നത് സംബന്ധിച്ച് ഓർത്തോഡോക്സ് സഭയുടെ നിലപാട് നേരത്തെ തന്നെ സഭ വ്യക്തമാക്കിയിട്ടുള്ളതാണ്. രാജ്യത്തെ പരമോന്നത കോടതിയുടെ വിധി അനുസരിച്ച് അതാത് പള്ളികളിലെ നിയമാനുസൃത വികാരിമാരുടെ നേതൃത്വത്തിൽ സഭ വിശ്വാസികളുടെ സംസ്കാരം നടത്താൻ ഓർത്തഡോക്സ് സഭ സദാ സന്നദ്ധവുമാണ്. ഈ അവസരത്തിൽ സർക്കാർ ഇടപെട്ട് ഓർത്തോഡോക്സ് സഭയുമായി സംസ്കാരത്തെ സംബന്ധിച്ച് ധാരണ ഉണ്ടാക്കി എന്ന് ചില മാധ്യമങ്ങളിൽ വരുന്ന വാർത്തകൾ സത്യ വിരുദ്ധവും, പ്രതിഷേധാത്മകവുമാണ്. സംഭവത്തിൽ അന്വേഷണം ആവശ്യപ്പെട്ട് റവന്യൂ പോലീസ് അധികൃതർക്ക് പരാതി നൽകിയിട്ടുണ്ട്.' അദ്ദേഹം കൂട്ടിച്ചേർത്തു.



The first Shantigram Patron's Award was presented to M. G. George Muthoot

Shantigram Project is a community project established in the year 1998, by the Late Lamented H.G. Job Mar Philoxenos, Former Metropolitan of Delhi Diocese. It operates under the aegis of Sophia Society and is situated in the Mandawar Village of Sohna District, Haryana.

Shantigram Vidya Niketan School is a CBSE affiliated co -ed School and operates within the Shantigram Project. The School now into its 20th year celebrated the Annual Day and Founder's Day on 5th December 2019 at Mar Philoxenos Nagar, with the motto "Serve the Deserved".

The function was inaugurated by H.G. Dr. Youhanon Mar Demetrios, Metropolitan of Delhi Diocese and President of the Sophia Society. The Chief Guest was Shri. K. Koshy IPS, the Retired DGP of Haryana. Rev. Fr. Saji Yohannan, the Diocesan Secretary of Delhi Diocese also graced the occasion.

On the occasion, the first Shantigram Patron's Award was presented to Shri M. G. George Muthoot (Former Lay Trustee of the Malankara Orthodox Syrian Church and Chairman of Muthoot Groups) for his outstanding contribution to the society and particularly to Shantigram. He is an eminent personality who accomplished the will of God through his life. His life is fully dedicated to serve the humanity and society.



യുവജനപ്രസ്ഥാനം കോട്ടയം ഭദ്രാസനത്തിന്റെ നേതൃത്വത്തിൽ ഞാലിയാകുഴി ദയറായിൽ നടന്ന തറവാട്ടിൽ ഒരു ദിനം എന്ന പരിപാടി നടത്തപ്പെട്ടു.